34th Year of Service 2026

NOT OUR MERIT BUT HIS GRACE · KERALA EXPRESS

# കേരളാ എക്സ്പ്രസ്

KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

August 24, 2026 Vol. XXXIV No. 34

4 മാർ ക്ലീമീസ് പ്രകാശം പരത്തുന്ന ബാവ

11 പോലീസ് അടിമുടി മാറുന്നു

15 പ്രമുഖ മാധ്യമപ്രവർത്തകരെ ആദരിച്ചു

16 സ്വാതന്ത്ര്യദിനാഘോഷം മെൽബണിൽ വർണ്ണാഭമായി

25 സീനിയർ മിനിസ്ട്രിയുടെ ഓണാഘോഷം

## ഓണാശംസകൾ!



ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും ഒപ്പംതന്നെ സമാധാനത്തിന്റെയും ഒരു നല്ല നാളെയെ സ്വപ്നം കണ്ട് ഗൃഹാതുരത്വമുണർത്തുന്ന ഓർമ്മകളുമായി ലോകമെങ്ങുമുള്ള മലയാളികൾക്ക് ഒരു പൊന്നോണം കൂടി വരവായി.

കേരളാ എക്സ്പ്രസ്സിന്റെ എല്ലാ മാന്യവായനക്കാർക്കും ഒരായിരം ഓണാശംസകൾ...!

# മൂവാറ്റുപുഴ ജില്ല രൂപീകരിക്കുന്നതിൽ നിർണായക പ്രഖ്യാപനവുമായി മുഖ്യമന്ത്രി

മൂവാറ്റുപുഴ: മൂവാറ്റുപുഴ ജില്ല രൂപവത്കരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾക്കായി അതിർത്തി പുനർ നിർണയ കമ്മീഷനെ നിയമിക്കുമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. മൂവാറ്റുപുഴ നഗരസഭയുടെ 'ത്രിവേണിയോണം' ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. ജില്ലാ രൂപവത്കരണം സർക്കാർ ഗൗരവമായി പരിഗണിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. മൂവാറ്റുപുഴ നിവാസികൾക്കുള്ള ഓണസമ്മാനമാണിത്. പാർശ്വവത്കരിക്കപ്പെട്ട മൂവാറ്റുപുഴയ്ക്ക് നഷ്ടപ്പെട്ടതെല്ലാം പലിശസഹിതം തിരിച്ചുതരും. എല്ലാ സങ്കടങ്ങളും വിഷമങ്ങളും മാറ്റും- മുഖ്യമന്ത്രി പറഞ്ഞു. ചടങ്ങിൽ മുഖ്യമന്ത്രിക്ക് മുന്നേ പ്രസംഗിച്ച ഡോ. മാത്യു കുഴൽനാടൻ എം.എൽ.എയും മുൻ എം.എൽ.എ.



ജോസഫ് വാഴയ്ക്കനുമാണ് മൂവാറ്റുപുഴ ജില്ല എന്ന ആവശ്യം ഉന്നയിച്ചത്. മുഖ്യമന്ത്രി എത്തുന്നതിന് മുൻപ് സംസാരിച്ച വാഴയ്ക്കൻ ജില്ലയോടൊപ്പം മറ്റ് ടൂറിസം വികസന പദ്ധതികളും മൂവാറ്റുപുഴക്കെത്തേണ്ടതുണ്ടെന്ന് പറഞ്ഞു. മുഖ്യമന്ത്രി വേദിയിലിരിക്കേ മാത്യു കുഴൽനാടൻ എം.എൽ.എ അദ്ധ്യക്ഷപ്രസംഗത്തിൽ മൂവാറ്റുപുഴക്കാർ ഏറെനാളായി ആഗ്രഹിക്കുന്ന ജില്ലയെക്കുറിച്ചും മറ്റ് വികസന സ്വപ്നങ്ങളെക്കുറിച്ചും പരാമർശിച്ചു. മൂവാറ്റുപുഴയ്ക്കായി സമീപിച്ചപ്പോഴെല്ലാം പ്രത്യാശാപൂർണമായ മറുപടി നൽകിയ മുഖ്യമന്ത്രിയിൽനിന്ന് ഓണസമ്മാനം പ്രതീക്ഷിക്കുന്നു എന്നുകൂടി കുഴൽനാടൻ പറഞ്ഞു. ഇതോടെയാണ് തന്റെ പ്രസംഗത്തിനൊടുവിൽ മൂവാറ്റുപുഴ ജില്ല സംബന്ധിച്ച നിർണായക പ്രഖ്യാപനം മുഖ്യമന്ത്രി നടത്തിയത്.

## വിദേശയാത്ര സുഗമമാക്കാൻ പുതിയ പരിഷ്കാരം

ന്യൂഡൽഹി: ഇന്ത്യയിൽ നിന്ന് വിദേശത്തേക്ക് പോകുന്ന യാത്രക്കാർക്ക് ആശ്വാസമായി പേപ്പർ ബോർഡിംഗ് പാസുകളിൽ ഇമിഗ്രേഷൻ മുദ്ര പതിപ്പിക്കുന്നത് അവസാനിപ്പിക്കാൻ കേന്ദ്ര സർക്കാർ.

യാത്രക്കാർക്ക് സ്മാർട്ട് ഫോണുകളിലെ ഇ-ബോർഡിംഗ് പാസ് ഉപയോഗിച്ച് ഇമിഗ്രേഷൻ ക്ലിയറൻസ് പൂർത്തിയാക്കാൻ സാധിക്കുന്ന തരത്തിലാണ് പുതിയ മാറ്റം. സെപ്റ്റംബർ ഒന്നിന് പരിഷ്കരിച്ച രീതി പ്രാബല്യത്തിൽ വരും.

വിദേശത്തേക്ക് യാത്ര ചെയ്യുന്നവർക്ക് സുരക്ഷാപരിശോധനകൾക്കു മുമ്പ് ഇമിഗ്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. സാധാരണ ഇന്ത്യയിൽ നിന്നും പുറപ്പെടുന്ന യാത്രക്കാരുടെ പാസ്പോർട്ടിനൊപ്പം പേപ്പർ ബോർഡിംഗ് പാസുകളിലും ഇമിഗ്രേഷൻ സീൽ പതിപ്പിക്കുകയാണ് പതിവ്.

എന്നാൽ, ശരിയായ രീതിയിലല്ലാതെ സീൽ പതിപ്പിക്കുന്നതുകൊണ്ടുണ്ടാകുന്ന ആശയക്കുഴപ്പങ്ങളും പിശകുകളും പരിഹരിക്കുകയാണ് ലക്ഷ്യം.

അതേസമയം, പേപ്പർ ബോർഡിംഗ് പാസുകൾ കൈവശമുള്ളവർക്ക് അത് ഉപയോഗിക്കാമെങ്കിലും അതിലും സീൽ പതിപ്പിക്കില്ല. മുമ്പുതന്നെ സിഐഎസ്എഫിന്റെ സുരക്ഷാപരിശോധനാ സമയത്ത് ബോർഡിംഗ് പാസുകളിൽ മുദ്ര പതിപ്പിക്കുന്നത് നിർത്തിവെച്ചിരുന്നു.

ഇതിനുപുറമെ ഇന്ത്യൻ പാസ്പോർട്ടുകളിൽ ഇമിഗ്രേഷൻ എൻട്രി, എക്സിറ്റ് സീലുകൾ പതിപ്പിക്കുന്ന രീതിയും ഉടൻതന്നെ അവസാനിപ്പിക്കാൻ അധികൃതർ പദ്ധതിയിടുന്നുണ്ട്. നിലവിൽ ഇതിന്റെ ട്രയൽ റൺ നടന്നുവരികയാണ്.

# ഒറ്റത്തെരഞ്ഞെടുപ്പ് ലക്ഷ്യമിട്ട് കേന്ദ്രം

ന്യൂഡൽഹി: എൻഡിഎ അധികാരത്തിലുള്ള 22 സംസ്ഥാന-കേന്ദ്രഭരണ പ്രദേശങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പ് 2029-ലെ ലോക്സഭാ തെരഞ്ഞെടുപ്പിനൊപ്പം നടത്താൻ ആലോചന. ഒരു രാജ്യം ഒറ്റത്തെരഞ്ഞെടുപ്പ് പദ്ധതി നടപ്പാക്കാനുള്ള ബില്ലുകൾ പരിഗണിക്കുന്ന സംയുക്ത പാർലമെന്ററി സമിതിയുടെ (ജെപിസി) റിപ്പോർട്ട് കൈമാറാൻ ഇനിയും സമയമെടുക്കും. ഇതിനിടെയാണ് കേന്ദ്ര സർക്കാരിന്റെ പുതിയ നീക്കം. ബിൽ പാർലമെന്റിൽ പാസാക്കിയാൽ 2034-ലെ പൊതുതെരഞ്ഞെടുപ്പും നിയമസഭാ തെരഞ്ഞെടുപ്പുകളും നടത്താനായിരുന്നു പദ്ധതി. ഇതിന് 15 ഭരണഘടനാ ഭേദഗതികൾ ഉൾപ്പെടെയുള്ള നിയമപരിഷ്കാരങ്ങൾ ആവശ്യമാണ്.

നിലവിലെ സാഹചര്യത്തിൽ ഇത് വെല്ലുവിളിയാകും. എന്നാൽ, എൻഡിഎ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ നിയമസഭകൾ കാലാവധി തീരുന്നതിനു മുൻപേ പിരിച്ചുവിടുന്നത് വെല്ലുവിളിയാകില്ലെന്നാണ് കണക്കുകൂട്ടൽ. ഈ 22 സംസ്ഥാനങ്ങളിൽ 11 എണ്ണത്തിൽ രണ്ട് വർഷത്തിനുള്ളിൽ തെരഞ്ഞെടുപ്പ് നടക്കേണ്ടതാണ്. ഇവിടെ വീണ്ടും അധികാരത്തിൽ വന്നാൽ 2029-ൽ നിയമസഭ പിരിച്ചുവിടാനാണ് നീക്കം.

അരുണാചൽപ്രദേശ്, ആന്ധ്രാപ്രദേശ്, സിക്കിം, ഒഡീഷ എന്നിവിടങ്ങളിൽ 2029-ലെ പൊതുതെരഞ്ഞെടുപ്പിന്റെ സമയത്തു തന്നെയാണ് നിയമസഭാ തെരഞ്ഞെടുപ്പ്. ബാക്കി 7 സംസ്ഥാനങ്ങളിൽ 2029-ന് ശേഷമാണ് കാലാവധി കഴിയുന്നത്. ഇവിടങ്ങളിലും നിയമസഭ നേരത്തെ പിരിച്ചുവിടാനാണ് നീക്കം.

# 72-ാമത് നെഹ്റു ട്രോഫി: അരോമ ചുണ്ടൻ ജേതാക്കൾ

ആലപ്പുഴ: പുന്നമടക്കായലിന്റെ ഇരുകരകളിലും തിങ്ങിനിറഞ്ഞ വള്ളംകളി പ്രേമികൾ ഒരേ മനസായി ആർപ്പും ആരവവുമുയർത്തവേ അവിസ്മരണീയമായൊരു പോരാട്ടത്തിലൂടെ നെഹ്റു ട്രോഫി കൊല്ലത്തേക്ക്. കൊല്ലം അരോമ ബോട്ട് ക്ലബ് നയിച്ച അരോമ-1 ചുണ്ടൻ 72-ാമത് നെഹ്റു ട്രോഫിയിൽ മുത്തമിട്ടു. 4.23.328 മിനിറ്റിൽ പുന്നമടയിലെ 1150 മീറ്റർ ട്രാക്കിലൂടെ പറന്ന് കന്നിയങ്കത്തിലൂടെയാണ് ചുണ്ടൻ കിരീടം നേടിയത്. എന്നാൽ 4.14.35 മിനിറ്റിൽ നെഹ്റു ട്രോഫി നേടിയ മുൻ റിക്കാർഡ് തകർക്കാനായില്ല. രഞ്ജിത്ത് സജീവ് കൊച്ചുമോനാണ് ക്യാപ്റ്റൻ.

അനു ആൽബർട്ട് പുലിക്കാട്ടിലും അന്ന റോസ് ജിന്റോയും ക്യാപ്റ്റൻമാരായുള്ള പിബിസി പുന്നമട എൻസിഎഫ്സി ബോട്ട് ക്ലബ് നയിച്ച നടുഭാഗം ചുണ്ടനാണ് രണ്ടാം സ്ഥാനം.

(ശേഷം 34-ാം പേജിൽ)



അരോമ ബോട്ട് ക്ലബ് നയിച്ച അരോമ-1 (10-ാം നമ്പർ) ചുണ്ടൻ ഒന്നാമതായി ഫിനിഷ് ചെയ്യുന്നു.

SUNNY FINANCIAL STRATEGIES

Forbes 2026 BEST-IN-STATE FINANCIAL SECURITY PROFESSIONALS SHOOK RESEARCH

Member MDRT

CFP

RETIRE WITH CONFIDENCE.
BUILD WEALTH WITH PURPOSE.

Integrated financial planning for retirees, pre-retirees, professionals, executives, and business owners.

ONE RELATIONSHIP • ONE PLAN • GREATER CLARITY



Tom Sunny, CFP®, CLU®, RICP®
Financial Planner & Wealth Advisor

COMPREHENSIVE FINANCIAL PLANNING

Six Key Planning Areas. One Coordinated Strategy.

- **Retirement & Financial Planning**
  Cash-flow planning • Social Security • Medicare • RMDs
  Build a sustainable, tax-aware retirement income plan
- **Tax-Smart Planning Strategies**
  Roth conversions • tax diversification • capital-gain planning
  Qualified plan deductions, withdrawal sequencing and CPAs
- **Wealth & Investment Management**
  Stocks • ETFs • mutual funds • bonds • advisory portfolios
  Alternatives, hybrid annuities, retirement optimization
- **Business & Executive Planning**
  Solo 401(k) • SEP IRA • cash balance • defined benefit
  Executive benefits, succession and continuity planning
- **401(k), IRA & Pension Rollovers**
  401(k) • 403(b) • 457(b) • TSP • pensions • IRAs
  Consolidate and gain investment and distribution flexibility
- **Estate, Legacy & Protection Planning**
  Wills • trusts • life • disability • long-term care
  Health & financial POAs, liquidity and wealth transfer

Plan Strategically. Invest Intentionally. Retire Confidently. Leave a Legacy.

COMPLIMENTARY FINANCIAL STRATEGY REVIEW

Identify gaps. Prioritize opportunities.
Gain access to your financial planning portal.

847-585-4931 | tom@sunnyfinancial.com
www.SunnyFinancial.com

SCAN TO CONNECT

Tom Sunny, Financial Adviser with Eagle Strategies LLC, a Registered Investment Adviser. Registered Representative offering securities through NYLIFE Securities LLC, Member FINRA/SIPC, a Licensed Insurance Agency. Sunny Financial Strategies LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.

Secure Tax Services

DBA SMALL BUSINESS ACCOUNTING LLC

Personal and Business Tax Services

*Free Electronic Filling*

TINO SIMON MUNDAPLACKIL
Phone: 630-635-3615
E-mail:tino@greatwaysinc.com
1001 E Chicago Ave, Suite 151
Naperville, IL 60540



LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

ACCIDENT ATTORNEYS

AV PREEMINENT® Peer Rated for Highest Level of Professional Excellence 2025

LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY

Fee Discounts On Certain Cases For Malayalee Clients

Home Visits Available



Steve Crifase
Steve@Crifaselaw.com

CRIFASE LAW FIRM, LTD.

312-855-0511

Free Consultation/Your Call Is Always Welcome Like A Family Friend



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB ACCREDITED BUSINESS A+ Rating Better Business Bureau

# വാഹന മോഡിഫിക്കേഷനെതിരെ ഹൈക്കോടതി

കൊച്ചി: വാഹന മോഡിഫിക്കേഷനെതിരെ മോട്ടർ വാഹന എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്കൊപ്പം പോലീസും കർശന നടപടിയെടുക്കണമെന്നു ഹൈക്കോടതി. ഒരു വാഹനത്തിൽ നടത്തുന്ന അനധികൃത രൂപമാറ്റം ഓരോന്നിനും 5,000 രൂപ വീതം പിഴ ഈടാക്കണം. അടൂരിൽ രക്ഷാപ്രവർത്തനത്തിനു പോയ ജീപ്പിൽ ആറ് മോഡിഫിക്കേഷൻ ഉണ്ടായിട്ടും ആകെ 5,000 രൂപ മാത്രം പിഴ ചുമത്തിയ പശ്ചാത്തലത്തിലാണ് ജസ്റ്റിസ് അനിൽ കെ. നരേന്ദ്രൻ, ജസ്റ്റിസ് എസ്. മുരളീകൃഷ്ണ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്. ഇക്കാര്യത്തിൽ നടപടിയെടുത്ത് റിപ്പോർട്ട് നൽകാൻ സർക്കാർ സമയം തേടി.

വിവിധ നിറത്തിലുള്ള എൽഇഡി ഉൾപ്പെടെ തീവ്രപ്രകാശമുള്ള ലൈറ്റുകൾ, റെഡ്-ബ്ലൂ സ്ട്രോബ് ലൈറ്റുകൾ, അനധികൃത സൈറൺ, വീൽ സ്പേസറുകൾ തുടങ്ങിയ നിയമലംഘനങ്ങളിൽ നടപടി വേണം. എതിർദിശയിൽ നിന്നു തീവ്രപ്രകാശം അടിച്ചാൽ ഡ്രൈവർമാരുടെ കാഴ്ചതെറ്റി വാഹനം അപകടത്തിൽപെടാൻ സാധ്യതയുണ്ട്. വാഹനത്തിന്റെ ബോഡിക്കു പുറത്തേക്കു ചക്രം തള്ളിനിൽക്കുന്ന തരത്തിൽ വീൽ സ്പേസറുകളും വീതിയേറിയ ടയറുകളും ഉപയോഗിച്ചാൽ വഴിയാത്രക്കാരുടെമേൽ ചെളിയും വെള്ളവും തെറിക്കും. കാൽനടക്കാർക്കും സൈക്കിൾ, ഇരുചക്ര വാഹനയാത്രക്കാർക്കും ഇത് അപകടമാണെന്നു കോടതി പറഞ്ഞു. സെപ്റ്റംബർ ഏഴിനു കേസ് വീണ്ടും പരിഗണിക്കും.

ചട്ടപ്രകാരം അനുവദിച്ചിട്ടില്ലാത്ത ഉപകരണങ്ങൾ ഘടിപ്പിക്കാൻ സംസ്ഥാന സർക്കാരിനു കേരള മോട്ടോർ വാഹന ചട്ടത്തിലെ റൂൾ 334 ഉപയോഗിച്ച് ഇളവു നൽകാനാകില്ലെന്നു കോടതി പറഞ്ഞു. കേന്ദ്ര ചട്ടങ്ങളും സുരക്ഷാ മാനദണ്ഡങ്ങളും പ്രകാരം അനുവദിച്ചിട്ടുള്ള ലൈറ്റിങ്, ലൈറ്റ്-സിഗലിങ് ഉപകരണങ്ങൾ, റെട്രോ-റിഫ്ളക്ടറുകൾ തുടങ്ങിയവ മാത്രമേ പാടുള്ളൂ. ഈ വിഷയത്തിലുള്ള സുപ്രീം കോടതി വിധിയും 2025 മുതൽ തുടർച്ചയായി ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവുകളും കോടതി ചൂണ്ടിക്കാട്ടി. വാഹന രൂപമാറ്റത്തിന് അനുമതി നേടിയെടുക്കുകയെന്ന ലക്ഷ്യത്തിൽ വ്ളോഗർമാർ നിയമവിരുദ്ധമായ കാര്യങ്ങൾ പ്രചരിപ്പിക്കുന്നതിലുള്ള അതൃപ്തിയും കോടതി വ്യക്തമാക്കി. സമൂഹമാധ്യമങ്ങളിൽ കാണുന്ന ചില വാഹന മോഡിഫിക്കേഷൻ ചിത്രങ്ങളും ഉത്തരവിൽ ചേർത്തിട്ടുണ്ട്.

# മാതാപിതാക്കളെ സംരക്ഷിക്കാത്ത മക്കൾക്ക് സ്വത്തില്ല; 135 കേസുകളിൽ ഇടപെട്ട് ട്രൈബ്യൂണൽ

കൊല്ലം: മക്കൾ സംരക്ഷിക്കുന്നില്ലെന്ന പരാതിയുമായി നിയമത്തിന്റെ സഹായമെത്തുന്നതു കാത്തു കേരളത്തിൽ കഴിയുന്നത് 6000 മാതാപിതാക്കൾ. ജീവിതവും സമ്പാദ്യവും കൊടുത്തു വളർത്തിയ മക്കൾ ഇറക്കിവിട്ടെന്ന പരാതികളാണു വയോജന മെയ്ന്റനൻസ് ട്രൈബ്യൂണലുകളിലുള്ള തിലേറെയും.

മക്കൾ സംരക്ഷിക്കുമെന്ന ഉറപ്പിൽ നടന്ന സ്വത്തുകൈമാറ്റം, പിന്നീടു സംരക്ഷണം ലഭിക്കാത്തതിനെത്തുടർന്ന് മൂന്ന് വർഷത്തിനിടെ റദ്ദാക്കിയത് 135 കേസുകളിൽ. ട്രൈബ്യൂണൽ ഇടപെട്ട് ഈ സ്വത്തുക്കൾ മാതാപിതാക്കളുടെ പേരിൽ തിരിച്ചെഴുതി നൽകി.

ഇതുകൂടാതെ 1050 കേസുകൾ മാതാപിതാക്കൾക്ക് അനുകൂലമായി ട്രൈബ്യൂണലുകൾ തീർപ്പാക്കി.

2007-ൽ നിലവിൽ വന്ന സീനിയർ സിറ്റിസൻസ് ആക്ടിലെ സെക്ഷൻ 23 പ്രകാരമാണ് ഈ നടപടി.

ആക്ട് പ്രകാരം കേരളത്തിൽ തുടങ്ങിയ 27 മെയ്ന്റനൻസ് ട്രൈബ്യൂണലുകളിൽനിന്ന് വിവരാവകാശ നിയമപ്രകാരം ലഭിച്ച കണക്കുകളാണിത്.

ഇന്ത്യയിൽ ആദ്യമായി വയോജനങ്ങൾക്കായി പ്രത്യേക വകുപ്പു രൂപീകരിച്ച സംസ്ഥാനമാണു കേരളം. വയോജന ജനസംഖ്യ ഉയരുന്ന സാഹചര്യത്തിലാണു പ്രത്യേക ഭരണസംവിധാനമെന്ന നിലയിൽ പുതിയ വകുപ്പു രൂപീകരിച്ചത്. എന്നാൽ ഈ നേട്ടത്തിനൊപ്പം കുടുംബബന്ധങ്ങളിൽനിന്നു പുറത്തുവരുന്ന കണക്കുകൾ കേരളത്തെ അസ്വസ്ഥമാക്കുന്നു.

മുതിർന്ന പൗരരുടെയും മാതാപിതാക്കളുടെയും സംരക്ഷണം ഉറപ്പാക്കാൻ ആവശ്യമെങ്കിൽ മക്കളെ സ്വത്തിൽനിന്ന് ഒഴിപ്പിക്കാൻ മുതിർന്ന പൗരർക്കു വേണ്ടിയുള്ള ട്രൈബ്യൂണലുകൾക്ക് അധികാരമുണ്ടെന്നു രണ്ടാഴ്ച മുൻപ് സുപ്രീം കോടതി വിധിച്ചിരുന്നു.

# തെരുവുനായ്ക്കളുടെ ദയാവധത്തിൽ മാർഗരേഖയുമായി സർക്കാർ

ആലപ്പുഴ: തെരുവുനായ്ക്കളുടെ ദയാവധത്തിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച വിശദമായ മാർഗരേഖ രൂപീകരിച്ച് സർക്കാർ ഉത്തരവിറക്കി. ചികിത്സിച്ചിട്ടും ഭേദമാകാത്ത രോഗമുള്ളവ, ഗുരുതരമായി പരുക്കേറ്റവ, പേവിഷബാധയുള്ളവ, അക്രമകാരികൾ എന്നിങ്ങനെ നാല് വിഭാഗത്തിൽപെട്ട നായ്ക്കളെയാണ് ദയാവധത്തിനു പരിഗണിക്കേണ്ടതെന്ന് ഉത്തരവിലുണ്ട്.

ദയാവധസമിതികളുടെ ഘടന, ഉപയോഗിക്കേണ്ട മരുന്നുകൾ എന്നിവയെക്കുറിച്ചും മാർഗരേഖയിലുണ്ട്. സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തെരുവുനായ്ക്കളുടെ ദയാവധത്തിനു തദ്ദേശ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തി. ജൂലൈ 23-നു സർക്കാർ ഉത്തരവിറക്കിയെങ്കിലും ദയാവധം എങ്ങനെ നടപ്പാക്കണമെന്നതു സംബന്ധിച്ചു വ്യക്തതയുണ്ടായിരുന്നില്ല. ഈ സാഹചര്യത്തിലാണ് വിശദമായ മാർഗരേഖ പുറത്തിറക്കിയത്.

മാർഗരേഖയിൽ പറയുന്നത്: ദയാവധം നടപ്പാക്കുന്നതിന്റെ പൂർണ ഉത്തരവാദിത്തം തദ്ദേശതലത്തിൽ രൂപീകരിക്കുന്ന സ്ട്രേ ഡോഗ് മാനേജ്മെന്റ് കമ്മിറ്റിക്ക് (എസ്ഡിഎംസി). വെറ്ററിനറി സർജൻ മാത്രമേ ദയാവധം നടപ്പാക്കാവൂ. മരുന്നു കുത്തിവെച്ചാണ് അതു നടപ്പാക്കേണ്ടത്. മറ്റു നായ്ക്കളുടെ സാന്നിധ്യത്തിൽ ദയാവധം പാടില്ല. ദയാവധത്തിനായി പിടികൂടുന്ന നായ്ക്കളെ മൂന്ന് ദിവസം ഷെൽറ്ററുകളിൽ പാർപ്പിക്കണം. ഈ കാലയളവിൽ മൃഗസ്നേഹികളായ വ്യക്തികൾക്കോ അംഗീകൃത സംഘടനകൾക്കോ അവയെ ഏറ്റെടുക്കാൻ അവസരമുണ്ട്. ഉത്തരവ് നടപ്പാക്കിയതിന്റെ പേരിൽ ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടികൾ ഉണ്ടാവില്ല. എന്നാൽ ദുരുദ്ദേശ്യം, അധികാര ദുർവിനിയോഗം, ഉത്തരവിനു വിരുദ്ധമായ നടപടികൾ എന്നിവ കണ്ടെത്തിയാൽ ഈ പരിരക്ഷ ഉണ്ടാകില്ല. ദയാവധവുമായി ബന്ധപ്പെട്ട ചെലവുകൾ തദ്ദേശ സ്ഥാപനങ്ങൾ വഹിക്കണം.

# ഇരട്ടി വേഗത്തിൽ ഇനി ചരക്കുനീക്കം

ന്യൂഡൽഹി: രാജ്യത്താദ്യമായി ഇന്ത്യൻ റെയിൽവേ ഡബിൾ ഡെക്കർ കണ്ടെയ്നർ ട്രെയിൻ സർവീസ് ആരംഭിച്ചു. മുംബൈയിലെ ജവഹർലാൽ നെഹ്റു പോർട്ട് ട്രസ്റ്റിൽ (ജെഎൻപിടി) നിന്ന് ഗുജറാത്തിലെ വഡോദര ഡിവിഷനിലുള്ള വർണോമ ഗുഡ്സ് കാർഗോ ടെർമിനലിലേക്കായിരുന്നു ആദ്യയാത്ര. ഓഗസ്റ്റ് 27-ന് രാത്രിയായിരുന്നു ഫ്ളാഗ് ഓഫ്.

ഇവയിൽ സാധാരണ ഗുഡ്സ് ട്രെയിനുകളേക്കാൾ ഇരട്ടി കണ്ടെയ്നറുകൾ ഒറ്റത്തവണ കൊണ്ടുപോകാൻ സാധിക്കും. 360 ടിഇയു കണ്ടെയ്നറുകളാണ് കയറ്റാനാകുക. ഇതുവഴി ചരക്കുനീക്കച്ചെലവ് വൻതോതിൽ കുറയ്ക്കാൻ കഴിയുമെന്ന് റെയിൽവേമന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു.

ഡബിൾഡെക്കർ കണ്ടെയ്നർ ട്രെയിനുകൾക്കായി നിലവിലെ ഇലക്ട്രിക് ലൈനുകളിൽ മാറ്റം വരുത്തേണ്ട. വൈകാതെ കൂടുതൽ ഇൻഡസ്ട്രിയൽ പാതകളിൽ ഇത്തരം ട്രെയിനുകൾ ഓടിക്കാനുള്ള ശ്രമത്തിലാണ് റെയിൽവേ.

# ഗോത്രവിദ്യാർത്ഥികളുടെ സമരത്തിൽ സംവദിച്ച് രാഹുൽ ഗാന്ധി

പൂന: സുരക്ഷയുടെയും പഠനസൗകര്യങ്ങളുടെയും പേരിൽ പൂനയിൽ നിരാഹാരസമരം തുടരുന്ന ഗോത്രവിദ്യാർത്ഥികൾക്കൊപ്പം ചേരാമെന്ന വാഗ്ദാനവുമായി കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. "എന്നെ വിളിച്ചാൽ, നിങ്ങൾക്കൊപ്പം ഞാനും സമരത്തിനിരിക്കാം"- പൂന എസ്എസ്പിഎംഎസ് കോളജ് ഗ്രൗണ്ടിൽ സംഘടിപ്പിച്ച 'ഛാത്രോൺ കി ഗൂഞ്ച്' എന്നപേരിലുള്ള വിദ്യാർത്ഥികളുമായി സംവദിക്കുന്ന പരിപാടിയിൽ ലോക്സഭാ പ്രതിപക്ഷ നേതാവ് ഉറപ്പ് നൽകി.

വിദ്യാഭ്യാസ സൗകര്യം, സാമ്പത്തിക സുരക്ഷ, പൊതുഗതാഗത സൗകര്യം, സൈബർ ഇടങ്ങളിലെ പീഡനം ഉൾപ്പെടെ ഒട്ടേറെ വിശയങ്ങളിൽ വിദ്യാർത്ഥികളുമായി രാഹുൽ ഏറെനേരം സംസാരിച്ചു. ഇതിനിടെയാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ ആവശ്യപ്പെട്ടു പൂനയിലെ മൻജാരിയിൽ പത്തുദിവസമായി ഗോത്രവിദ്യാർത്ഥികൾ സമരത്തിലാണെന്ന കാര്യവും ആരോഗ്യനില മോശമായതിനെത്തുടർന്ന് ഒരു പെൺകുട്ടിയെ ആശുപത്രിയിലേക്കു മാറ്റിയ കാര്യവും രാഹുലിന്റെ ശ്രദ്ധയിൽപ്പെടുത്. സ്ത്രീകളെ അടിച്ചമർത്തുന്ന മാനസികാവസ്ഥയുടെ ഉറവിടം മനുസ്മൃതിയാണെന്നും ആ ചിന്താഗതിക്കെതിരെയാണു നിലവിലെ പോരാട്ടമെന്നും ഛാത്രോൺ കി ഗൂഞ്ച് വിദ്യാർത്ഥിനീ സംഗമത്തിൽ രാഹുൽ ഗാന്ധി പറഞ്ഞു. പെൺകുട്ടികളെയും സ്ത്രീകളെയും കൂട്ടിനുള്ളിൽ തളച്ചിടാനാണു ബിജെപി-ആർഎസ്എസ് ശക്തികൾ ശ്രമിക്കുന്നത്. എന്നാൽ അത്തരമൊരു ഇന്ത്യയെയല്ല, എല്ലാവർക്കും ബഹുമാനം ലഭിക്കുന്ന ഇന്ത്യയെയാണു തങ്ങൾ സ്വപ്നം കാണുന്നതെന്നും അദ്ദേഹം പറഞ്ഞു.




70 കോടി സ്ത്രീകളുടെ വേറിട്ട ജീവിതയാത്രകളും ഭാവനകളും സ്വപ്നങ്ങളുമാണ് ഇന്ത്യയുടെ ഏറ്റവും വലിയ സമ്പത്ത്. ഇന്ത്യൻ സ്ത്രീകൾ ഇന്നും അക്രമങ്ങൾക്കും അനാദരവിനും നിയന്ത്രണങ്ങൾക്കും ഇരയാകുന്നുണ്ട്. ഇന്ത്യയിൽ നടക്കുന്ന ലൈംഗിക അക്രമങ്ങളിൽ 99 ശതമാനവും പുറത്തറിയുന്നില്ല. 84 ശതമാനം സ്ത്രീകൾക്കും ജോലിക്കുപോകാൻ കുടുംബത്തിന്റെ അനുവാദം ആവശ്യമാണ്. ജോലി ചെയ്യുന്ന സ്ത്രീകൾക്കു പുരുഷന്മാരേക്കാൾ 25 ശതമാനം കുറവ് വേതനമാണു ലഭിക്കുന്നത്- രാഹുൽ ചൂണ്ടിക്കാട്ടി.

ഇന്ത്യയിലെ തൊഴിലില്ലായ്മയെക്കുറിച്ചും അദ്ദേഹം ആശങ്ക പ്രകടിപ്പിച്ചു. ആയിരം യുവാക്കളിൽ 12 പേർക്കു മാത്രമാണ് സ്ഥിരജോലി ലഭിക്കുന്നത്. യുവാക്കളുടെ സമയം ഡിജിറ്റൽ ലോകത്തെ സോഷ്യൽ മീഡിയ അഡിക്ഷനുകളിലൂടെ പ്രമുഖ കോർപറേറ്റ് ഭീമന്മാർ അപഹരിക്കുകയാണെന്നും അർഹമായ തൊഴിലവസരങ്ങൾ നൽകുന്നതിൽ ഇന്ത്യ പരാജയപ്പെടുകയാണെന്നും രാഹുൽഗാന്ധി കൂട്ടിച്ചേർത്തു.

# മെസിയുടെ പേരിൽ നടന്നത് സാമ്പത്തിക ക്രമക്കേടെന്ന് അന്വേഷണസംഘം

തിരുവനന്തപുരം: മെസിയുടെയും അർജന്റീന ടീമിനെയും കേരളത്തിലെത്തിക്കാൻ സ്പോൺസർമാർ കൈമാറിയത് മറ്റാരുടെയോ പണം. 206 കോടി രൂപയാണ് ദുരൂഹ സാഹചര്യത്തിൽ സ്പോൺസർമാരുടെ അക്കൗണ്ടിൽ എത്തിയത്. സ്പോൺസർ കൈമാറിയത് ഈ പണമാണെന്നാണ് ജി.എസ്.ടി. അന്വേഷണ സംഘത്തിന്റെ നിഗമനം.

പുറമെ നിന്നുള്ള രണ്ട് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നാണ് വലിയതോതിൽ പണമെത്തിയത്. ഇത് നികുതിദായകന്റെ സ്വന്തം ബിസിനസ് വരുമാനത്തിൽ നിന്നോ മൂലധനത്തിൽ നിന്നോ അല്ലെന്ന് കണ്ടെത്തി. വിദേശത്തേക്ക് അയച്ച തുകയും വ്യക്തിഗത ഫണ്ടിൽ നിന്നല്ല. ഈ തുകകൾ സാധാരണ വാണിജ്യ വായ്പയാണെന്നതിന് ഒരു തെളിവുമില്ല. പ്രോസസിങ് ഫീസോ നികുതി ഇൻവോയ്സുകളോ നല്കിയിട്ടില്ല. വായ്പകൾക്ക് സാധാരണ 18 ശതമാനം നിരക്കിൽ നികുതി ബാധകമായ പ്രോസസിങ് ഫീസ് ഈടാക്കാറുണ്ട്. ഇവിടെ അതും കാണുന്നില്ല. 206 കോടിയിലധികം രൂപയുടെ വരവിൽ പലിശയോ ടി.ഡി.എസ് രീതിയോ ഇല്ല. ഇവയെല്ലാം കൃത്യമായ വായ്പാ ഇടപാടിന്റെ ലക്ഷണങ്ങളല്ലെന്നാണ് സംഘത്തിന്റെ വിലയിരുത്തൽ. പണം അക്കൗണ്ടിലെത്തിയ ഉടൻതന്നെ സമാനതുകകൾ മറ്റ് അക്കൗണ്ടുകളിലേക്ക് മാറ്റിയതായും കണ്ടെത്തി. സ്പോൺസർമാരുടെ അക്കൗണ്ട് ഒരു ഇടനില അക്കൗണ്ടായി പ്രവർത്തിച്ചോ എന്ന സംശയവും ഇത് ഉയർത്തുന്നു. പണം സ്വന്തം ഫണ്ടിൽ നിന്നാണ് അയച്ചതെന്ന നികുതിദായകന്റെ വാദത്തെ ഈ കണ്ടെത്തലുകൾ ഖണ്ഡിക്കുന്നതായി റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

# കർദ്ദിനാൾ മാർ ക്ലീമീസ് പ്രകാശം പരത്തുന്ന ബാവയെന്ന് മുഖ്യമന്ത്രി



തിരുവനന്തപുരം: ദൈവീകസാന്നിധ്യം ഹൃദയത്തിൽ സൂക്ഷിക്കുന്നയാളാണ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കത്തോലിക്കാ ബാവയെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. ദൈവം ബാവയിൽ പ്രകാശിച്ചിരിക്കയാണ്. ആ പ്രകാശമാണ് അദ്ദേഹം നമുക്കു പകർന്നുതരുന്നത്- അദ്ദേഹം പറഞ്ഞു.

കർദ്ദിനാൾ മാർ ക്ലീമിസ് കാതോലിക്കാ ബാവയുടെ മെത്രാഭിഷേക ജൂബിലി ആഘോഷവും പൊതുസമ്മേളനവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. വിശ്വാസത്തിന്റെ മർമം മനസ്സിൽ സൂക്ഷിക്കണമെന്ന വേദപുസ്തകത്തിന്റെ സന്ദേശം അനുസരിച്ചാണ് ബാവയുടെ ജീവിതം. ആത്മീയമണ്ഡലത്തിലും പൊതുസമൂഹത്തിലും അദ്ദേഹത്തിന് ഇനിയും സംഭാവനകൾ നൽകാനുണ്ട്. താൻ ബാവയുടെ മെത്രാഭിഷേക വാർഷികത്തിൽ പങ്കെടുക്കാനെത്തിയത് മുഖ്യമന്ത്രിയായല്ല കൂടെപ്പിറപ്പായാണെന്നും അദ്ദേഹം പറഞ്ഞു.

രജതജൂബിലി ആഘോഷങ്ങൾ സമൂഹബലിയോടെയാണ് ആരംഭിച്ചത്. കർദ്ദിനാൾ മാർ ക്ലീമിസ് മുഖ്യകാർമികനായിരുന്നു. കർദ്ദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് വചനസന്ദേശം നൽകി. കെ.സി.ബി.സി. പ്രസിഡന്റ് ആർച്ച് ബിഷപ്പ് ഡോ. വർഗീസ് ചക്കാലയ്ക്കൽ അദ്ധ്യക്ഷനായി. പൗരസ്ത്യസഭകൾക്ക് ഒരു പോപ്പിനെ ലഭിക്കുകയാണെങ്കിൽ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ ആ സ്ഥാനത്ത് എത്തുമെന്ന് അദ്ദേഹം പറഞ്ഞു.

കത്തോലിക്കാസഭയ്ക്കും മറ്റു സമുദായങ്ങൾക്കും ബാവ നൽകിയിട്ടുള്ള സംഭാവനകൾ വളരെ വലുതാണെന്ന് മേഘാലയ മുഖ്യമന്ത്രി കോൺറാഡ് സാങ്മ പറഞ്ഞു. നല്ല മനുഷ്യനാകുക എന്നതാണ് ക്രിസ്തീയത പഠിപ്പിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ദേവാലയങ്ങൾക്കുള്ളിൽമാത്രം ഒതുങ്ങാതെ സമൂഹത്തിന്റെ പൊതുനന്മയ്ക്കായി ജീവിക്കാൻ എല്ലാവരും തനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് മറുപടിപ്രസംഗം നടത്തിയ കർദ്ദിനാൾ മാർ ക്ലീമിസ് ബാവ പറഞ്ഞു. ഗോവ ആർച്ച് ബിഷപ്പ് കർദ്ദിനാൾ ഫിലിപ്പ് നേരിഫെറാവോ, കേന്ദ്രമന്ത്രി സുരേഷ് ഗോപി, യാക്കോബായ സഭയുടെ ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് ജോസഫ് ബാവ, മാർത്തോമാ സഭയുടെ മെത്രാപ്പോലീത്ത തിയഡോഷ്യസ് മാർത്തോമ മെത്രാപ്പോലീത്ത, മന്ത്രി കെ. മുരളീധരൻ, എം.എ. യൂസഫലി, ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് സാമുവേൽ മാർ തെയോഫിലോസ് മെത്രാപ്പോലീത്ത, ഔഗിൻ കുര്യാക്കോസ് മെത്രാപ്പോലീത്ത, സി.എസ്.ഐ ബിഷപ്പ് ജോസ് ജോർജ്, കണ്ടനാട് ഭദ്രാസനാദ്ധ്യക്ഷൻ തോമസ് മാർ അത്തനാസിയോസ് എന്നിവർ പങ്കെടുത്തു.

# ഇനി കായികഭരണം സർക്കാരിന്

തിരുവനന്തപുരം: സംസ്ഥാനത്ത് കായികഭരണം പൂർണമായി സർക്കാരിന്റെ കൈകളിലേക്ക്. കായിക വകുപ്പിനു കീഴിലെ ഡയറക്ടറേറ്റ് ഓഫ് സ്പോർട്സിനെയും ഗ്രാൻഡ് ഇൻ എയ്ഡ് സ്ഥാപനമായ കേരള സ്പോർട്സ് കൗൺസിലിനെയും ചേർത്ത് സ്പോർട്സ് അതോറിറ്റി ഓഫ് കേരള രൂപീകരിക്കാനാണ് ആലോചന. ഇതിനായി കേരള കായികനിയമം ഭേദഗതി ചെയ്യാൻ സർക്കാർ ഒരുങ്ങുന്നു. കായിക വകുപ്പ് സമർപ്പിച്ച ഭേദഗതിയുടെ കരട് നിയമവകുപ്പിന്റെ പരിഗണനയിലാണ്. ഓർഡിനൻസിലൂടെ നിയമമാക്കാനാണ് നീക്കം. ഭേദഗതികൾ പ്രാബല്യത്തിലാകുന്നതോടെ കായിക ഭരണരംഗത്ത് ഒരു ഏജൻസി മാത്രമാകും. കായിക ഭരണത്തിന് രണ്ട് ഏജൻസികളുള്ള ഏകസംസ്ഥാനമാണ് കേരളം.

കായിക അസോസിയേഷനുകളുടെ നിയന്ത്രണവും മത്സര, പരിശീലന പരിപാടികളും സ്പോർട്സ് കൗൺസിലിന്റെ മേൽനോട്ടത്തിലാണെങ്കിൽ അടിസ്ഥാന സൗകര്യ വികസനവും പരിശീലനവും ഡയറക്ടറേറ്റ് ഓഫ് സ്പോർട്സിന് കീഴിലാണ്. ഇത് പദ്ധതി നിർവഹണത്തെയും വികസനപ്രവർത്തനങ്ങളെയും ബാധിക്കുന്നതായി ആക്ഷേപമുയർന്നിരുന്നു. മറ്റു സംസ്ഥാനങ്ങളുടെ മാതൃകയിൽ ഒറ്റ ഏജൻസി രൂപീകരിക്കാൻ 2016-ൽ എൽഡിഎഫ് സർക്കാർ നീക്കം ആരംഭിച്ചെങ്കിലും മുന്നോട്ടുപോയില്ല.

1954-ൽ ആണ് കേരള സ്പോർട്സ് കൗൺസിൽ സ്ഥാപിച്ചത്. ചാരിറ്റബിൾ ട്രസ്റ്റ് ആക്ട് അനുസരിച്ച് രൂപവൽക്കരിക്കപ്പെട്ട കൗൺസിലിന് കേന്ദ്രസഹായം കൈപ്പറ്റുന്നതിനുള്ള പരിമിതി മറികടക്കാൻ 1986-ൽ ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് രൂപീകരിച്ചു. ഇതോടെ കായികഭരണം രണ്ടു വഴിക്കായി. 2006-ൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന് സർക്കാർ നിയമസാധുത നല്കിയെങ്കിലും ഏജൻസികളെ ലയിപ്പിച്ചില്ല.

# കുട്ടികൾക്കുള്ള മരുന്നുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തി കേന്ദ്രം

ന്യൂഡൽഹി: നാലു വയസിന് താഴെയുള്ള കുട്ടികളിലെ ജലദോഷം, അലർജി, മൂക്കടപ്പ്, കണ്ണിൽനിന്നു വെള്ളം വരിക തുടങ്ങിയ അസുഖങ്ങൾക്കുള്ള മരുന്നുകൾക്ക് നിയന്ത്രണമേർപ്പെടുത്തി കേന്ദ്രസർക്കാർ. ക്ലോർഫെനിറാമിൻ മാലിയേറ്റും ഫെനൈൽഫ്രൈൻ ഹൈഡ്രോക്ലോറൈഡും അടങ്ങിയ ഫിക്സഡ് ഡോസ് കോമ്പിനേഷൻ മരുന്നുകൾ ഉപയോഗിക്കുന്നതിനാണ് നിയന്തണമേർപ്പെടുത്തിയത്. ഇന്ത്യയിലെ ചെറിയ കുട്ടികളുടെ ആരോഗ്യവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനായി ഈ മരുന്നുകളുടെ നിർമ്മാണം, വിൽപന, വിതരണം എന്നിവയ്ക്ക് കേന്ദ്രസർക്കാരിന്റെ കർശന നിർദേശങ്ങൾ പാലിക്കണം.

നാലു വയസിന് താഴെ പ്രായമുള്ള കുട്ടികൾക്ക് ഈ മരുന്നുകൾ നൽകാൻ പാടില്ലെന്ന വ്യക്തമായ മുന്നറിയിപ്പുകൾ മരുന്നിന്റെ ലേബലുകളിലും പായ്ക്കറ്റുകളിലെ  കുറിപ്പുകളിലും പരസ്യപ്രചാരണങ്ങളിലും പ്രദർശിപ്പിക്കണമെന്ന വ്യവസ്ഥയും നിർബന്ധമാക്കി.

നേരത്തേ 2025 ഏപ്രിൽ 15-ലെ വിജ്ഞാപനപ്രകാരം ക്ലോർഫെനിറാമിൻ മാലിയേറ്റും ഫെനൈൽഫ്രൈൻ ഹൈഡ്രോക്ലോറൈഡും അടങ്ങിയ ചില പ്രത്യേക ഫിക്സഡ് ഡോസ് കോമ്പിനേഷൻ മരുന്നുകൾക്ക് പ്രായപരിധി മുന്നറിയിപ്പോടെ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു.

പുതിയ വിജ്ഞാപനത്തിലൂടെ ഈ രണ്ട് ഘടകങ്ങളുമടങ്ങിയ എല്ലാ ഫിക്സഡ് ഡോസ് കോമ്പിനേഷൻ മരുന്നുകൾക്കും ഈ നിബന്ധന ബാധകമാക്കിയിരിക്കുകയാണ്. ഈ മരുന്നുകൾ കുഞ്ഞുങ്ങളിൽ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്കു വഴിവെച്ചേക്കുമെന്ന് ഡ്രഗ്സ് ടെക്നിക്കൽ അഡ്വൈസറി ബോർഡും വിദഗ്ധസമിതിയും കേന്ദ്രസർക്കാരിനെ അറിയിച്ചതിനു പിന്നാലെയാണ് തീരുമാനം. ഇത്തരത്തിലുള്ള ഫിക്സഡ് ഡോസ് കോമ്പിനേഷൻ മരുന്നുകൾ നാലു വയസിന് താഴെയുള്ള കുട്ടികളിൽ ആരോഗ്യപ്രശ്നങ്ങൾക്കു കാരണമായേക്കാമെന്നും കൂടുതൽ സുരക്ഷിതമായ ബദൽ മരുന്നുകൾ ലഭ്യമാണെന്നും സർക്കാർ ചൂണ്ടിക്കാട്ടി.

# യുവജന പ്രക്ഷോഭം ഇന്ത്യയ്ക്ക് ആശാദീപമായി മാറിയെന്ന് പിണറായി വിജയൻ

തൃശ്ശൂർ: ജന്തർമന്തറിലെ യുവതയുടെ പ്രക്ഷോഭം ഇന്ത്യയ്ക്ക് ആശാദീപമായി മാറിയെന്ന് പ്രതിപക്ഷനേതാവ് പിണറായി വിജയൻ അഭിപ്രായപ്പെട്ടു. ചോദ്യംചെയ്യാൻ ആരുമില്ലെന്ന കേന്ദ്രസർക്കാരിന്റെ ഹുങ്ക് അവസാനിപ്പിക്കാൻ ആ പ്രക്ഷോഭത്തിന് കഴിഞ്ഞെന്ന് ഡി.വൈ.എഫ്.ഐ 16-ാം സംസ്ഥാനസമ്മേളനത്തിന്റെ സമാപനസമ്മേളനം ആഗസ്റ്റ് 22-ന് ശനിയാഴ്ച നേതാജി മൈതാനത്തെ വി.എസ്. അച്യുതാനന്ദൻ നഗറിൽ ഉദ്ഘാടനം ചെയ്ത് അദ്ദേഹം പറഞ്ഞു. ഈ യുവജനമുന്നേറ്റത്തെ ആദ്യം കോൺഗ്രസ് പരസ്യമായി തള്ളിപ്പറഞ്ഞെന്ന് മറക്കരുത്. ഇന്ത്യയാകെ ഒന്നിക്കുന്നുവെന്ന് കണ്ടപ്പോഴാണ് അവരും ഒപ്പംകൂടാൻ തയ്യാറായത്.

ഇന്ത്യയെ ലോകത്തിനു മുൻപിൽ നാണംകെടുത്തുകയാണ് മോദി സർക്കാർ. അമേരിക്കൻ സൈനികസഖ്യത്തിലെ അംഗരാജ്യങ്ങൾപോലും ഇസ്രയേൽ-അമേരിക്ക കൂട്ടുകെട്ടിന്റെ ഗാസ അധിനിവേശത്തെ തള്ളിപ്പറയുകയും അവരുടെ വിമാനങ്ങൾക്ക് അനുമതി നിഷേധിക്കുകയും ചെയ്തപ്പോൾ മോദിസർക്കാർ ആയുധങ്ങൾ കൊടുത്ത് അവരെ സഹായിക്കുകയായിരുന്നു. അതിന് കാരണം സയണിസ്റ്റുകളും സംഘപരിവാറും ഇരട്ടപെറ്റ മക്കളായതാണ്. മതനിരപേക്ഷത ദുർബലപ്പെടുത്തുന്നതിന്റെയും വർഗീയത വളരുന്നതിന്റെയും കലാപങ്ങളുടെയും ഗുണം അനുഭവിക്കുന്നവരാണ് ആർഎസ്എസ്. അവരുടെ അജൻഡ കേരളത്തിൽ നടപ്പാക്കാനാണ് യുഡിഎഫ് സർക്കാർ ശ്രമിക്കുന്നത്. ഇടതു സർക്കാർ വഖഫ് ബോർഡിൽ അമുസ്‌ലിങ്ങൾ വേണ്ടെന്ന നിലപാട് എടുത്തപ്പോൾ യുഡിഎഫ് സർക്കാർ കോടതിയിൽ അങ്ങോട്ടു ചെന്നുപറഞ്ഞു, ഞങ്ങൾ നിയമിച്ചോളാമെന്ന്. സർക്കാരിന്റെ സത്യപ്രതിജ്ഞാച്ചടങ്ങിൽ കോൺഗ്രസ് നയങ്ങൾക്കു വിരുദ്ധമായി വന്ദേമാതരം പൂർണമായി ആലപിച്ചു. സ്വാതന്ത്ര്യദിനത്തിൽ കോൺഗ്രസ് ആസ്ഥാനത്തും മുഴുവൻ ആലാപനമുണ്ടായി. കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്ത് ഗവർണർ ഇടപെടൽ ശക്തിപ്പെടുത്തുമ്പോൾ എതിർക്കാൻ യുഡിഎഫ് തയ്യാറാകുന്നില്ലെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 34
August 24, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.


## മഹദ്‌വചനം


പഠിക്കുന്തോറും നമ്മുടെ അജ്ഞത നമുക്കു മനസ്സിലാകുന്നു.

**പി.ബി. ഷെല്ലി**

അശ്രദ്ധ അറിവില്ലായ്മയെക്കാൾ ദോഷം ചെയ്യുന്നു.

**ബഞ്ചമിൻ ഫ്രാങ്ക്ളിൻ**


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


LUXURY HOME STAY IN
PULLAD/KUMBANAD/KOZHENCHERRY/THIRUVALLA
Quiet and Safe Area
Near Shopping Centers and Major Towns/Attractions
3 hr to Kochin and Thiruvananthapuram Airport
3 AC Bedrooms (one of them is a loft bedroom)
Separate Studio for drivers
4 American-style Bathrooms
Surveillance camera
Car service/Chef/Security Personnel can be arranged
Weekly and Monthly stays can be arranged
If stay for large parties is needed, I can arrange other home stays also
Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in
Address: Mundayil Homestay,
Kumbanad P.O.
Pathanamthitta District,
Kerala, India 689547


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# ഇന്ത്യയിൽ 8.7 കോടി യുവാക്കൾ പ്രതിസന്ധിയിൽ

ന്യൂഡൽഹി: രാജ്യത്ത് 15-നും 29 -നും ഇടയിൽ പ്രായമുള്ള 8.7 കോടിയോളം യുവാക്കൾ തൊഴിലോ ഉപരിപഠനമോ നൈപുണ്യ പരിശീലനമോ ഇല്ലാതെ തുടരുന്നതായി നീതി ആയോഗിന്റെ റിപ്പോർട്ട്. രാജ്യത്തിന്റെ ഭാവി തൊഴിൽശേഷിയേയും സാമ്പത്തിക വളർച്ചയെയും ബാധിക്കുന്ന ഗുരുതര പ്രതിസന്ധിയാണിതെന്ന് 'റീ-ഇമാജിനിംഗ് സ്കില്ലിംഗ് ഫോർ വികസിത് ഭാരത് 2047' എന്ന റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. പ്രാദേശിക തൊഴിൽ വിപണിക്കും പുതിയ വ്യവസായങ്ങൾക്കും അനുയോജ്യമായ രീതിയിൽ യുവാക്കൾക്ക് സബ്സിഡി നിരക്കിലുള്ള നൈപുണ്യ പരിശീലന പദ്ധതികൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് റിപ്പോർട്ട് ശിപാർശ ചെയ്യുന്നു.

വിദ്യാഭ്യാസത്തിനായി വലിയ തുക ചെലവഴിച്ചതിനുശേഷം വരുമാനമില്ലാത്ത അവസ്ഥ യുവാക്കളെ വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ് എത്തിക്കുന്നത്. കോളജ് പഠനച്ചെലവുകൾക്കു പുറമെ അധികമായി പണം നല്കി തൊഴിലധിഷ്ഠിത കോഴ്സുകൾ ചെയ്യാൻ സാധാരണ കുടുംബങ്ങളിലെ യുവാക്കൾക്കു സാധിക്കുന്നില്ല. ഇതു പരമ്പരാഗത ബിരുദത്തോടൊപ്പം പുതിയ നൈപുണ്യങ്ങൾ നേടുന്നതിൽ വലിയ തടസ്സമാകുന്നു. തന്മൂലം കുടുംബത്തെ സഹായിക്കാനായി പല ബിരുദധാരികളും തുച്ഛമായ വേതനമുള്ള ജോലികളിൽ പ്രവേശിക്കാൻ നിർബന്ധിതരാകുന്നുണ്ടെന്നും അല്ലെങ്കിൽ തൊഴിൽ കണ്ടെത്താനാകാതെ വഴിമുട്ടുകയാണെന്നും നീതി ആയോഗ് ചൂണ്ടിക്കാട്ടി.

പഠിച്ച വിഷയത്തിനനുയോജ്യമായ തൊഴിൽ ലഭിക്കുന്നതിൽ വലിയ വിടവ് നിലനിൽക്കുകയാണെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ബിരുദം നേടിയവരിൽ കേവലം 8.25 ശതമാനം പേർക്കു മാത്രമാണ് തങ്ങളുടെ യോഗ്യതയ്ക്കു ചേർന്ന തൊഴിൽ ലഭിക്കുന്നത്. പ്രായോഗിക പരിശീലനത്തിന്റെയും വ്യവസായങ്ങൾക്കാവശ്യമായ നൈപുണ്യങ്ങളുടെയും കുറവാണ് ഈ പ്രതിസന്ധിക്കു കാരണം.

ഈ സാഹചര്യത്തിൽ, സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്ന യുവാക്കൾക്കും വനിതകൾക്കും പരിശീലനത്തോടൊപ്പം വരുമാനം നേടാൻ സഹായിക്കുന്ന പദ്ധതികളും സബ്സിഡി നിരക്കിലുള്ള റീ-സ്കില്ലിംഗ് കോഴ്സുകളും അടിയന്തരമായി നടപ്പിലാക്കണമെന്നും റിപ്പോർട്ടിൽ നിർദ്ദേശിക്കുന്നു.

## പ്രതീക്ഷയുടെ പൊന്നോണം പുതിയ സർക്കാരിന്റെ പരീക്ഷണകാലം

കേരളത്തിൽ ഒരു പുതിയ സർക്കാർ അധികാരത്തിലെത്തിയ ശേഷമുള്ള ആദ്യ ഓണം ഒരു സാധാരണ ആഘോഷമല്ല. സർക്കാരിന്റെ ഭരണക്ഷമതയും ജനങ്ങളോടുള്ള പ്രതിബദ്ധതയും വിലയിരുത്താനുള്ള ആദ്യ വലിയ അവസരമാണിത്. ഓണം സന്തോഷത്തിന്റെയും സമൃദ്ധിയുടെയും പ്രതീക്ഷയുടെയും ഉത്സവമാണെങ്കിലും ഇത്തവണ കേരളം വിലക്കയറ്റം, സാമ്പത്തിക ബുദ്ധിമുട്ട്, മഴക്കെടുതി, കർഷകരുടെ പ്രശ്നങ്ങൾ, തൊഴിലില്ലായ്മ തുടങ്ങിയ നിരവധി വെല്ലുവിളികൾക്കിടയിലാണ് ഓണത്തെ വരവേൽക്കുന്നത്. അതുകൊണ്ടുതന്നെ വി.ഡി. സതീശൻ സർക്കാരിന്റെ ആദ്യ ഓണം ആഘോഷം മാത്രമല്ല, ഭരണത്തിന്റെ ആദ്യ വലിയ പരീക്ഷണവുമാണ്. ഓണം സാധാരണ മലയാളിയുടെ കുടുംബബജറ്റിൽ വലിയ സമ്മർദം സൃഷ്ടിക്കുന്ന കാലമാണ്. അരി, പലവ്യഞ്ജനങ്ങൾ, പച്ചക്കറികൾ, എണ്ണ, പഴങ്ങൾ, വസ്ത്രങ്ങൾ തുടങ്ങി എല്ലാത്തിനും അധിക ചെലവ് വരുന്നു. വരുമാനം പരിമിതമായ കുടുംബങ്ങൾക്ക് ഓണം സന്തോഷത്തോടൊപ്പം സാമ്പത്തിക ആശങ്കയും കൊണ്ടുവരുന്നു. ഈ സാഹചര്യത്തിലാണ് സിവിൽ സപ്ലൈസ് വകുപ്പിന്റെയും സപ്ലൈകോയുടെയും ഇടപെടലുകൾക്ക് പ്രാധാന്യം ലഭിക്കുന്നത്. ഓണത്തോടനുബന്ധിച്ച് കേരളത്തിലുടനീളം ഓണച്ചന്തകളും മെഗാ മേളകളും ആരംഭിക്കുകയും സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നത് സ്വാഗതാർഹമാണ്. ഹോർട്ടികോർപ് വഴിയുള്ള കുറഞ്ഞവില പച്ചക്കറി വിൽപ്പനയും വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കാൻ സർക്കാർ നടത്തുന്ന ഇടപെടലുകളും സാധാരണക്കാർക്ക് ആശ്വാസം നൽകും. എന്നാൽ സർക്കാർ പ്രഖ്യാപനങ്ങളേക്കാൾ പ്രധാനപ്പെട്ടത് അവയുടെ പ്രായോഗിക ഫലമാണ്. ഓണച്ചന്തകളിൽ ആവശ്യത്തിന് സാധനങ്ങൾ ലഭിക്കുന്നുണ്ടോ? സബ്സിഡി സാധനങ്ങൾ എല്ലാ വിഭാഗം ജനങ്ങൾക്കും സമയത്ത് ലഭിക്കുന്നുണ്ടോ? സ്വകാര്യ വിപണിയിലെ അമിതവില നിയന്ത്രിക്കാൻ സർക്കാർ ഇടപെടലിന് കഴിയുന്നുണ്ടോ? പൂഴ്ത്തിവെപ്പും കരിഞ്ചന്തയും തടയുന്ന പരിശോധനകൾ ഫലപ്രദമാണോ? ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകേണ്ടത് സർക്കാരാണ്. ഓണച്ചന്തയുടെ വിജയം ഉദ്ഘാടനംചെയ്യുന്ന വേദിയിലെ ജനക്കൂട്ടത്തിൽ അല്ല; സാധാരണക്കാരന്റെ അടുക്കളച്ചെലവ് എത്രത്തോളം കുറഞ്ഞു എന്നതിലാണ്.

സർക്കാരിന്റെ മറ്റൊരു പ്രധാന ക്ഷേമനടപടിയാണ് സൗജന്യ ഓണക്കിറ്റ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ഭക്ഷ്യസാധനങ്ങൾ അടങ്ങിയ കിറ്റ് നൽകുന്നത് ഈ കാലഘട്ടത്തിൽ വലിയ ആശ്വാസമാണ്. ഓണക്കാലത്ത് ഒരു കുടുംബത്തിന്റെ ചെലവ് കുറയ്ക്കാൻ ഇത്തരം സഹായങ്ങൾ സഹായിക്കും. എന്നാൽ ക്ഷേമപദ്ധതികൾ പ്രഖ്യാപിക്കുന്നതിനൊപ്പം അവ അർഹരായവർക്ക് സമയത്ത് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുകയും വേണം. ഒരു കുടുംബത്തിന് ഒരു തവണ കിറ്റ് നൽകുന്നതിലുപരി, വർഷം മുഴുവൻ വിലക്കയറ്റത്തിൽനിന്ന് സാധാരണക്കാരനെ സംരക്ഷിക്കുന്ന ശക്തമായ പൊതുവിതരണ സംവിധാനം നിലനിർത്തുകയാണ് കൂടുതൽ പ്രധാനപ്പെട്ടത്. ഈ ഓണം കേരളം നേരിടുന്ന മഴക്കെടുതികളുടെ പശ്ചാത്തലത്തിലാണ് എത്തുന്നത് എന്നത് മറക്കാനാകില്ല. മഴയും വെള്ളപ്പൊക്കവും ഉരുൾപൊട്ടലും മൂലം വീടുകളും കൃഷിയും റോഡുകളും വ്യാപാരസ്ഥാപനങ്ങളും നഷ്ടപ്പെട്ട നിരവധി കുടുംബങ്ങൾക്കാണ് ഇത്തവണ ഓണം. ചില കുടുംബങ്ങൾക്ക് പുതിയ വസ്ത്രങ്ങളേക്കാൾ പ്രധാനപ്പെട്ടത് തകർന്ന വീടിന്റെ അറ്റകുറ്റപ്പണിയാണ്; ചില കർഷകർക്ക് ഓണസദ്യയേക്കാൾ വലിയ ആശങ്ക നശിച്ച കൃഷിയുടെ നഷ്ടപരിഹാരമാണ്. അതിനാൽ ഈ ഓണം കേരളത്തിന്റെ പങ്കുവെക്കലിന്റെയും സഹാനുഭൂതിയുടെയും പരീക്ഷണം കൂടിയാണ്. പുതിയ സർക്കാരിന്റെ മുന്നിലുള്ള മറ്റൊരു വലിയ വെല്ലുവിളി സാമ്പത്തികമാണ്. ജനങ്ങൾക്ക് ആശ്വാസം നൽകുന്ന ക്ഷേമപദ്ധതികളും സാമ്പത്തിക അച്ചടക്കവും തമ്മിൽ ശരിയായ സന്തുലിതാവസ്ഥ വേണം. ശമ്പളം, പെൻഷൻ, ക്ഷേമപെൻഷൻ, ആരോഗ്യ-വിദ്യാഭ്യാസ ചെലവുകൾ, തദ്ദേശ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾ, അടിസ്ഥാന സൗകര്യ വികസനം എന്നിവയെല്ലാം ഒരേസമയം മുന്നോട്ടു കൊണ്ടുപോകേണ്ട സാഹചര്യമാണുള്ളത്. അതുകൊണ്ട് ജനപ്രിയമായ പ്രഖ്യാപനങ്ങൾ മാത്രം മതിയാകില്ല; പണം കണ്ടെത്താനും പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കാനും കഴിയുന്ന ഭരണമാണ് കേരളത്തിന് ആവശ്യം. സതീശൻ സർക്കാരിന്റെ ആദ്യ ഓണം അതിനാൽ രാഷ്ട്രീയ പ്രചാരണത്തിനുള്ള അവസരമാക്കുന്നതിനെക്കാൾ ജനവിശ്വാസം ശക്തിപ്പെടുത്താനുള്ള അവസരമാക്കുന്നതാണ് ഉചിതം. ഓണക്കിറ്റും ഓണച്ചന്തയും വിലക്കുറവും സ്വാഗതാർഹമാണ്.

ഓണം എല്ലാവരുടെയും ആഘോഷമാണ്. സമ്പന്നനും സാധാരണക്കാരനും ഒരുപോലെ സന്തോഷത്തോടെ ഓണം ആഘോഷിക്കാൻ കഴിയുന്ന കേരളമാണ് ഒരു ക്ഷേമസംസ്ഥാനത്തിന്റെ ലക്ഷ്യം. ഒരു ഓണക്കിറ്റ് ഒരു കുടുംബത്തിന് താൽക്കാലിക ആശ്വാസം നൽകും. സപ്ലൈകോയുടെ സബ്സിഡി വില ഒരു മാസത്തെ ചെലവ് കുറയ്ക്കും. എന്നാൽ സ്ഥിരമായ തൊഴിൽ, നല്ല വിദ്യാഭ്യാസം, കുറഞ്ഞ ചികിത്സാചെലവ്, കർഷകന് ന്യായമായ വരുമാനം, സ്ത്രീകൾക്ക് സുരക്ഷ, യുവാക്കൾക്ക് അവസരം, ദുരന്തങ്ങളിൽനിന്നുള്ള സംരക്ഷണം എന്നിവയാണ് ജനങ്ങൾക്ക് വർഷം മുഴുവൻ ആവശ്യം. അതുകൊണ്ട് വി.ഡി. സതീശൻ സർക്കാരിന്റെ ആദ്യ ഓണം ഒരു അവസരമാണ് - ജനങ്ങളുടെ വിശ്വാസം പ്രവൃത്തിയിലൂടെ ഉറപ്പിക്കുന്നതിനുള്ള അവസരം. ഓണക്കിറ്റും ഓണച്ചന്തയും ഈ യാത്രയുടെ നല്ല തുടക്കമാകാം. എന്നാൽ അവയെ സ്ഥിരമായ ജനക്ഷേമ നയങ്ങളാക്കി മാറ്റുകയാണ് യഥാർത്ഥ വെല്ലുവിളി.

ഈ ഓണം ജനങ്ങൾക്ക് ആശ്വാസം നൽകട്ടെ. അതിനപ്പുറം, അടുത്ത ഓണത്തിന് മുമ്പ് അവരുടെ ജീവിതത്തിൽ കാണാവുന്ന മാറ്റങ്ങൾ സൃഷ്ടിക്കാനുള്ള ഉത്തരവാദിത്വം പുതിയ സർക്കാരിനുണ്ട്. ഓണം ആഘോഷിക്കാനുള്ള അവസരം മാത്രമല്ല - ജനവിശ്വാസം നേടാനുള്ള പരീക്ഷണവുമാണ്.

# കേന്ദ്രമന്ത്രിമാരുടെ ഔദ്യോഗിക വസതികളുടെ നവീകരണത്തിന് റിക്കാർഡ് തുക

ന്യൂഡൽഹി: ഡൽഹിയിലെ ല്യൂട്ട്യൻസ് ബംഗ്ലാവ് മേഖലയിലുള്ള കേന്ദ്രമന്ത്രിമാരുടെ ഔദ്യോഗിക വസതികളുടെ അറ്റകുറ്റപ്പണികൾക്കും നവീകരണത്തിനുമായി 2025-26 സാമ്പത്തിക വർഷം സർവകാല റിക്കാർഡ് തുക ചെലവഴിച്ചതായി വിവരാവകാശ രേഖ. 92.35 കോടി രൂപയാണ് കഴിഞ്ഞ സാമ്പത്തികവർഷം ഇതിനായി ചെലവായത്. വാർത്താ ഏജൻസിയായ പിടിഐ നല്കിയ വിവരാവകാശ അപേക്ഷകൾക്ക് മറുപടിയായി സെൻട്രൽ പബ്ലിക് വർക്സ് ഡിപ്പാർട്ടുമെന്റാണ് ഈ കണക്കുകൾ പുറത്തുവിട്ടത്.

2014-15-ൽ ചെലവഴിച്ച 27.47 കോടി രൂപയേക്കാൾ മൂന്നിരട്ടിയിലധികമാണ് നിലവിലെ തുക. 2014-15 മുതൽ 2025-26 വരെയുള്ള കാലയളവിൽ മന്ത്രിമാരുടെ വസതികളുടെ നവീകരണത്തിനായി സിപിഡബ്ല്യുഡി വഴി സർക്കാർ ആകെ 547.68 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

1912-നും 1930-നും ഇടയിൽ ബ്രിട്ടീഷ് ഭരണകാലത്ത് നിർമ്മിച്ചവയാണ് ഈ ബംഗ്ലാവുകളിൽ ഭൂരിഭാഗവും. 80 മുതൽ നൂറുവരെ വർഷം പഴക്കമുള്ളതിനാൽ ഇവയിൽ പലതും സുരക്ഷിതമല്ല. ചോർച്ച, ചിതൽശല്യം, കാലപ്പഴക്കം ചെന്ന ഇലക്ട്രിക്കൽ പ്ലംബിംഗ് സംവിധാനങ്ങൾ, തറയോടുകളുടെ തകരാറുകൾ എന്നിവയാണ് നിരന്തരം അറ്റകുറ്റപ്പണികൾ ആവശ്യമായി വരുന്നതിനു പ്രധാന കാരണം. നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും വിശാലമായ കോമ്പൗണ്ടുകൾ പരിപാലിക്കുന്നതിനുള്ള ഉയർന്ന ചെലവും തുക വർദ്ധിക്കാൻ കാരണമായി.

കേന്ദ്രമന്ത്രിസഭയിൽ 72 മന്ത്രിമാരാണുള്ളത്. ഇതനുസരിച്ച് കഴിഞ്ഞ സാമ്പത്തികവർഷം ഒരു മന്ത്രിയുടെ വസതിക്കായി ശരാശരി 1.2 കോടി രൂപയോളം ചെലവഴിച്ചിട്ടുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. എന്നാൽ, മന്ത്രിമാരല്ലാത്ത എംപിമാരുടെയോ മറ്റ് ഉദ്യോഗസ്ഥരുടെയോ വസതികളുടെ ചെലവ് വിവരങ്ങൾ ഇതിൽ ഉൾപ്പെടുന്നില്ല.

ന്യൂഡൽഹിയുടെ രൂപകല്പനയിൽ പ്രധാന പങ്കു വഹിച്ചിട്ടുള്ള ബ്രിട്ടീഷ് ആർക്കിടെക്ട് എഡ്വിൻ ലുട്ട്യൻസും ബ്രിട്ടീഷ് പൊതുമരാമത്ത് വകുപ്പിലെ ആർക്കിടെക്ടുകളുമാണ് വാസ്തുഭംഗി നിറഞ്ഞ ഈ ബംഗ്ലാവുകൾ പണിതീർത്തത്.

സ്വാതന്ത്ര്യാനന്തരം ഈ കെട്ടിടങ്ങൾ മുതിർന്ന സർക്കാർ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി മാറ്റിയെടുക്കുകയുണ്ടായി. ഇപ്പോൾ മന്ത്രിമാരെ കൂടാതെ പാർലമെന്റ് അംഗങ്ങൾ, മുതിർന്ന ജഡ്ജിമാർ, ഉന്നത സൈനിക ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ ഔദ്യോഗിക വസതികളാണ് ഈ ബംഗ്ലാവുകൾ. ഈ വസതികൾ ഉൾക്കൊള്ളുന്ന പ്രദേശത്തെ ല്യൂട്ടൻസ് ബംഗ്ലാവ് സോൺ എന്നാണ് വിളിക്കുന്നത്.

# ഏകീകൃത സർവകലാശാല ബിൽ വരുന്നു

തിരുവനന്തപുരം: വിവിധ സർവകലാശാലകളിലെ നിയമനങ്ങൾ ഒരുപോലെയാക്കുന്നതിനായി ഏകീകരിച്ച സർവകലാശാലാ ബിൽ കൊണ്ടുവരുന്നതിനുള്ള നടപടി തുടങ്ങി. മുൻ സർക്കാർ പാസാക്കിയ ഏകീകൃത സർവകലാശാലാ ബിൽ നിലവിൽ രാഷ്ട്രപതിയുടെ മുൻപാകെയാണ്. അതു മടക്കിവാങ്ങാനും പുതിയ ബിൽ തയ്യാറാക്കുന്നതിനുമുള്ള ശിപാർശ ഉന്നത വിദ്യാഭ്യാസ വകുപ്പ് മുഖ്യമന്ത്രിക്ക് കൈമാറി.

വിവിധ സർവകലാശാലകളുടെ സ്വഭാവത്തിൽ വൈവിധ്യമുള്ളതിനാൽ എല്ലാ സർവകലാശാലകളുടെയും എല്ലാ നിയമങ്ങളും ഒരുപോലെയാക്കാനാവില്ല. കേരള, എംജി, കാലിക്കട്ട്, കണ്ണൂർ എന്നീ അഫിലിയേറ്റിങ് സർവകലാശാലകളുടെ നിയമങ്ങളായിരിക്കും കൂടുതലും ഏകീകരിക്കുക.

വിസി നിയമന സമിതിയിൽ സെനറ്റിന്റെ പ്രതിനിധിക്കു പകരം സിൻഡിക്കേറ്റിന്റെ പ്രതിനിധി എന്ന വ്യവസ്ഥ എല്ലാ സർവകലാശാലകൾക്കും ബാധകമാക്കും. സർക്കാരിന് വിസി നിയമനത്തിൽ ഒരു സ്വാധീനവും ചെലുത്താനാകില്ലെന്ന പോരായ്മ നികത്താണിത്. സെനറ്റിൽ ഇടതുപക്ഷത്തിനാണ് പൊതുവെ ഭൂരിപക്ഷം. വിസിമാരുടെ പ്രായവും പ്രോ-വിസിമാരുടെ നിയമനം, അധികാരം എന്നിവയും ഏകീകരിക്കാനുള്ള വ്യവസ്ഥ പുതിയ ബില്ലിൽ ഉണ്ടാകും.

ചാൻസലർ എന്ന നിലയിൽ ഗവർണർക്ക് നിർണായക അധികാരമുള്ളതിനാൽ ഗവർണറെക്കൂടി ഉൾക്കൊള്ളുന്ന സമീപനമായിരിക്കും സ്വീകരിക്കുക. നിലവിൽ കേരള, കാലിക്കട്ട് സർവകലാശാലകളിൽ സെനറ്റിലേക്ക് ഗവർണർക്ക് അംഗങ്ങളെ നിയമിക്കാം. കേരളയിലും കാലിക്കട്ടിലും മാത്രമാണ് സെനറ്റിലേക്ക് നിലവിൽ തെരഞ്ഞെടുപ്പുള്ളത്. ഏകീകരണത്തിന്റെ പേരിൽ ഇവയിൽ നാമനിർദ്ദേശമാക്കണമെന്ന അഭിപ്രായം ഉയർന്നിട്ടുണ്ടെങ്കിലും നയപരമായ തീരുമാനം വേണ്ടിവരും.

എല്ലാ സർവകലാശാലകളിലും സ്ഥിരം വിസിമാരെ നിയമിക്കാനുള്ള സാഹചര്യമൊരുക്കുകയാണ് സർക്കാരിന്റെ വിശാല താല്പര്യം. ഗവർണർക്ക് ഉണ്ടായിരുന്ന അധികാരം കവർന്നുള്ള ബില്ലുകൾ മുൻസർക്കാർ പാസാക്കിയെങ്കിലും ലോക്ഭവൻ അംഗീകാരം നല്കാഞ്ഞതിനാൽ നിയമമാക്കാനായില്ല. ഏറ്റവുമൊടുവിൽ ഡിജിറ്റൽ സാങ്കേതിക സർവകലാശാല വിസിമാരെ ഗവർണറും സർക്കാരും പങ്കിട്ടെടുക്കും.

അതുകൊണ്ടുതന്നെ പ്രായോഗിക സമീപനം സ്വീകരിക്കണമെന്നാണ് സർക്കാരിന്റെ ചിന്ത. സർവകലാശാലാ ഭരണത്തിൽ ഇടപെടാനുള്ള അധികാരം പ്രോ-ചാൻസലർ എന്ന നിലയിൽ ഉന്നതവിദ്യാഭ്യാസ മന്ത്രിക്കും കൂടി നല്കിക്കൊണ്ടുള്ളതാണ് ഇപ്പോഴുള്ള ബില്ല്. സിൻഡിക്കേറ്റ് നിയമിക്കുന്ന പിവിസിക്കും കൂടുതൽ അധികാരം നല്കി. ഈ ബില്ലും ഗവർണർ രാഷ്ട്രപതിക്ക് അയയ്ക്കുകയായിരുന്നു.


JV BUILT
GENERAL CONTRACTOR
BUILT ON TRUST.
FOCUSED ON QUALITY.
From big upgrades to everyday improvements, we bring skill, integrity, and attention to detail to every project.
RESIDENTIAL | COMMERCIAL | FULLY INSURED | FREE ESTIMATES
OUR EXPERTISE
WINDOW REPLACEMENT
Improve comfort, efficiency & boost curb appeal.
FLOORING
Durable. Stylish. Built to last. Installed right.
ROOFING
Quality roofing that protects what matters most.
PAINT & GENERAL CONTRACTING
Interior & exterior painting and complete home improvements.
630-544-7951
jvbuilt1@gmail.com
Proudly Serving the Chicago Land Area
BUILDING TRUST. DELIVERING EXCELLENCE.
ONE CONTRACTOR. COMPLETE SOLUTIONS.
Remodeling • Additions • Repairs • Maintenance • And More


JAIBU MATHEW KULANGARA & ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
Free Electronic Filing

# പി.എം കെയേഴ്സ് ഫണ്ടിൽ 8452 കോടി; ചെലവിട്ടത് 88 ലക്ഷം മാത്രമെന്ന് റിപ്പോർട്ട്

ന്യൂഡൽഹി: അടിയന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി മോദി സർക്കാർ രൂപീകരിച്ച പിഎം കെയേഴ്സ് ഫണ്ടിൽ ആയിരക്കണക്കിനു കോടി രൂപ ഉപയോഗിക്കാതെ കെട്ടിക്കിടക്കുന്നതായി റിപ്പോർട്ട്.

2024–25 സാമ്പത്തികവർഷത്തിന്റെ അവസാനത്തിൽ 8452 കോടി രൂപ നീക്കിയിരിപ്പുള്ള അക്കൗണ്ടിൽനിന്ന് ആ വർഷം ചെലവഴിച്ചത് വെറും 87.85 ലക്ഷം രൂപ മാത്രമാണ്.

വലിയൊരു തുക വിനിയോഗിക്കാതെ വെറുതെ സൂക്ഷിക്കുന്നതിനെതിരെ കേന്ദ്രസർക്കാരിനെതിരെ പ്രതിപക്ഷവും സാമൂഹികപ്രവർത്തകരും ശക്തമായ വിമർശനവുമായി രംഗത്തെത്തി.

പിഎം കെയേഴ്സ് ഫണ്ടിലുള്ള ഒരു ശതമാനത്തിൽ താഴെ തുക മാത്രം സർക്കാർ വിനിയോഗിച്ചതിനെക്കുറിച്ചും ഇത്രയും വലിയ തുകകൾ വെറുതെ സൂക്ഷിക്കുന്നത് എന്തുകൊണ്ടാണെന്നുമാണ് പ്രതിപക്ഷനേതാക്കൾ ചോദ്യമുയർത്തുന്നത്.

2020 മാർച്ചിൽ പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റായി രൂപീകരിച്ചതാണ് പിഎം കെയേഴ്സ് ഫണ്ട്. ആഭ്യന്തര, വിദേശ സംഭാവനകൾ സ്വീകരിക്കുന്ന ഈ ഫണ്ടിൽനിന്നു കോവിഡ് കാലത്ത് വെന്റിലേറ്ററുകൾ, ഓക്സിജൻ ഉപകരണങ്ങൾ,വാക്സിൻ വിതരണം തുടങ്ങിയവയ്ക്ക് പണം വിനിയോഗിച്ചിരുന്നു.

പൊതുജനാരോഗ്യ അടിയന്തരാവസ്ഥയോ അല്ലെങ്കിൽ മനുഷ്യനിർമിതമോ പ്രകൃതിദത്തമോ ആയ മറ്റേതെങ്കിലും അടിയന്തര സാഹചര്യങ്ങൾ, ദുരന്തങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ഏതെങ്കിലും തരത്തിലുള്ള സഹായം ഏറ്റെടുക്കുന്നതിനും പിന്തുണയ്ക്കുന്നതിനും പിഎം കെയേഴ്സ് ഫണ്ട് ഉപയോഗിക്കുമെന്നാണ് ഫണ്ടിന്റെ ലക്ഷ്യമായി പിഎം കെയേഴ്സിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പറയുന്നത്.

എന്നാൽ 2020 മാർച്ച് മുതൽ 2025 മാർച്ച് 31 വരെ ഫണ്ട് അതിന്റെ മൊത്തം വരുമാനത്തിന്റെ അഞ്ചിലൊന്നു (18.7 ശതമാനം) മാത്രമാണ് ഇതുവരെ ചെലവഴിച്ചിരിക്കുന്നത്.

2023–24–ലും 2024–25–ലും പിഎം കെയേഴ്സിന് 1,162.92 കോടി രൂപ സംഭാവനയായി ലഭിച്ചെങ്കിലും ഈ കാലയളവിൽ ഫണ്ടിൽനിന്നു ചെലവഴിച്ചത് 16.47 കോടി രൂപ മാത്രമാണ്.

2024–25–ൽ ഫണ്ട് 479.97 കോടി രൂപ സംഭാവനയായി ശേഖരിച്ചപ്പോൾ കോവിഡ് മൂലം മാതാപിതാക്കളെ നഷ്ടപ്പെട്ട കുട്ടികൾക്കായി സഹായം നൽകുന്ന പദ്ധതിയായ പിഎം കെയേഴ്സ് ഫോർ ചിൽഡ്രൻ എന്ന പദ്ധതിക്കുവേണ്ടി 87.85 ലക്ഷം രൂപ മാത്രമാണു ചെലവഴിച്ചതെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു.

2023–24–ൽ 682.94 കോടി രൂപ സമാഹരിച്ചപ്പോൾ 15.59 കോടി രൂപ മാത്രമാണ് ഫണ്ട് ചെലവഴിച്ചത്.

പ്രകൃതിദുരന്തങ്ങളിൽ വൻ ആൾനാശമുണ്ടാകുകയും ആയിരക്കണക്കിന് ആളുകൾക്ക് ദുരിതാശ്വാസവും പുനരധിവാസവും ആവശ്യമായി വരികയും ചെയ്യുമ്പോൾ ലഭ്യമായ 8,452 കോടി രൂപയുടെ 0.01 ശതമാനം മാത്രമേ വിനിയോഗിച്ചിട്ടുള്ളൂവെന്നും ആളുകൾ കഷ്ടപ്പെടുമ്പോൾ 8,452 കോടി രൂപ വെറുതെ ഇരിക്കുകയാണെന്നും കോൺഗ്രസ് നേതാവ് പവൻ ഖേര കുറ്റപ്പെടുത്തി.

# വയോജന സംരക്ഷണത്തിൽ ഇടപെട്ട് സുപ്രീംകോടതി

ന്യൂഡൽഹി: മുതിർന്ന പൗരരുടെയും മാതാപിതാക്കളുടെയും സംരക്ഷണം ഉറപ്പാക്കാൻ ആവശ്യമെങ്കിൽ മക്കളെ സ്വത്തിൽനിന്ന് ഒഴിപ്പിക്കാൻ വയോജനട്രൈബ്യൂണലുകൾക്ക് അധികാരമുണ്ടെന്നു സുപ്രീം കോടതി വ്യക്തമാക്കി. പ്രായമേറുന്നത് അവഗണന, അരക്ഷിതാവസ്ഥ, അപമാനം എന്നിവയ്ക്കു കാരണമാകരുത്. ഈ പ്രതിബദ്ധത വ്യക്തമാക്കുന്നതാണ് മുതിർന്ന പൗരർക്കും രക്ഷിതാക്കൾക്കും വേണ്ടിയുള്ള 2007–ലെ നിയമമെന്നും ജഡ്ജിമാരായ പി.എസ്. നരസിംഹ, അലോക് ആരാധെ എന്നിവരുടെ ബെഞ്ച് പറഞ്ഞു.

ഉചിതവും അനിവാര്യവുമെങ്കിൽ ഒഴിപ്പിക്കൽ ഉത്തരവു പുറപ്പെടുവിക്കാൻ ട്രൈബ്യൂണലുകൾക്കു കഴിയും. അന്തസ്സോടെ ജീവിക്കാനുള്ള മൗലികാവകാശം അടക്കം ഭരണഘടനാ തത്വങ്ങൾ പരിഗണിച്ചു വേണം നിയമത്തെ വ്യാഖ്യാനിക്കാനെന്നും ബെഞ്ച് നിരീക്ഷിച്ചു.

ഉത്തർപ്രദേശിലെ ലക്നൗ വികാസ് നഗറിൽ എൺപത്തിയൊന്നുകാരിയായ അമ്മയെ സംരക്ഷിക്കാൻ രവികാന്ത് ഗുപ്ത എന്നയാൾ സ്വന്തം മകനുമായി നടത്തിയ നിയമപോരാട്ടമാണ് കേസ്. രവികാന്തിന്റെ മകനും മരുമകളും മുത്തശ്ശിയെ (രവികാന്തിന്റെ അമ്മ) വൃദ്ധസദനത്തിലാക്കി. താൻ സമ്പാദിച്ച വീട്ടിൽ തന്റെ അമ്മയെ താമസിപ്പിക്കുന്നില്ലെന്ന പരാതിയുമായി രവികാന്ത് സബ് ഡിവിഷനിൽ മജിസ്ട്രേട്ടിനെ സമീപിച്ചു. മകനും ഭാര്യയും വീട് ഒഴിയണമെന്നായിരുന്നു ഉത്തരവ്. എന്നാൽ, അപ്പീൽ പരിഗണിച്ച അലഹബാദ് ഹൈക്കോടതി ഉത്തരവു റദ്ദാക്കി. രവികാന്തിന്റെ പുനഃപരിശോധന ഹർജി കൊണ്ടും കാര്യമുണ്ടായില്ല. തുടർന്നാണു കേസ് സുപ്രീംകോടതിയിലെത്തിയത്.

മുതിർന്നവർക്കു നൽകുന്ന അന്തസ്സിലും ബഹുമാനത്തിലും സുരക്ഷയിലുമാണ് പരിഷ്കൃത സമൂഹത്തിന്റെ അളവുകോൽ എന്നു സുപ്രീം കോടതി പറഞ്ഞു. മുതിർന്നവരെ ആശ്രിതരായി മാത്രമല്ല നാം കണക്കാക്കുന്നത്. ജ്ഞാനത്തിന്റെയും അനുഭവത്തിന്റെയും ഓർമകളുടെയും കലവറകളാണ് അവർ. 2007–ലെ നിയമത്തിലെ വ്യവസ്ഥകൾ അമ്മയെയും അച്ഛനെയും ദൈവികമായി കണ്ടു വണങ്ങുന്ന നമ്മുടെ രാജ്യത്തെ ധാർമിക മൂല്യത്തിൽ അധിഷ്ഠിതമാണെന്നും ചൂണ്ടിക്കാട്ടി.

# സിവിൽ ജഡ്ജിയാകാൻ ഒരു വർഷത്തെ പരിചയം മതിയെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: സിവിൽ ജഡ്ജിയാകാൻ അഭിഭാഷകവൃത്തിയിലെ പരിചയം ഒരു വർഷമായി കുറച്ച് സുപ്രീംകോടതി.

എൻട്രി ലെവൽ ജുഡീഷൽ സർവീസ് പരീക്ഷകളിൽ പങ്കെടുക്കാൻ നിയമബിരുദധാരികൾക്ക് നിർബന്ധമാക്കിയിരുന്ന മൂന്നു വർഷത്തെ പ്രഫഷണൽ പ്രാക്ടീസ് കാലാവധിയാണ് കുറച്ചത്.

2025 മേയിലെ വിധിയിൽ ഭേദഗതി വരുത്തിക്കൊണ്ടാണ് ഈ ഉത്തരവ്. ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസുമാരായ എ.ജി. മസിഹ്, കെ.വി. വിനോദ് ചന്ദ്രൻ എന്നിവർ ഉൾപ്പെട്ട ബെഞ്ചിന്റേതാണ് ഉത്തരവ്.

2027 ഏപ്രിൽ ഒന്നിന് ശേഷം വിജ്ഞാപനം ചെയ്യുന്ന പരീക്ഷകൾക്ക് പുതിയ നിയമം ബാധകമായിരിക്കും.

# ഉത്തരധ്രുവത്തിലെ 90 ഡിഗ്രി പോയിന്റിൽ കാലുകുത്തുന്ന ആദ്യ കേരളീയനായി പ്രഫ. ഡോ. ബിജോയ് നന്ദൻ




കളമശേരി: ഉത്തരധ്രുവത്തിലെ 90 ഡിഗ്രി വടക്കൻ അക്ഷാംശത്തിൽ എത്തുന്ന ആദ്യ കേരളീയനെന്ന ചരിത്രനേട്ടം സ്വന്തമാക്കി കുസാറ്റ് മറൈൻ സയൻസസ് ഫാക്കൽറ്റി ഡീൻ പ്രഫ. ഡോ. എസ്. ബിജോയ് നന്ദൻ. കഴിഞ്ഞ നാല് മുതൽ 13 വരെ നടന്ന ഏഴാമത് റോസാറ്റോം ഇന്റർനാഷണൽ ആർടിക് എക്സ്പെഡിഷൻ–ഐസ്ബ്രേക്കർ ഓഫ് നോളജ് അന്താരാഷ്ട്ര പര്യവേക്ഷണത്തിന്റെ ഭാഗമായാണ് പ്രഫ. ഡോ. ബിജോയ് നന്ദൻ ഉത്തരധ്രുവത്തിലെത്തിയത്.

ഈ പര്യവേക്ഷണത്തിലേക്ക് വിഷയവിദഗ്ദ്ധനായി തെരഞ്ഞെടുക്കപ്പെട്ട ആദ്യ ഇന്ത്യക്കാരൻ ബിജോയ് നന്ദനാണ്. റഷ്യയിലെ മുൻമാൻസ്കിൽ നിന്ന് ആണവശക്തിയിൽ പ്രവർത്തിക്കുന്ന ഐസ്ബ്രേക്കറിൽ സഞ്ചരിച്ചാണ് സംഘം ഉത്തരധ്രുവത്തിലെത്തിയത്. അന്താരാഷ്ട്ര വിദഗ്ദ്ധനെന്ന നിലയിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള ശാസ്ത്രജ്ഞർ, ആർടിക് ഗവേഷകർ, ശാസ്ത്ര ആശയവിനിമയ വിദഗ്ദ്ധർ, അദ്ധ്യാപകർ തുടങ്ങിയവരോടൊപ്പം പ്രഫ. ബിജോയ് നന്ദൻ പര്യവേക്ഷണത്തിന്റെ ശാസ്ത്ര വിദ്യാഭ്യാസ പരിപാടികളിൽ പങ്കെടുത്തു.

സമുദ്രധ്രുവ ശാസ്ത്രം, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സുസ്ഥിരത, സമുദ്ര സംരക്ഷണം തുടങ്ങിയ വിഷയങ്ങളിൽ വിദ്യാർത്ഥികളുമായും മറ്റു പങ്കാളികളുമായും അദ്ദേഹം ആശയവിനിമയം നടത്തി.

HEATING & AIR CONDITIONING
Honest Reliable Professional
Lifetime Comfort, Inc
HEATING, AIR CONDITIONING AND ENERGY MANAGEMENT
Services at Reasonable Rates
847-924-4277
LIFETIME COMFORT. INC
Repairs • Maintenance • Installation
Air Conditioners • Furnaces • Boilers
Water Heaters • Humidifiers
24 Hour Emergency Service
• Honest • Reliable
• Licensed • Insured • Bonded
Contact: Eby Elakkatt
16 years of experience
Forlifetimecomfort@gmail.com
We Offer FREE Second Opinion

MEDICARE PLANS
QUESTIONS ANSWERED
• ZERO PREMIUM PPO PLANS
• WORLD WIDE COVERAGE
• PRESCRIPTION DRUG BENEFIT
• FREE GYM MEMBERSHIP
• DENTAL, VISION & HEARING
• SUPPLEMENT BENEFITS
CONTACT
Raj Surendran, MBA
Senior Medicare Specialist
708-945-3985
rsurendran007@gmail.com


FAITH
CHRISTIAN CHURCH
600 Secor Rd, Hartsdale NY 10530
PRAYERFULLYSEARCHING FOR A
SENIOR PASTOR
A CALL TO LEAD. A CHURCH TO IMPACT. A LEGACY TO BUILD.
Faith Christian Church is urgently & prayerfully seekinga Spirit-filled Senior Pastor to lead our growing, multigenerational, multilingual Malayalee Pentecostal congregation.
KEY QUALIFICATIONS
Fluent in Malayalam & English
Bachelor's degree in Theology or Divinity earned through in-person attendance at an accredited college.
Ordained Pentecostal minister
Minimum age of 45; married; 10+ years of pastoral experience with atleast 5 years served as a Senior Pastor.
U.S. citizen or permanent resident
Demonstrates biblical leadership (1 Tim 3:2-7; Titus 1:6-9; 1 Pet 5:2-3)
ROLE OVERVIEW
Preach and teach the word of God
Provide pastoral care and spiritual guidance
Lead with vision, integrity and unity
Strengthen discipleship and missions
Foster connection across cultures and generations
HOW TO APPLY
Email Resume to: faithch.nyc@gmail.com
scan here to apply


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

# ഡൽഹിയിലെ വിദ്യാർത്ഥി പ്രതിഷേധം; അന്വേഷണസമിതി രൂപീകരിച്ച് സുപ്രീംകോടതി

ന്യൂഡൽഹി: പരീക്ഷാ ക്രമക്കേടിനെത്തുടർന്ന് ജൂലൈ 20-ന് വിദ്യാർത്ഥികൾ നടത്തിയ പാർലമെന്റ് മാർച്ചിനിടെയുണ്ടായ അക്രമസംഭവങ്ങളെക്കുറിച്ചുള്ള സ്വതന്ത്ര അന്വേഷണത്തിന് അഞ്ചംഗ ഉന്നതാധികാര അന്വേഷണ സമിതിക്ക് സുപ്രീംകോടതി രൂപം നൽകി.

സുപ്രീംകോടതി മുൻ ജഡ്ജി ജസ്റ്റിസ് ആർ. സുഭാഷ് റെഡ്ഡി അദ്ധ്യക്ഷനായ സമിതിയിൽ, പഞ്ചാബ്-ഹരിയാന ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ് രവിശങ്കർ ഝാ, ഡൽഹി ഹൈക്കോടതി മുൻ ജഡ്ജി ജസ്റ്റിസ് ശാലിന്ദർ കൗർ, സിബിഐ മുൻ ഡയറക്ടർ ഋഷി കുമാർ ശുക്ല, മേഘാലയ മുൻ ഡിജിപി ഡോ. എൽ.ആർ. ബിഷ്ണോയ് എന്നിവരാണ് മറ്റ് അംഗങ്ങൾ.

അന്വേഷണത്തിന്റെ പശ്ചാത്തലത്തിൽ സമിതി ഇടക്കാല അന്വേഷണ റിപ്പോർട്ട് എത്രയുംവേഗം സമർപ്പിക്കണമെന്ന് ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസുമാരായ ജോയ്മല്യ ബാഗ്ചി, വി. മോഹന എന്നിവർ പുറപ്പെടുവിച്ച ഉത്തരവിൽ വ്യക്തമാക്കി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സുപ്രീംകോടതി തുടർനടപടികൾ സ്വീകരിക്കും.

പ്രതിഷേധക്കാർക്കെതിരെ പോലീസും മറ്റ് സുരക്ഷ ഏജൻസികളും നടത്തിയ അതിക്രമം, പെല്ലറ്റ് തോക്ക് പ്രയോഗം, അറസ്റ്റ് ചെയ്യുമ്പോഴും ബലം പ്രയോഗിക്കുമ്പോഴു പോലീസുകാർ കൃത്യമായ യൂണിഫോമും നെയിം പ്ലേറ്റും ധരിക്കാത്തത്, വനിതാ പ്രക്ഷോഭകർക്കെതിരേയുള്ള ലൈംഗികാതിക്രമങ്ങൾ, ഇരകൾക്കു നൽകിയ വൈദ്യസഹായത്തിന്റെ അപര്യാപ്തത തുടങ്ങിയവ ഉന്നതാധികാര സമിതിയുടെ അന്വേഷണപരിധിയിൽ വരും.

ഇതോടൊപ്പം പ്രതിഷേധക്കാർ പോലീസിനുനേരേ നടത്തിയ അതിക്രമങ്ങളും പൊതുമുതൽ നശിപ്പിച്ചതടക്കമുള്ള വിഷയങ്ങളും സമിതി അന്വേഷിക്കുമെന്ന് കോടതി വ്യക്തമാക്കി. വനിതാ പ്രതിഷേധക്കാർക്കെതിരേ ലൈംഗിക അതിക്രമങ്ങൾ ഉണ്ടായെന്ന ഹർജിക്കാരുടെ പരാതി മുൻഗണനാടിസ്ഥാനത്തിൽ അന്വേഷിക്കണമെന്നും കോടതി നിർദേശിച്ചു.

പോലീസും സുരക്ഷാ ഉദ്യോഗസ്ഥരും പ്രതിഷേധക്കാർക്കു വരുത്തിയ ഗുരുതര പരുക്കുകളെക്കുറിച്ചും അതിന് ഉത്തരവുകൾ നൽകിയ ഉദ്യോഗസ്ഥരെക്കുറിച്ചും സമിതി അന്വേഷിക്കണം. ഒപ്പം പരുക്കേറ്റ പോലീസുകാർക്കും പ്രതിഷേധക്കാർക്കും ഇടക്കാല നഷ്ടപരിഹാരം നൽകുന്ന കാര്യവും സമിതിക്കു നിർദേശിക്കാം.

കൂടാതെ, സമിതി അദ്ധ്യക്ഷൻ നിശ്ചയിക്കുന്നതനുസരിച്ച് ഹർജിക്കാർക്കു പരാതികൾ സമർപ്പിക്കാമെന്നും കോടതി വ്യക്തമാക്കി.

# മോഷണത്തിനിടെ വയോധികൻ കൊല്ലപ്പെട്ടു; കൊച്ചുമകൾ ഉൾപ്പെടെ നാല് കൗമാരക്കാർ പിടിയിൽ

ഹരിപ്പാട്: കരുവാറ്റയിൽ വാടകവീട്ടിൽ തനിച്ചായിരുന്ന എഴുപതുകാരനെ വീടിനുള്ളിൽ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തി. കേസിൽ ബന്ധുവായ 13 വയസുകാരിയും കാമുകനും ഉൾപ്പെടെ നാല് കൗമാരക്കാർ കസ്റ്റഡിയിൽ. കരുവാറ്റ പഞ്ചായത്ത് ഒൻപതാം വാർഡിൽ മാടപ്പുറക്കൽ പാടീറ്റത്തിൽ കുടുംബസമേതം വാടകയ്ക്ക് താമസിക്കുന്ന കൊല്ലം പരവൂർ നെടുങ്ങോലം കൊച്ചാലുംമൂട് സരസ്വതി നിവാസിൽ ശിവൻകുട്ടി ചെട്ടിയാർ (70) ആണ് കൊല്ലപ്പെട്ടത്. ഭാര്യ സരസ്വതി മകൾ ശ്രീകലയുടെ പ്രസവവുമായി ബന്ധപ്പെട്ട് ആഗസ്റ്റ് 13-ന് വ്യാഴാഴ്ച മുതൽ വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയിലായിരുന്നു.

കൊച്ചുമകളായ എട്ടാം ക്ലാസ് വിദ്യാർത്ഥിനിയാണ് നാടിനെ നടുക്കിയ കൊലപാതകം ആസൂത്രണം ചെയ്തതെന്ന് പോലീസ് പറഞ്ഞു. പെൺകുട്ടിയുടെ കാമുകനും സുഹൃത്തുക്കളുമായ മൂന്ന് കൗമാരക്കാരാണ് കൃത്യം നടത്തിയത്.

പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികളാണ് രണ്ടു പേർ. മൂന്നാമൻ പ്ലസ് വൺ പഠനം കഴിഞ്ഞയാളാണ്. വീട്ടിൽ സ്വർണമുണ്ടെന്നും പണവും സ്വർണവും അപഹരിക്കാമെന്നും പറഞ്ഞാണ് പെൺകുട്ടിയുടെ കാമുകൻ സുഹൃത്തുക്കളെ കൂട്ടി എത്തിയത്. കൊല്ലത്ത് വിറ്റതടക്കം ഇവർ മോഷ്ടിച്ച 4.5 പവൻ സ്വർണാഭരണങ്ങൾ പോലീസ് കണ്ടെടുത്തു. പെൺകുട്ടിയുടെ പ്രേരണയിലാണ് 15-ന് വൈകിട്ട് സംഘം കരുവാറ്റയിലെത്തിയത്.

മോഷണശ്രമത്തിനിടെയുള്ള കൊലപാതകമാണെന്നാണു പോലീസിന്റെ പ്രാഥമിക നിഗമനം. അടിഭാഗം ഷീറ്റും



മുകൾഭാഗം ഗ്രില്ലുമുള്ള അടുക്കള വാതിലിലൂടെയാണ് ഇവർ അകത്തുകടന്നതെന്നാണ് പോലീസ് കണ്ടെത്തൽ. ഗ്രില്ലിലൂടെ കൈയിട്ട് അകത്തെ സാക്ഷ മാറ്റിയായിരുന്നു പ്രവേശനം. കൃത്യം നടത്തിയശേഷം ഇതേവഴി പുറത്തിറങ്ങി തിരികെ ഗ്രില്ലിലൂടെ കൈയിട്ട് സാക്ഷയിട്ടാണ് പ്രതികൾ കടന്നുകളഞ്ഞത്.

കൊല്ലപ്പെട്ടയാൾ തന്നോട് മോശമായി പെരുമാറിയെന്ന് പെൺകുട്ടി കാമുകനോട് പറഞ്ഞിരുന്നു. ഫോൺ അമിതമായി ഉപയോഗിക്കുന്നതിനും വൈകി വീട്ടിലെത്തുന്നതിനും ശിവൻകുട്ടി വഴക്കുപറഞ്ഞിരുന്നതും പെൺകുട്ടിയുടെ ശത്രുത വളർത്തി. പെൺകുട്ടിക്ക് പുതിയ ഐഫോൺ വാങ്ങുന്നതിനും കാമുകനും കൂട്ടുകാർക്കും ബൈക്ക് വാങ്ങുന്നതിനും പണം സമ്പാദിക്കുകയായിരുന്നു ഇവരുടെ പ്രധാന ഉദ്ദേശ്യമെന്നും പോലീസ് പറഞ്ഞു.

ഡൈനിങ് റൂമിലുണ്ടായിരുന്ന ശിവൻകുട്ടിയെ തറയിലിട്ട് കൈയും കൈലും പരസ്പരം വരിഞ്ഞുമുറുക്കി ക്രൂരമായി മർദിച്ചും ശ്വാസംമുട്ടിച്ചുമാണ് കൊലപ്പെടുത്തിയത്. മരണം ഉറപ്പുവരുത്തിയ ശേഷം വീട്ടിലുണ്ടായിരുന്ന സ്വർണം അപഹരിച്ചു. കൊലപാതകത്തിന് ശേഷം ശിവൻകുട്ടിയുടെ മൃതദേഹവും ദൃശ്യങ്ങളും പ്രതികൾ വീഡിയോ കോളിലൂടെ പെൺകുട്ടിക്ക് കാട്ടിക്കൊടുക്കുകയും ചെയ്തു. സിനിമകൾ കണ്ട പ്രേരണയിലാണ് ഇവർ കൃത്യം ചെയ്തതെന്നും പോലീസ് പറഞ്ഞു.

പ്രതികൾ ഫോണുകൾ സ്വിച്ച് ഓഫ് ചെയ്തിരുന്നെങ്കിലും സൈബർ സെല്ലിന്റെ സഹായത്തോടെ ടവർ ലൊക്കേഷൻ പിന്തുടർന്ന് കൊല്ലത്തുനിന്നാണ് പ്രതികളെ അന്വേഷണസംഘം പിടികൂടിയത്.

# പാലാ നഗരസഭാദ്ധ്യക്ഷയായി മായാ രാഹുലിനെ തെരഞ്ഞെടുത്തു

പാലാ: എൽഡിഎഫ്-കോൺഗ്രസ് വിമതസഖ്യമായ നഗര വികസന മുന്നണി ഇനി പാലാ ഭരിക്കും. സഖ്യത്തിന്റെ സ്ഥാനാർത്ഥി മായാ രാഹുലിനെ നഗരസഭാദ്ധ്യക്ഷയായി തെരഞ്ഞെടുത്തു. നിലവിൽ നഗരസഭാ ഉപാദ്ധ്യക്ഷയാണ്. നഗരസഭാ തെരഞ്ഞെടുപ്പിൽ യുഡിഎഫ് സ്ഥാനാർ



ത്ഥിക്കെതിരെ സ്വതന്ത്രയായി മത്സരിച്ചു ജയിച്ച മായ, പിന്നീടു യുഡിഎഫിനെ പിന്തുണച്ചിരുന്നു.

എന്നാൽ യുഡിഎഫിലെ അസ്വാരസ്യങ്ങളെത്തുടർന്നു കോൺഗ്രസ് വിമതർക്കൊപ്പം യുഡിഎഫ് വിടുകയായിരുന്നു.

യുഡിഎഫ് അദ്ധ്യക്ഷയായിരുന്ന ദിയ ബിനു പുളിക്കക്കണ്ടത്തിനെതിരെ എൽഡിഎഫ് കൊണ്ടുവന്ന അവിശ്വാസം കോൺഗ്രസ് വിമതരുടെകൂടി പിന്തുണയോടെ പാസായതിനെത്തുടർന്നാണ് അദ്ധ്യക്ഷസ്ഥാനത്തേക്കു തെരഞ്ഞെടുപ്പു നടന്നത്. ഈ തെരഞ്ഞെടുപ്പിൽ മായാ രാഹുൽ കോൺഗ്രസ് വിമത പക്ഷത്തിന് ഒപ്പമായിരുന്നു.

26 അംഗ കൗൺസിലിൽ യുഡിഎഫ് സ്ഥാനാർത്ഥി റിയ ബിനോ ചീരാംകുഴിയെ 10-ന് എതിരെ 16 വോട്ടുകൾക്കു പരാജയപ്പെടുത്തിയാണ് അദ്ധ്യക്ഷ സ്ഥാനത്തേക്കു മായയുടെ വിജയം. കോൺഗ്രസ് വിമതർക്കൊപ്പമായിരുന്ന ലിസിക്കുട്ടി മാത്യു യുഡിഎഫിനാണു വോട്ട് ചെയ്തത്.

37 വർഷം തുടർന്ന നഗരസഭാ ഭരണത്തിൽനിന്ന് ഏഴ് മാസം മുൻപു പുറത്തായ കേരളകോൺഗ്രസിന്റെ (എം) തിരിച്ചുവരവു കൂടിയാണ് ഈ ജയം.






# സേനയിൽ ആധുനികവത്കരണം; പോലീസ് അടിമുടി മാറുന്നു

തിരുവനന്തപുരം: കേരള പോലീസിനെ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി മൂന്ന് പദ്ധതികൾക്ക് തുടക്കമിട്ട് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. റോഡപകടങ്ങൾ പ്രതിരോധിക്കുന്നതിനായി വികസിപ്പിച്ചെടുത്ത എ.ഐ. ട്രാക്ക്, സ്മാർട്ട് പോലീസിങ് ഉറപ്പാക്കുന്നതിനുള്ള ഇന്റഗ്രേറ്റഡ് ബീറ്റ് മാനേജ്മെന്റ് സിസ്റ്റം, സൈബർ സുരക്ഷ ശക്തിപ്പെടുത്തുന്നതിനുള്ള സൈബർ വാൾ എന്നീ പദ്ധതികൾക്കാണ് മന്ത്രി തുടക്കമിട്ടത്.

സർക്കാരിന്റെ നൂറിന പരിപാടികളുടെ ഭാഗമായി ആഭ്യന്തര വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ ഭാഗമാണിതെന്ന് മന്ത്രി രമേശ് ചെന്നിത്തല വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി. റോഡപകടങ്ങൾ കുറയ്ക്കാനായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യയുടെ സഹായത്തോടെ വികസിപ്പിച്ച സംവിധാനമാണ് എഐ ട്രാക്ക്. റോഡുകളിലെ അപകടസാധ്യതകളെയും ഗതാഗത സാഹചര്യങ്ങളെയും സംബന്ധിച്ച വിവരങ്ങൾ മുൻകൂട്ടി മനസിലാക്കാനും ആവശ്യമായ വിവരങ്ങൾ സമയബന്ധിതമായി ജനങ്ങളിലെത്തിക്കാനും ഈ സംവിധാനത്തിലൂടെ കഴിയും. റോഡപകടങ്ങൾ പരമാവധി കുറയ്ക്കാനുള്ള ഏറ്റവും പ്രധാനപ്പെട്ട ഇടപെടലുകളിലൊന്നാണ് എഐ ട്രാക്കെന്നും അദ്ദേഹം വ്യക്തമാക്കി.

പോലീസിന്റെ പട്രോളിങ് സംവിധാനം കാര്യക്ഷമമാക്കാനാണ് ഇന്റഗ്രേറ്റഡ് ബീറ്റ് മാനേജ്മെന്റ് സിസ്റ്റം. പട്രോളിങ് സംവിധാനങ്ങളെ ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് ഏകോപിപ്പിക്കുന്നതിലൂടെ അടിയന്തര സാഹചര്യങ്ങളിൽ കൂടുതൽ വേഗത്തിൽ ഇടപെടാൻ പോലീസിനാകും.

സൈബർ കുറ്റകൃത്യങ്ങൾ പ്രതിരോധിക്കാനാണ് സൈബർ വാൾ. കേരള പോലീസിലെ സമർത്ഥരായ ഉദ്യോഗസ്ഥരാണ് സംവിധാനം വികസിപ്പിച്ചത്. 600-ൽ അധികം പോലീസ് ഉദ്യോഗസ്ഥർക്ക് ഇതിനകം പരിശീലനം നൽകി. അടുത്തിടെ മെറ്റ ഒരു വാർത്ത നീക്കം ചെയ്ത സംഭവത്തിൽ കേരള സർക്കാരിന് ഒരു പങ്കുമില്ല. വാർത്ത നീക്കം ചെയ്തത് എന്തുകൊണ്ടാണെന്ന് മെറ്റയോട് തന്നെ ചോദിക്കണം- അദ്ദേഹം പറഞ്ഞു. ഗവർണർ സംസ്ഥാന പോലീസ് മേധാവിയെ വിളിച്ചുവരുത്തിയ സംഭവത്തിലും മന്ത്രി നിലപാട് വ്യക്തമാക്കി. പോലീസ് പ്രവർത്തിക്കുന്നത് സർക്കാർ സംവിധാനങ്ങളുടെ അടിസ്ഥാനത്തിലാണ്, ഗവർണറുടെ നിർദേശപ്രകാരമല്ല.

ലഹരിമരുന്നുമായി കാസർഗോഡ് പിടിയിലായ പ്രതിക്ക് ഒരുതരത്തിലുമുള്ള ആനുകൂല്യവും നൽകില്ല. പിടിയിലാകുന്നത് താനുമായി ബന്ധമുള്ള ആളായാൽ പോലും കർശന നടപടി സ്വീകരിക്കും - ആഭ്യന്തര മന്ത്രി പറഞ്ഞു. പോലീസ് ആസ്ഥാനത്ത് നടന്ന ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്രശേഖർ, എഡിജിപി ലോ ആൻഡ് ഓർഡർ പി. വിജയൻ, പോലീസ് ഉപദേഷ്ടാവ് എ. ഹേമചന്ദ്രൻ, സൈബർ സെക്യൂരിറ്റി ഐജി പി. പ്രകാശ് തുടങ്ങിയവർ പങ്കെടുത്തു.

# ഡോക്ടർമാർക്ക് ഏകീകൃത രജിസ്ട്രേഷൻ നിർബന്ധമാക്കുന്നു


ന്യൂഡൽഹി: സംസ്ഥാന മെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്യുകയും നാഷണൽ മെഡിക്കൽ രജിസ്റ്ററിൽ (എൻഎംആർ) യുണിക് ഐഡന്റിഫിക്കേഷൻ (യുഐഡി) നമ്പർ ലഭിക്കുകയും ചെയ്യുന്ന ഡോക്ടർമാർക്ക് രാജ്യത്ത് എവിടെയും മെഡിക്കൽ പ്രാക്ടീസ് ചെയ്യാൻ അനുമതി നൽകുന്ന ഏകീകൃത രജിസ്ട്രേഷൻ സംവിധാനത്തിനൊരുങ്ങി നാഷണൽ മെഡിക്കൽ കമ്മീഷൻ (എൻഎംസി). എൻഎംആർ രജിസ്ട്രേഷൻ വോളന്ററിയാണെന്ന കേന്ദ്ര സർക്കാരിന്റെ മുൻ പ്രഖ്യാപനത്തിലാണ് ഇപ്പോൾ യു ടേൺ എടുത്തിരിക്കുന്നത്.

ഈ മാസം എൻഎംസി വിജ്ഞാപനം ചെയ്ത മെഡിക്കൽ പ്രാക്ടീഷണർമാരുടെ രജിസ്ട്രേഷൻ ആൻഡ് ലൈസൻസ് ടു പ്രാക്ടീസ് മെഡിസിൻ (ഭേദഗതി) 2026-ലെ കരട് ചട്ടത്തിലാണ് എൻഎംആർ രജിസ്ട്രേഷൻ നിർബന്ധമാക്കിക്കൊണ്ടുള്ള നിർദേശം മുന്നോട്ടു വച്ചിരിക്കുന്നത്.

പുതിയ സംവിധാനമനുസരിച്ച് എത്തിക്സ് ആൻഡ് മെഡിക്കൽ രജിസ്ട്രേഷൻ ബോർഡിന്റെ ഏകീകൃത പോർട്ടൽ വഴി അപേക്ഷിക്കുകയും സംസ്ഥാന മെഡിക്കൽ കൗൺസിൽ അത് അംഗീകരിക്കുകയും ചെയ്യുന്നതോടെ ഡോക്ടർമാർക്ക് യുഐഡി നമ്പർ ലഭിക്കും. ലൈസൻസിന് അഞ്ചു വർഷത്തെ കാലാവധിയാണ് ഉണ്ടാവുക. പുതുക്കിയില്ലെങ്കിൽ രജിസ്ട്രേഷൻ നിഷ്ക്രിയമാകും. അച്ചടക്ക നടപടികളുടെ പൂർണ വിവരങ്ങളും ഈ കേന്ദ്രീകൃത രജിസ്റ്ററിൽ രേഖപ്പെടുത്തും.

രാജ്യത്ത് ഏകദേശം 14 ലക്ഷത്തോളം അലോപ്പതി ഡോക്ടർമാരുള്ളപ്പോൾ കഴിഞ്ഞ ഡിസംബർ വരെ വെറും 1,800 പേർ മാത്രമാണ് എൻഎംആർ പോർട്ടൽ വഴി രജിസ്ട്രേഷൻ പൂർത്തിയാക്കിയത്.

# മുൻ എംപി സജ്ജൻകുമാർ അന്തരിച്ചു



ന്യൂഡൽഹി: സിക്ക് വിരുദ്ധ കലാപവുമായി ബന്ധപ്പെട്ട് ജീവപര്യന്തം തടവിനു ശിക്ഷിക്കപ്പെട്ട കോൺഗ്രസ് മുൻ എംപി സജ്ജൻകുമാർ (84) അന്തരിച്ചു. തിഹാർ ജയിലിൽ തടവുശിക്ഷ അനുഭവിക്കുകയായിരുന്ന സജ്ജൻകുമാറിനെ ആരോഗ്യനില മോശമായതിനെത്തുടർന്ന് സഫ്ദർ ജംഗ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും പിന്നാലെ മരണം സംഭവിക്കുകയുമായിരുന്നു.

1984-ലെ സിക്ക് വിരുദ്ധ കലാപത്തിനിടെ അഞ്ച് സിക്കുകാരെ കൊലപ്പെടുത്തിയതും ഒരു ഗുരുദ്വാര കത്തിച്ചതുമായി ബന്ധപ്പെട്ട കേസിൽ 2018 ഡിസംബർ 17-നാണ് ഡൽഹി ഹൈക്കോടതി സജ്ജൻകുമാറിന് ജീവപര്യന്തം തടവുശിക്ഷ വിധിച്ചത്. മൂന്നു തവണ എംപിയായിരുന്ന അദ്ദേഹത്തിന്റെ രാഷ്ട്രീയജീവിതത്തിനും തടവുശിക്ഷ തിരശീലയിട്ടു. ശിക്ഷയെത്തുടർന്ന് 2018-ൽ പാർട്ടിയിൽനിന്ന് സജ്ജൻ കുമാർ രാജിവെച്ചു. തിഹാർ ജയിലിൽ ശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കേ സിക്ക് വിരുദ്ധ കലാപത്തിനിടെ രണ്ട് സിക്ക് പുരുഷന്മാരെ കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ട മറ്റൊരു കേസിൽ 2025 ഫെബ്രുവരിയിൽ ഡൽഹി കോടതി അദ്ദേഹത്തിന് ജീവപര്യന്തം തടവുശിക്ഷ വിധിച്ചു. സജ്ജൻകുമാറിന്റെ മരണത്തിൽ കോൺഗ്രസിന്റെ പ്രമുഖ നേതാക്കളാരും അനുശോചനം രേഖപ്പെടുത്തിയിട്ടില്ല. അതേസമയം, പാർട്ടിയുടെ മാധ്യമവിഭാഗം തലവൻ പവൻ ഖേരയും ഡൽഹി സംസ്ഥാന അധ്യക്ഷൻ ദേവേന്ദർ യാദവും അനുശോചനം രേഖപ്പെടുത്തി.

# വിഴിഞ്ഞത്ത് വികസന കവാടം തുറന്നു

തിരുവനന്തപുരം: വിഴിഞ്ഞം തുറമുഖം റിങ് റോഡിന് സ്ഥലം ഏറ്റെടുക്കുന്നതിന് 3200 കോടി രൂപ അനുവദിക്കുമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. അതിവേഗത്തിൽ സ്ഥലം ഏറ്റെടുക്കലും മറ്റു ജോലികളും പൂർത്തിയാക്കും.




വിഴിഞ്ഞത്തിന് അനുബന്ധമായി വ്യവസായപാർക്കുകളും മറ്റു സൗകര്യങ്ങളും ഒരുക്കുന്നതിനുള്ള സ്ഥലമേറ്റെടുക്കുന്നതിനും വ്യവസായവകുപ്പ് നടപടി തുടങ്ങിയതായും അദ്ദേഹം പറഞ്ഞു. തുറമുഖത്തിന്റെ ആഭ്യന്തര കയറ്റിറക്കുമതി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

തുറമുഖത്തിന് അനുബന്ധമായി റോഡ്, റെയിൽപ്പാതകൾ നിർമിക്കുന്നതിൽ കേരളം വൈകിപ്പോയെന്ന് മുഖ്യമന്ത്രി പറഞ്ഞു. കഴിഞ്ഞ പത്തുവർഷം കൊണ്ട് ഇവകൂടി നടപ്പാക്കിയിരുന്നെങ്കിൽ തുറമുഖത്തിന് നൂറിരട്ടി ഗുണമുണ്ടാകുമായിരുന്നു- അദ്ദേഹം പറഞ്ഞു. മിഷൻ സമുദ്ര പ്രഖ്യാപനവും നിർവഹിച്ചു.

കേന്ദ്രമന്ത്രി സർബാനന്ദ സോനോവാളും പ്രതിപക്ഷ നേതാവ് പിണറായി വിജയനും അടക്കമുള്ളവർ വിഴിഞ്ഞം തുറമുഖത്തിന്റെ ആഭ്യന്തര കയറ്റിറക്കുമതി ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുത്തില്ല.

ലോകത്തിലെ ഏതു തുറമുഖത്തേക്കും ഇനി വിഴിഞ്ഞത്തുനിന്ന് എന്ത് സാധനങ്ങളും കയറ്റി അയയ്ക്കാം. ഇന്ത്യയിലെ ഒരു തുറമുഖത്തും ഇല്ലാത്ത ഓട്ടോമേറ്റഡ് സംവിധാനങ്ങൾ ഇവിടെയുണ്ട്. തിരുവനന്തപുരത്തിനും കേരളത്തിനും അഭിമാനമെന്ന് പദ്ധതികൾ ഉദ്ഘാടനം ചെയ്തുകൊണ്ട് വി.ഡി. സതീശൻ പറഞ്ഞു.

വിഴിഞ്ഞവുമായി ബന്ധപ്പെട്ട് പരമാവധി സ്ഥലം ഏറ്റെടുക്കാനുള്ള നിർദേശം നൽകിയിട്ടുണ്ടെന്നും കൊച്ചിൻ പോർട്ടിൽ ക്രൂസ് ടെർമിനൽ ആരംഭിക്കുകയാണെന്നും മുഖ്യമന്ത്രി അറിയിച്ചു.



# സന്യാസിനീ സമൂഹം ക്രിസ്തുവിന്റെ സജീവസാക്ഷ്യമെന്ന് മാർ തട്ടിൽ

ആലുവ: വർത്തമാനകാലത്ത് ക്രിസ്തുവിന്റെ സജീവസാക്ഷ്യമാകാൻ സിസ്റ്റേഴ്സ് ഓഫ് ദ ഡെസ്റ്റിറ്റ്യൂട്ട് സന്യാസിനീ സമൂഹത്തിനാകുന്നത് കത്തോലിക്കാ സഭയ്ക്കു മുഴുവൻ അഭിമാനമെന്ന് സീറോമലബാർ സഭാ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ. അഗതികളുടെ സഹോദരിമാരുടെ സന്യാസിനീ സമൂഹത്തിന്റെ (എസ്ഡി) ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായുള്ള പൊതുസമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

സമൂഹത്തിലെ പാവങ്ങളെ ചേർത്തുനിർത്തി കർമ്മമണ്ഡലങ്ങളെ ധന്യമാക്കിയ സ്ഥാപകപിതാവ് ധന്യൻ ഫാ. വർഗീസ് പയ്യപ്പിള്ളിയുടെ ദർശനങ്ങൾക്ക് നൂറു വർഷംകൊണ്ട് അർത്ഥപൂർണമായ വെളിച്ചം പകരാൻ ഈ സന്യാസിനീ സമൂഹത്തിനായി. കുറച്ചു സംസാരിക്കുകയും കൂടുതൽ പ്രവർത്തിക്കുകയും ചെയ്ത പ്രേഷിതവര്യനാണു ഫാ. പയ്യപ്പിള്ളി. ആ ധന്യന്റെ വിശുദ്ധപദവിയിലേക്കുള്ള പ്രയാണം ദൈവഹിത പ്രകാരം ഫലമണിയുമെന്ന് നമുക്കു പ്രതീക്ഷിക്കാം.

കാരിസത്തോടു നീതിപുലർത്തി അഗതികൾക്കൊപ്പം സഞ്ചരിക്കുന്ന എസ്ഡി സന്യാസിനീ സമൂഹം സുവിശേഷത്തിലെ നല്ല സമരിയാക്കാരന്റെ ഇന്നത്തെ വിപുലമാക്കപ്പെട്ട തുടർച്ചയാണ്. മറ്റേതൊരു സന്യാസിനീ സമൂഹത്തിൽനിന്നും സേവനപ്രവർത്തനങ്ങളിൽ സവിശേഷതകൾ ഏറെയുള്ള എസ്ഡിയുടെ ശുശ്രൂഷകൾ ശക്തമായി തുടരേണ്ടത് സഭയുടെയും സമൂഹത്തിന്റെയും ആവശ്യമാണെന്നും മേജർ ആർച്ച്ബിഷപ് പറഞ്ഞു.

ആലുവ തോട്ടുമുഖം എസ്ഡി ജനറലേറ്റിൽ നടന്ന പൊതുസമ്മേളനം മന്ത്രി റോജി എം. ജോൺ ഉദ്ഘാടനം ചെയ്തു. ഡൽഹി ആർച്ച്ബിഷപ് ഡോ. അനിൽ കൂട്ടോ അനുഗ്രഹപ്രഭാഷണം നടത്തി.

ജസ്റ്റിസ് കുര്യൻ ജോസഫ് ശതാബ്ദിസന്ദേശം നൽകി. പ്രേഷിതശുശ്രൂഷ ചെയ്യുന്നവർക്ക് പാവപ്പെട്ടവന്റെ മേൽവിലാസമാണ് അഭിമാനത്തോടെ പറയാനുണ്ടാകേണ്ടതെന്ന് അദ്ദേഹം പറഞ്ഞു.

നേരത്തേ കൃതജ്ഞതാ ദിവ്യബലിയും ഉണ്ടായിരുന്നു. ഡോക്യുമെന്ററി പ്രദർശനം, പുസ്തകപ്രകാശനം, കലാപരിപാടികൾ എന്നിവയും നടന്നു.

# കടൽക്കൊള്ളക്കാർ കപ്പലുകൾ റാഞ്ചി; ജീവനക്കാരിൽ 22 ഇന്ത്യക്കാർ

ന്യൂഡൽഹി: സൊമാലിയയിൽ കടൽക്കൊള്ളക്കാർ ചരക്കുകപ്പൽ റാഞ്ചിയതിനു പിന്നാലെ യെമനിലും സമാന സംഭവം. ഏഡൻ ഉൾക്കടലിൽ ഓഗസ്റ്റ് 20-ന് വ്യാഴാഴ്ചയാണ് എം.ടി. സിബ്ബു 1 എണ്ണക്കപ്പൽ റാഞ്ചിയത്.

20 ജീവനക്കാരിൽ 16 പേർ ഇന്ത്യക്കാരാണ്. കിഴക്കനാഫ്രിക്കയിലുള്ള സൊമാലിയ കടൽമേഖലയിലേക്കു തട്ടിക്കൊണ്ടുപോയ ഈ രണ്ട് കപ്പലുകളിലുമായി ആകെ 22 ഇന്ത്യക്കാരാണ് ഇപ്പോൾ കടൽക്കൊള്ളക്കാരുടെ പിടിയിലുള്ളത്. എല്ലാവരും സുരക്ഷിതരാണെന്ന് ഷിപ്പിങ് മന്ത്രാലയം ഉദ്യോഗസ്ഥർ അറിയിച്ചു.

എം.ടി. സിബ്ബു 1 കപ്പലിൽ ആറ് കടൽക്കൊള്ളക്കാർ എ.കെ. 47 തോക്ക് ഉൾപ്പെടെ ആയുധങ്ങളുമായി കയറി വഴിതിരിച്ചു കൊണ്ടുപോകുകയായിരുന്നു. എറിട്രിയ പതാകയുള്ള കപ്പലുമായുള്ള ആശയവിനിമയം പൂർണമായി നിലച്ച നിലയിലാണ്. സൊമാലിയയിലെ പുന്ത്‌ലാൻഡ് തീരക്കടലിൽനിന്ന് എം.വി. ലുതുഫ് എന്ന കപ്പലാണ് ഓഗസ്റ്റ് 17-ന് തിങ്കളാഴ്ച റാഞ്ചിയത്. സൊമാലിയയുടെ തലസ്ഥാനമായ മൊഗാദിഷുവിൽ തുർക്കിക്കുള്ള സൈനികപരിശീലന കേന്ദ്രത്തിലേക്കു പോകുകയായിരുന്ന കപ്പലിൽ ആയുധങ്ങളും ആശയവിനിമയ സംവിധാനങ്ങളും സാറ്റലൈറ്റ് ഉപകരണങ്ങളും മറ്റുമാണുള്ളത്.

ഏതാണ്ട് 10 കൊല്ലത്തിനുശേഷമാണ് സൊമാലിയയിലെ കടൽക്കൊള്ളക്കാരുടെ ശല്യം ഇപ്പോൾ വീണ്ടും തുടങ്ങിയിരിക്കുന്നത്. ഈ വർഷം ഏപ്രിൽ മുതൽ കടൽക്കൊള്ളക്കാരുടെ സാന്നിധ്യവും അതിക്രമങ്ങളും ഗണ്യമായി വർധിച്ചു.

ആകെ അഞ്ച് ചരക്കുകപ്പലുകളാണ് നിലവിൽ അവരുടെ പിടിയിലുള്ളത്. 2005-നും 2012-നും ഇടയിൽ സൊമാലിയൻ കടൽക്കൊള്ളക്കാർ നടത്തിയത് ആയിരത്തോളം കപ്പലാക്രമണങ്ങളാണ്. ഈ സംഭവങ്ങളിലെല്ലാംകൂടി ആകെ 40 കോടി യുഎസ് ഡോളർ മോചനദ്രവ്യമായി ആവശ്യപ്പെട്ടു.

## ഡിവൈഎഫ്ഐക്ക് സംസ്ഥാന ഭാരവാഹികൾ ചിന്ത ജെറോം പ്രസിഡന്റ്, എം. വിജിൻ സെക്രട്ടറി



തൃശ്ശൂർ: ഡിവൈഎഫ്ഐ സംസ്ഥാന പ്രസിഡന്റായി ചിന്താ ജെറോമിനെയും (കൊല്ലം) സെക്രട്ടറിയായി എം. വിജിൻ എംഎൽഎയെയും (കണ്ണൂർ) തൃശൂരിൽ ആഗസ്റ്റ് 22-ന് ശനിയാഴ്ച സമാപിച്ച സംസ്ഥാനസമ്മേളനം തെരഞ്ഞെടുത്തു. ചിന്ത നിലവിൽ ജോയിന്റ് സെക്രട്ടറിയും വിജിൻ വൈസ്പ്രസിഡന്റുമായിരുന്നു. ആദ്യമാണ് കേരളഘടകത്തിന് വനിതാ അധ്യക്ഷ വരുന്നത്. കൂടാതെ 92 അംഗ സംസ്ഥാനകമ്മിറ്റിയെയും 25 അംഗ സെക്രട്ടേറിയേറ്റിനെയും തെരഞ്ഞെടുത്തു.

പോലീസിനെ ബോംബെറിഞ്ഞ കേസിൽ 20 വർഷം തടവിനു ശിക്ഷിക്കപ്പെട്ട് കണ്ണൂർ സെൻട്രൽജയിലിൽ കഴിയുന്ന പയ്യന്നൂർ നഗരസഭാംഗം വി.കെ. നിഷാദിനെ സംസ്ഥാന കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ട്രാൻസ്ജെൻഡർ വിഭാഗത്തിൽനിന്ന് ഡോ. അനഘിനെ സംസ്ഥാനസമിതിയിൽ ക്ഷണിതാവാക്കി.

# പെരിയാർ പശുവിന് അംഗീകാരം



തൃശൂർ: വെച്ചൂർ പശുവിനുശേഷം കേരളത്തിൽ നിന്ന് മറ്റൊരു പശു വർഗത്തിനു കൂടി ദേശീയ അംഗീകാരം. പെരിയാർ പുഴയുടെ കോടനാട് മുതൽ കുട്ടമ്പുഴ വരെയുള്ള പ്രദേശങ്ങളിലും അതിരപ്പള്ളി മേഖലയിലും കാണപ്പെടുന്ന 'പെരിയാർ കാറ്റിൽ' എന്ന ജനുസ്സിനാണ് ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ച്-നാഷണൽ ബ്യൂറോ ഓഫ് അനിമൽ ജനറ്റിക് റിസോഴ്സിന്റെ അംഗീകാരം ലഭിച്ചത്.

പെരിയാർ കുള്ളൻ, പെരിയാർ പശു, കുട്ടമ്പുഴ പശു എന്നീ പ്രാദേശിക പേരുകളിലും ഇവ അറിയപ്പെടുന്നു. വെച്ചൂർ പശുവിനേക്കാൾ അല്പംകൂടി ഉയരമുള്ള ഇവയ്ക്ക് ഏതാണ്ട് 110 മുതൽ 120 സെന്റിമീറ്റർ വരെ ഉയരം വെക്കും. തൂക്കം 25 കിലോ വരെ ഉണ്ടാകും. മൂന്നു മുതൽ നാല് ലിറ്റർ വരെയാണ് പാൽ ലഭിക്കുന്നതെങ്കിലും അതിൽ കൊഴുപ്പിന്റെയും പോഷകമൂല്യത്തിന്റെയും അളവ് വളരെ കൂടുതലാണ്. വെച്ചൂർ പശുവിന് അംഗീകാരം ലഭിച്ച് 30 വർഷങ്ങൾക്കു ശേഷമാണ് കേരളത്തിൽ നിന്ന് മറ്റൊരു പശുവർഗത്തിന് അംഗീകാരം ലഭിക്കുന്നത്.

# ജനപ്രതിനിധികൾ അറിയാതെ റെയിൽവേ വിഭജനം; പാലക്കാടിനു തിരിച്ചടി

പാലക്കാട്: റെയിൽവേ പാലക്കാട് ഡിവിഷനിലെ മംഗളൂരു കേന്ദ്രീകരിച്ചുള്ള ഭാഗങ്ങൾ വിഭജിച്ചു. കാസർകോട് അതിർത്തിയിലെ ഉള്ളാൾ മുതലുള്ള ദക്ഷിണ കർണാടകയുടെ ഭാഗങ്ങളാണ് മൈസൂരു ഡിവിഷന്റെ ഭാഗമാക്കിയത്. ഒക്ടോബർ ഒന്ന് മുതൽ പ്രാബല്യത്തിലാകും. ഗസറ്റ് വിജ്ഞാപനം ഇറങ്ങിയ ശേഷമാണു കേരളത്തിലെ ജനപ്രതിനിധികൾ പോലും വിവരം അറിയുന്നത്.

ഡിവിഷൻ വിഭജിച്ചതോടെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു വടക്കൻ അതിർത്തിയിൽനിന്നു പുതിയ ട്രെയിനുകൾ ലഭിക്കാൻ ഒട്ടേറെ സാങ്കേതിക തടസ്സങ്ങൾ അതിജീവിക്കേണ്ടി വരും. പാലക്കാട് വിഭജിച്ചു കർണാടകയിലെ കലബുറഗി ആസ്ഥാനമാക്കി പുതിയ ഡിവിഷൻ രൂപീകരിക്കാൻ നേരത്തേ നീക്കമുണ്ടായിരുന്നു. മുൻപു പാലക്കാട് വിഭജിച്ചാണു സേലം ഡിവിഷൻ രൂപീകരിച്ചത്. അന്നുണ്ടായതിനെക്കാൾ വലിയ നഷ്ടമാകും ഇപ്പോഴത്തെ വിഭജനം വഴി സംഭവിക്കുകയെന്ന് ഉദ്യോഗസ്ഥർ തന്നെ സമ്മതിക്കുന്നു. പാലക്കാടിനു ലഭിച്ച കഞ്ചിക്കോട് കോച്ച് ഫാക്ടറി നഷ്ടപ്പെട്ടതിനു പിന്നാലെയാണു കേരളത്തിനു റെയിൽവേയിൽനിന്ന് അടുത്ത തിരിച്ചടി ഉണ്ടായിരിക്കുന്നത്.






# THANNIKKARY VACATION HOME

S.H.MOUNT P.O., KOTTAYAM 686006, KERALA

**FEATURES:**
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms



FOR BOOKING

ABRAHAM THANNIKARI
+1 346- 285-1633
athannikari@hotmail.com

JENNI THANNIKARI
+1 713-280-8688

SOBHANA
+91 965 616 8399



# GREEN NESTLE
## VACATION HERITAGE HOME

Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India

- For Vacation and Holiday rentals.
- Licensed Home stay, Safe and Secured.
- 3 A/C rooms, Unique Packages for 2-8 people very economical.
- Individual Room rental for families.
- Fruits and vegetable Garden.
- Feels like farm house with Pets, Animals, Fish and birds.
- Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
- Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
- Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
- Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
- Adhering Food Safety Regulations.
- Caretaker to help you in as your needs, Travel Desk and Tour Package Facilities



CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com



# Grace CONVENTION CENTER
Punnamoodu, Mavelikara




DESTINATION Wedding Package in KERALA
Rate : $ 25,000 /- (Dollars Only)
(This package Includes 500 pax - guest)

| SERVICES | EVENTS |
|---|---|
| PHOTOGRAPHY | WEDDING PLANNING, |
| STAGE DECORATION | ENGAGEMENT |
| CATERING SERVICE: (Kerala sadhya, Christian Meals, Dum Biriyani, North Indian Food) | FUNERAL SERVICE, |
| FUSION, TALLMAN SECURITY, | BETROTHAL, BAPTISM, |
| PREMIUM CARS, ENTERTAINMENT | BIRTHDAY PARTIES, |
| CHURCH CHOIR, ANCHORING | HOUSE WARMING, |
| LED WALL, LIVE STREAMING | BUSINESS CONFERENCE |
| | GET TOGETHER Etc; |



TOLL FREE 1800-572-5667
FOLLOW US NOW
+91 9188751000
+91 9633949676,+91 8547805929
info@graceconventioncenter.com
www.graceconventioncenter.com
For Location And Feedback
Kindly scan the QR

GRACE CONVENTION CENTER
Celebrate your Dreams with Us

# ഓണത്തിന് തിരികൊളുത്തി ഫ്രണ്ട്സ് ഓഫ് പെയർലാൻഡ് മലയാളി കമ്മ്യൂണിറ്റി



ടെക്സാസ്: കർക്കിടക മാസത്തിന്റെ അവസാന നാളിൽത്തന്നെ ഓണാഘോഷത്തിന് തിരികൊളുത്തി ഉജ്വലമായ ആഘോഷം കാഴ്ചവെച്ചു ഫ്രണ്ട്സ് ഓഫ് പെയർലാൻഡ് മലയാളി കമ്മ്യൂണിറ്റി (എഫ്പിഎംസി). ഓഗസ്റ്റ് പതിനഞ്ചിനു ഫ്രസ്നോയിലെ സെന്റ് ജെയിംസ് ക്നാനായ ചർച്ച് ഓഡിറ്റോറിയത്തിൽ അരങ്ങേറിയ ആഘോഷത്തിൽ പെയർലാൻഡ്, ഹൂസ്റ്റൺ, മിസോറി സിറ്റി ഏരിയകളിൽനിന്നെത്തിയ അഞ്ഞൂറിലധികം ആളുകളാണ് പങ്കെടുത്തത്.




ഐശ്വര്യത്തിന്റെയും സമത്വത്തിന്റെയും സാഹോദര്യത്തിന്റെ യും നാളുകളെ ഓർമ്മിപ്പിക്കുന്ന ഓണം സമൂഹ നന്മ ലക്ഷ്യമാക്കി ആഘോഷിക്കാൻ ആഹ്വാനം ചെയ്ത മഹാബലി മനോഹരമായ സന്ദേശത്തിലൂടെ പരിപാടികൾക്ക് തുടക്കമേകി. അതിമനോഹരമായ തിരുവാതിരയും കുട്ടികളുടെ ഒന്നിനൊന്നു മെച്ചമായ കലാപരിപാടികളും കൊണ്ട് ഓണാഘോഷം പൂത്തുലഞ്ഞപ്പോൾ ലക്ഷ്മി പീറ്ററുടെ മോഹിനിയാട്ടവും ലക്ഷ്മി സംവിധാനം ചെയ്ത വേറിട്ട ഓണ ഫാഷൻ ഷോയും വെടിക്കെട്ട് തീർത്തു.

ആഘോഷങ്ങൾക്ക് തുടക്കം കുറിച്ച് ചെണ്ടമേളത്തിന്റെ അകമ്പടിയോടെ മഹാബലിയെ എതിരേറ്റു. തുടർന്ന് മുഖ്യാതിഥി മലയാളി അസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ ഹൂസ്റ്റൺ പ്രസിഡണ്ട് റോയ് മാത്യു, പ്രശസ്ത എഴുത്തുകാരിയും സാമൂഹിക പ്രവർത്തകയുമായ ബിന്ദു കാനാ, ഇന്ത്യാ പ്രസ്ക്ലബ് സെക്രട്ടറി അനിൽ ആറന്മുള, എഫ്പിഎംസി പ്രസിഡണ്ട് സാം തോമസ്, സെക്രട്ടറി ആന്റണി, ഭാരവാഹികളായ ബ്രൂണോ കൊറായ, ജയശ്രീ സജി, പ്രിയ രൂപേഷ്, ഷിജോ ജോസഫ്, ജോബി ജോസഫ്, ജിജോ ജോസഫ്, സജു സിറിയക് എന്നിവർ ഭദ്രദീപം കൊളുത്തി ചടങ്ങുകൾക്ക് തുടക്കമേകി.

മാഗ് പ്രസിഡണ്ട് റോയ് മാത്യു പരിപാടികളുടെ ഉദ്ഘാടനം നിർവ്വഹിച്ചപ്പോൾ ബിന്ദു കാനാ ഓണസന്ദേശം നൽകി.

ചിട്ടയായി വിളമ്പിയ വിഭവ സമൃദ്ധമായ ഓണസദ്യയ്ക്ക് മുൻ പ്രസിഡണ്ടുകൂടിയായ സന്തോഷ് ഐപ്പ് നേതൃത്വം നൽകി.

# സെന്റ് മേരീസ് സമ്മർ ക്യാമ്പ് വിജയകരമായി

ചിക്കാഗോ: മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ ദേവാലയത്തിൽ കുട്ടികൾക്കു വേണ്ടി മൂന്നു ദിവസം നീണ്ടുനിന്ന സമ്മർ ക്യാമ്പ് (ഫെയ്ത്ത് ഫെസ്റ്റ്-26) വിജയകരമായി നടത്തപ്പെട്ടു. വികാരി ഫാ. സിജു മുടക്കോടിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ബൈബിൾ പ്രാർത്ഥന, വ്യക്തിത്വ വികസനം, സോഷ്യൽ മീഡിയ, ക്നാനായ ചരിത്രം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസുകൾ നടത്തപ്പെട്ടു.



ഫാ. സിജു മുടക്കോടിൽ, ഫാ. അനീഷ് മാവേലി പുത്തൻപുര, സിസ്റ്റർ അലീസ, ബ്രദർ ജോഷ്, ഷിജി അലക്സ്, ലിൻസൻ കൈതമലയിൽ, ഷൈനി വിരുത്തിക്കുളങ്ങര, ജൂലി പുതുശ്ശേരിൽ, ജെയിംസ് കുന്നശ്ശേരി, റ്റിയ കണ്ടാരപ്പള്ളി എന്നിവർ ക്ലാസുകൾക്ക്

**റോയി ചേലമലയിൽ**

നേതൃത്വം നല്കി സജി പൂതൃക്കയിൽ ക്യാമ്പ് ഡയറക്ടറായിരുന്നു.

ക്യാമ്പിന്റെ ഭാഗമായി നിരവധി ഇൻഡോർ, ഔട്ട്ഡോർ ഗെയിമുകളും നടത്തി.

നൈല വാളതാറ്റ്, ജോഷ്വാ മരങ്ങാട്ടിൽ, ഡയന വള്ളൂർ എന്നിവർ മികച്ച ക്യാമ്പർമാരായി തെരഞ്ഞെടുക്കപ്പെട്ടു. പാരിഷ് എക്സിക്യൂട്ടീവ്, സിസ്റ്റേഴ്സ്, അദ്ധ്യാപകർ എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കി.






# ഗീതാമണ്ഡലത്തിന്റെ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായി പ്രമുഖ മാധ്യമപ്രവർത്തകരെ ആദരിച്ചു

ബൈജു എസ്. മേനോൻ



ചിക്കാഗോ: ഗീതാമണ്ഡലത്തിന്റെ ഈ വർഷത്തെ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായി സമൂഹനന്മയ്ക്കായി നല്കിയ സംഭാവനകളും സേവനങ്ങളും പരിഗണിച്ച് പ്രമുഖ മാധ്യമപ്രവർത്തകരെ ഓണാഘോഷ വേദിയിൽ ആദരിച്ചു. അമേരിക്കൻ മലയാളി സമൂഹത്തിന്റെ ജീവിതവും പ്രവർത്തനങ്ങളും പൊതുസമൂഹത്തിലേക്ക് എത്തിക്കുന്നതിൽ നിർണായക പങ്കു വഹിക്കുന്ന മാധ്യമപ്രവർത്തകരാണ് ജോസ് ചെന്നിക്കര, ജോസ് കണിയാലി, അലൻ ജോർജ് എന്നിവർ. ചിക്കാഗോ മലയാളികളുടെ സാമൂഹികവും സാംസ്കാരികവുമായ മുന്നേറ്റങ്ങൾക്കും സമൂഹത്തിലെ വിവിധ വിഷയങ്ങൾക്കും മാധ്യമശ്രദ്ധ നല്കുന്നതോടൊപ്പം മലയാളി സമൂഹത്തിന്റെ ശബ്ദമായി പ്രവർത്തിക്കുന്നതിലും ഇവർ ശ്രദ്ധേയമായ സംഭാവനകൾ നല്കിയിട്ടുണ്ടെന്ന് ഗീതാമണ്ഡലം ഭാരവാഹികൾ ചൂണ്ടിക്കാട്ടി.



വാർത്തകളെ കേവലം റിപ്പോർട്ട് ചെയ്യുന്നതിൽ ഒതുങ്ങാതെ സമൂഹത്തിന്റെ നന്മയും ഐക്യവും പുരോഗതിയും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന മാധ്യമധർമ്മമാണ് ഇവരുടെ പ്രവർത്തനങ്ങളുടെ പ്രത്യേകതയെന്നും ഗീതാമണ്ഡലം വിലയിരുത്തി.

സത്യസന്ധമായ മാധ്യമധർമ്മം എങ്ങനെയായിരിക്കണം എന്ന് സമൂഹത്തിന് കാട്ടിക്കൊടുക്കുന്ന ഇവരുടെ ഉദാത്തമായ സംഭാവനകളെ മാനിച്ചാണ് ഈ വർഷത്തെ ഗീതാമണ്ഡലത്തിന്റെ ഓണാഘോഷ വേദിയിൽ സമാദരണീയരായ ഈ വ്യക്തികളെ ആദരിച്ചതെന്ന് ഗീതാമണ്ഡലം പ്രസിഡണ്ട് അപ്പുക്കുട്ടൻ ശേഖരൻ പറഞ്ഞു.

സമൂഹത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത് ഗീതാമണ്ഡലത്തിന്റെ സാമൂഹിക ഉത്തരവാദിത്വത്തിന്റെ ഭാഗമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സാമൂഹിക സേവനവും സാംസ്കാരിക സംരക്ഷണവും മാധ്യമപ്രവർത്തനവും പരസ്പരം കൈകോർക്കുമ്പോഴാണ് ഒരു സമൂഹത്തിന്റെ പുരോഗതി കൂടുതൽ ശക്തമാകുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഗീതാമണ്ഡലത്തിന്റെ ഓണാഘോഷ വേദിയിൽ നടന്ന ആദരിക്കൽ ചടങ്ങ് സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ളവരുടെ സാന്നിദ്ധ്യത്തിൽ ശ്രദ്ധേയമായി. കേരളത്തിന്റെ പാരമ്പര്യവും സംസ്കാരവും ആഘോഷിക്കുന്ന ഓണവേദിയിൽ സമൂഹത്തിനായി നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന ഈ മാധ്യമപ്രവർത്തകരെ ആദരിച്ചത് ആഘോഷത്തിന് കൂടുതൽ അർത്ഥവത്തായ മാനം നല്കി.









# ഇന്ത്യൻ സ്വാതന്ത്ര്യദിനാഘോഷം മെൽബണിൽ വർണ്ണാഭമായി

**ഷിനോയ് സ്റ്റീഫൻ മഞ്ഞാങ്കൽ**







മെൽബൺ: ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് (ഐഒസി) നാഷണൽ കമ്മിറ്റിയും വിക്ടോറിയ സ്റ്റേറ്റ് കമ്മിറ്റിയും സംയുക്തമായി സംഘടിപ്പിച്ച ഇന്ത്യൻ സ്വാതന്ത്ര്യ ദിനാഘോഷം വർണ്ണാഭമായി. മെൽബണിലെ ഹാംപ്ടൺ പാർക്കിലുള്ള ഗോൾഡൻ കാസിൽ ഫംഗ്ഷൻ സെന്ററിൽ നടന്ന ആഘോഷപരിപാടി ഇരിക്കൂർ എംഎൽഎയും ഓൾ ഇന്ത്യ കോൺഗ്രസ് കമ്മിറ്റിയുടെ വിദേശകാര്യ സെക്രട്ടറിയും കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി ജനറൽ സെക്രട്ടറിയുമായ അഡ്വ. സ



ജീവ് ജോസഫ് എംഎൽഎ ഉദ്ഘാടനം ചെയ്തു.

ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ഓസ്ട്രേലിയ-കേരള ചാപ്റ്റർ പ്രസിഡണ്ട് ജിജേഷ് പി.വി. അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വിക്ടോറിയ സ്റ്റേറ്റ് പ്രസിഡണ്ട് റോബിൻ ജോസഫ് സ്വാഗതം പറഞ്ഞു.

മഹാത്മാ ഗാന്ധിയുടെയും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെയും നേതൃത്വത്തിൽ നമ്മുടെ പൂർവ്വികർ നടത്തിയ ത്യാഗോജ്ജ്വലമായ സ്വാതന്ത്ര്യസമര പോരാട്ടങ്ങളെ ഉദ്ഘാടനപ്രസംഗത്തിൽ അഡ്വ. സജീവ് ജോസഫ് അനുസ്മരിച്ചു. ഐഒസി നാഷണൽ പ്രസിഡണ്ട് മനോജ് ഷെറോൺ മുഖ്യാതിഥിയായി. ഐഒസി ഓസ്ട്രേലിയ നാഷണൽ സെക്രട്ടറി ബിജു സ്കറിയ സ്വാതന്ത്ര്യദിന സന്ദേശം നല്കി.

ഐഒസി ഓസ്ട്രേലിയ കേരള ചാപ്റ്റർ ട്രഷറർ ശ്രീമതി ബിനു ജോൺ പ്രളയത്തിൽ ജീവൻ നഷ്ടപ്പെട്ടവരെ അനുസ്മരിച്ചു. ഐഒസി നാഷണൽ സെക്രട്ടറി സോബൻ തോമസ്, വൈസ് പ്രസിഡണ്ട് അരുൺ പാലക്കലോടി, നാഷണൽ സെക്രട്ടറി അഫ്സൽ അബ്ദുൾ ഖാദിർ, കേരള ചാപ്റ്റർ ജനറൽ സെക്രട്ടറി ലിന്റോ ദേവാസി, വിക്ടോറിയ ജനറൽ സെക്രട്ടറി ഷിനോയ് സ്റ്റീഫൻ മഞ്ഞാങ്കൽ, ഹിൻസോ തങ്കച്ചൻ, റെജി പാറക്കൽ, തോമസ് വാതപ്പള്ളി, ഡോ. രൂപ് ലാൽ, മാർട്ടിൻ ഉറുമീസ്, ജിജിമോൻ കുഴുവേലി, അലക്കോട് മണ്ഡലം പ്രസിഡണ്ട് ബാബു പള്ളിക്കോടൻ, അനിഷ മാണി, ഇന്നസെന്റ്, ഷോബി, ലിക്കു ജോസഫ്, കുര്യൻ പുന്നൂസ്, ഡോ. ജോസി, സോണിഷ് ഇഞ്ചനാനിയിൽ തുടങ്ങിയവർ ആശംസകൾ നേർന്നു.

കേരള ചാപ്റ്റർ വൈസ് പ്രസിഡണ്ട് രാജി ഷാജുവും ജിനു ജോസും ചേർന്ന് പ്രോഗ്രാമുകൾ നിയന്ത്രിച്ചു. മനോജ് ഗുരുവായൂർ, ട്രഷറർ ഇന്നസെന്റ് ജോർജ്, നാഷണൽ ജനറൽ സെക്രട്ടറി ലിന്റോ ദേവസ്സി, എക്സിക്യൂട്ടീവ് അംഗങ്ങളായ അലൻ ഏബ്രഹാം, ലിക്കു ജോസഫ്, ഷൈജു ദേവസ്സി, ഷാജി ഷാഹുൽ ഹമീദ്, പോളി ചിറമേൽ, സുൽജിത് മൂസൻ, ലിജോ കുടിലിൽ, ബെന്നി കൊച്ചുമുട്ടം, റോഷൻ തോട്ടപ്പള്ളി തുടങ്ങിയവരുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ചിട്ടയായ പ്രവർത്തനങ്ങളാണ് ഈ വിജയാഘോഷ പരിപാടി ഇത്രയധികം വർണ്ണാഭമാക്കിത്തീർത്തത്.

ഐഒസി കേരള ചാപ്റ്റർ വൈസ് പ്രസിഡണ്ട് ശ്രീമതി സ്മിത വള്ളിതൊടി നന്ദി രേഖപ്പെടുത്തി. തുടർന്ന് വിവിധ കലാപരിപാടികൾ അരങ്ങേറി. നാടൻ എക്സ്പ്രസ്സോ മ്യൂസിക് ബാൻഡ് അവതരിപ്പിച്ച ലൈവ് മ്യൂസിക് പരിപാടിക്ക് ആവേശകരമായ പ്രതികരണമാണ് ലഭിച്ചത്.

ദേശസ്നേഹവും സൗഹൃദവും ഒത്തുചേർന്ന ആഘോഷം മെൽബണിലെ ഇന്ത്യൻ സമൂഹത്തിനു വേറിട്ട അനുഭവമായി.

# അദ്ധ്യയന വർഷാരംഭത്തിൽ കുട്ടികൾക്കായി പ്രത്യേക ആശീർവാദം

**ബിബി തെക്കനാട്ട്**

ഹൂസ്റ്റൺ: പുതിയ അദ്ധ്യയന വർഷത്തിലേക്ക് പ്രവേശിക്കുന്ന കുട്ടികൾക്കും യുവതീയുവാക്കൾക്കുമായി ഹൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോനാ പള്ളിയിൽ പ്രത്യേക ആശീർവാദ ശുശ്രൂഷ സംഘടിപ്പിച്ചു. ഓഗസ്റ്റ് 16-ന് ഞായറാഴ്ച ഓരോ വിശുദ്ധ കുർബാനയ്ക്കും ശേഷം വികാരി ഫാ. അബ്രാഹം മുത്തോലത്ത്, അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ എന്നിവരുടെ നേതൃത്വത്തിലാണ് ശുശ്രൂഷകൾ നടന്നത്. നിരവധി കുട്ടികളും യുവജനങ്ങളും ചടങ്ങിൽ പങ്കെടുത്തു പ്രാർത്ഥിച്ചു.

പഠനത്തിലും ജീവിതത്തിലും അറിവിലും ജ്ഞാനത്തിലും വളരേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് വികാരി ഫാ. അബ്രാഹം മുത്തോലത്ത് കുട്ടികളെ ഓർമ്മിപ്പിച്ചു. മാതാപിതാക്കളെയും അദ്ധ്യാപകരെയും ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യേണ്ടത് ദൈവാനുഗ്രഹം ലഭിക്കുന്നതിന് അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം സന്ദേശത്തിൽ പറഞ്ഞു.



പാഠപുസ്തകങ്ങളിലെ അറിവിനൊപ്പം നല്ല മൂല്യങ്ങളും ദൈവഭയവും വളർത്തിയെടുക്കണമെന്നും പ്രതിസന്ധികളിൽ തളരാതെ പ്രാർത്ഥനയോടെ പരിശ്രമിക്കണമെന്നും അദ്ദേഹം കുട്ടികളെ ഉപദേശിച്ചു. സമയനിഷ്ഠ പാലിക്കുന്നതിലും സഹജീവികളോട് അനുകമ്പയും സ്നേഹവും കാണിക്കുന്നതിലും ശ്രദ്ധ പുലർത്തണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

ശുശ്രൂഷയുടെ ഭാഗമായി പുതിയ അദ്ധ്യയന വർഷത്തിൽ ദൈവിക സംരക്ഷണവും ജ്ഞാനവും ലഭിക്കുന്നതിനായി മാതാപിതാക്കളും പ്രത്യേക മദ്ധ്യസ്ഥ പ്രാർത്ഥനകളിൽ പങ്കുചേർന്നു.

# ഹൂസ്റ്റൺ ക്നാനായ കത്തോലിക്കാ പള്ളിയിൽ പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ



**ബിബി തെക്കനാട്ട്**

ഹൂസ്റ്റൺ: ഹൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോനാ പള്ളിയിൽ പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ഭക്തിനിർഭരമായി ആഘോഷിച്ചു. ഓഗസ്റ്റ് 9-ന് ഞായറാഴ്ച രാവിലെ 7.30-ന് ആരംഭിച്ച തിരുനാൾ തിരുക്കർമ്മങ്ങൾക്ക് ഇന്ത്യയിൽ മിയാവു രൂപതയുടെ മെത്രാൻ മാർ ജോർജ് പള്ളിപ്പറമ്പിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

വിശുദ്ധ കുർബാന മദ്ധ്യേ നൽകിയ സന്ദേശത്തിൽ ക്രൈസ്തവ ജീവിതത്തിലും തിരുസഭയുടെ വളർച്ചയിലും പരിശുദ്ധ ദൈവമാതാവിനുള്ള പ്രത്യേക പങ്കിനെക്കുറിച്ച് ബിഷപ് അനുസ്മരിച്ചു. മാതാവിന്റെ മാതൃകയും മധ്യസ്ഥതയും ദൈനംദിന ജീവിതത്തിൽ വലിയ വഴികാട്ടിയാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. വിശുദ്ധ കുർബാനയ്ക്ക് ശേഷം, ദേവാലയത്തിന് പിൻവശത്തായി നിർമ്മിക്കുന്ന പുതിയ സൺഡേ സ്കൂൾ മന്ദിരമായ 'ഹൊറൈസൺ സെന്ററിന്റെ' ഗ്രൗണ്ട് ബ്രേക്കിംഗ് കർമ്മം മുഖ്യാതിഥിയായ ബിഷപ് മാർ ജോർജ് പള്ളിപ്പറമ്പിൽ നിർവ്വഹിച്ചു.





വിശുദ്ധ കുർബാനയിലും അനുബന്ധ ചടങ്ങുകളിൽ വികാരി ഫാ. അബ്രാഹം മുത്തോലത്ത്, അസിസ്റ്റന്റ് വികാരി ഫാ. ജോഷി വലിയവീട്ടിൽ എന്നിവർ സഹകാർമ്മികരായിരുന്നു.

കൈക്കാരന്മാരായ സാജി മരങ്ങാട്ടിൽ, ജെയിംസ് വടക്കേക്കര, സാബു കറുകപ്പറമ്പിൽ, നിഥിൻ വട്ടമറ്റത്തിൽ, സിസ്റ്റർ റെജി SJC, ബിബി തെക്കനാട്ട് എന്നിവരുടെ നേതൃത്വത്തിലാണ് തിരുനാൾ ആഘോഷങ്ങളും ശിലാസ്ഥാപനചടങ്ങുകളും സംഘടിപ്പിച്ചത്. ആഘോഷങ്ങളിൽ നിരവധി ഇടവകാംഗങ്ങൾ പങ്കെടുത്തു.

# ബാംഗ്ലൂർ ക്രിസ്ത്യൻ പ്രസ്സ് അസോസിയേഷൻ കുടുംബസംഗമം സമാപിച്ചു

ബെംഗ്ളൂരു: കർണാടകയിലെ ക്രൈസ്തവ മാധ്യമപ്രവർത്തകരുടെ സംഘടനയായ ബാംഗ്ലൂർ ക്രിസ്ത്യൻ പ്രസ്സ് അസോസിയേഷൻ (ബിസിപിഎ) 22-ാമത് വാർഷിക സമ്മേളനവും കുടുംബസംഗമവും നടത്തി.



ബാംഗ്ലൂർ ക്രിസ്ത്യൻ പ്രസ്സ് അസോസിയേഷൻ വാർഷിക സമ്മേളനത്തിൽ പ്രസിഡണ്ട് ചാക്കോ കെ. തോമസ് പ്രസംഗിക്കുന്നു.



കൊത്തന്നൂർ കെ.ആർ.സി. എബനേസർ ചർച്ച് ഓഫ് ഗോഡ് ഹാളിൽ നടന്ന സമ്മേളനത്തിന് പാസ്റ്റർ ലാൻസൺ പി. മത്തായി അദ്ധ്യക്ഷനായിരുന്നു. ക്രൈസ്തവ മാധ്യമപ്രവർത്തകർ ക്രിസ്തീയ മൂല്യങ്ങൾ, സത്യസന്ധത, സാമൂഹിക പ്രതിബദ്ധത എന്നിവ മുറുകെപ്പിടിച്ചുകൊണ്ട് സമൂഹത്തിൽ പ്രവർത്തിക്കണമെന്ന് പ്രസിഡണ്ട് ചാക്കോ കെ. തോമസ് പറഞ്ഞു. വാർത്തകൾ റിപ്പോർട്ട് ചെയ്യുന്നതിനപ്പുറം സമൂഹത്തിൽ ക്രിയാത്മകമായ സ്വാധീനം ചെലുത്താൻ സാധിക്കണമെന്നും അദ്ദേഹം പറഞ്ഞു. സെക്രട്ടറി പാസ്റ്റർ ജോസഫ് ജോൺ, വൈസ് പ്രസിഡണ്ട് ജോമോൻ ജോൺ ചമ്പക്കുളം, പബ്ലീഷർ മനീഷ് ഡേവിഡ് എന്നിവരും പ്രസംഗിച്ചു. ഡേവീസ് ഏബ്രഹാം ഗാനശുശ്രൂഷ നിർവഹിച്ചു. പ്രോഗ്രാം കോ-ഓർഡിനേറ്റർ ബെൻസൺ ചാക്കോ, സിസ്റ്റർ റോൺസി ഡേവീസ് എന്നിവരുടെ നേതൃത്വത്തിൽ കുടുംബാംഗങ്ങളുടെ വിവിധ പരിപാടികൾ നടത്തി.

രക്ഷാധികാരി പാസ്റ്റർ ജോസ് മാത്യു സമാപന സന്ദേശവും അനുഗ്രഹപ്രാർത്ഥനയും നടത്തി. ജോയിന്റ് സെക്രട്ടറി ജോസ് വലിയകാലായിൽ സ്വാഗതവും ട്രഷറർ ഡേവീസ് ഏബ്രഹാം നന്ദിയും രേഖപ്പെടുത്തി.

കേരളാ എക്സ്പ്രസ് KERALA EXPRESS വാരാന്ത്യം

# പൂഞ്ഞാർ ഇനി മാറും: അഡ്വ. സെബാസ്റ്റ്യൻ എം. ജെ. MLA (അഡ്വ. സജി ജോസഫ്)

**അഭിമുഖം:** തയ്യാറാക്കിയത്: **ജോസ് കണിയാലി**

**കോ**ട്ടയം ജില്ലയിലെ രാഷ്ട്രീയ ഭൂപടത്തിൽ എന്നും ശ്രദ്ധേയമായ പോരാട്ടങ്ങൾക്ക് വേദിയായ പൂഞ്ഞാർ, ഇത്തവണത്തെ നിയമസഭാ തെരഞ്ഞെടുപ്പിൽ പുതിയൊരു രാഷ്ട്രീയ അധ്യായത്തിനാണ് സാക്ഷ്യം വഹിച്ചത്. കോൺഗ്രസ് സ്ഥാനാർഥിയായി മത്സരിച്ച അഡ്വ. സെബാസ്റ്റ്യൻ എം.ജെ. (അഡ്വ. സജി ജോസഫ്) 56,900 വോട്ടുകൾ നേടി വിജയിച്ചതോടെ പൂഞ്ഞാറിന്റെ ജനപ്രതിനിധിയായി നിയമസഭയിലെത്തി. നിലവിലെ എം.എൽ.എ. സെബാസ്റ്റ്യൻ കുളത്തുങ്കലിനെയും മുതിർന്ന രാഷ്ട്രീയ നേതാവ് പി.സി. ജോർജിനെയും പിന്തള്ളിയുള്ള അദ്ദേഹത്തിന്റെ വിജയം മധ്യതിരുവിതാംകൂറിലെ രാഷ്ട്രീയത്തിൽ ശ്രദ്ധേയമായ മാറ്റമായി വിലയിരുത്തപ്പെട്ടു.

എന്നാൽ തെരഞ്ഞെടുപ്പ് വിജയത്തിനപ്പുറം, അധികാരത്തെ എങ്ങനെ സമീപിക്കുന്നു എന്നതിലൂടെയാണ് സെബാസ്റ്റ്യൻ എം.ജെ. ശ്രദ്ധ നേടുന്നത്. "സർക്കാർ അനുവദിക്കുന്ന പണം നാട്ടുകാരുടേതാണ്; അതുകൊണ്ട് വികസന പദ്ധതികളുടെ ഉദ്ഘാടന ഫലകങ്ങളിൽ എന്റെ പേര് എഴുതേണ്ടതില്ല" എന്ന അദ്ദേഹത്തിന്റെ പ്രഖ്യാപനം ഇപ്പോൾ വലിയ പൊതു ചർച്ചകൾക്കാണ് വഴിതെളിയിച്ചത്. പദ്ധതികളുടെ ഫലകങ്ങളിൽ സ്വന്തം പേര് വേണ്ടെന്നുവെക്കുന്ന അദ്ദേഹത്തിന്റെ ഈ തീരുമാനം ചരിത്രത്തിൽ തന്നെ വേറിട്ട മാതൃകയാകുമെന്ന അഭിപ്രായങ്ങളും ഉയർന്നുവന്നു. സമൂഹ മാധ്യമങ്ങളിലും ഈ നിലപാടിന് വലിയ കൈയടിയാണ് ലഭിച്ചത്.

ഒരു ജനപ്രതിനിധിയെന്ന നിലയിൽ തന്റെ ഉത്തരവാദിത്വത്തെ എങ്ങനെയാണ് അദ്ദേഹം കാണുന്നത്? പൂഞ്ഞാറിനായുള്ള അദ്ദേഹത്തിന്റെ വികസന കാഴ്ചപ്പാട് എന്തൊക്കെയാണ്?. വിജയത്തിന്റെയും പുതിയ ഉത്തരവാദിത്വത്തിന്റെയും പശ്ചാത്തലത്തിൽ, തന്റെ നിലപാടുകളും കാഴ്ചപ്പാടുകളും പങ്കുവെച്ച് അഡ്വ. സെബാസ്റ്റ്യൻ എം. ജെ. (അഡ്വ. സജി ജോസഫ്) കേരളാ എക്സ് പ്രസ്സിനോട് സംസാരിക്കുന്നു....

**(കുന്നത്തുനാട് എം.എൽ.എ. വി.പി സജീന്ദ്രൻ, കെ.പി.സി.സി വൈസ് പ്രസിഡന്റ് ജെയ്സൺ ജോസഫ്, ഫൊക്കാന ജനറൽ സെക്രട്ടറി സന്തോഷ് നായർ എന്നിവരും സന്നിഹിതരായിരുന്നു)**



**താങ്കളുടെ രാഷ്ട്രീയ പശ്ചാത്തലം ഒന്നു പറയാമോ?**

ചെറുപ്പം മുതൽ തന്നെ കെ.എസ്.യുവിലൂടെയാണ് ഞാൻ രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ചത്. പാലാ സെന്റ് തോമസ് കോളേജിൽ പഠിക്കുന്ന കാലത്ത് 1990-ൽ ഞാൻ കോളേജ് യൂണിയൻ ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ടു. അന്ന് എനിക്കെതിരെ മത്സരിച്ച് പരാജയപ്പെട്ടത് പിന്നീട് മന്ത്രിയായ റോഷി അഗസ്റ്റിനായിരുന്നു.

അതിനുശേഷം 1995-ൽ കേരളത്തിലെ ഏറ്റവും പ്രായം കുറഞ്ഞ പഞ്ചായത്ത് പ്രസിഡന്റായി ഞാൻ സ്ഥാനമേറ്റു. തലപ്പലം പഞ്ചായത്ത് പ്രസിഡന്റായാണ് ചുമതലയേറ്റത്. അതോടൊപ്പം തലപ്പലം സർവീസ് കോ - ഓപ്പറേറ്റീവ് ബാങ്കിന്റെ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി. കോട്ടയം ജില്ലയിലെ ആദ്യത്തെ സൂപ്പർ ഗ്രേഡ് ബാങ്കായി അതിനെ ഉയർത്താനും, കഴിഞ്ഞ 26 വർഷമായി 25 ശതമാനം ഡിവിഡന്റ് നൽകുന്ന മികച്ച ബാങ്കായി അതിനെ മാറ്റിയെടുക്കാനും സാധിച്ചു. പിന്നീട് പഞ്ചായത്ത് പ്രസിഡന്റായി പത്ത് വർഷത്തോളം പ്രവർത്തിച്ചു. അതിനുശേഷവും രാഷ്ട്രീയ പ്രവർത്തനം തുടർന്നു. പക്ഷേ, ബാങ്കിന്റെ പ്രവർത്തനങ്ങളിൽ നേരിട്ടല്ലാതെയുള്ള ഇടപെടലുകളാണ് നടത്തി വരുന്നത്.

ഇനി പൂഞ്ഞാറിനെ കുറിച്ച് പറയുകയാണെങ്കിൽ കേരള കോൺഗ്രസ് മാറിമാറി ഭരിക്കുന്ന ഒരു മണ്ഡലമാണ് പൂഞ്ഞാർ. പൂഞ്ഞാറിന്റെ അടിസ്ഥാന രാഷ്ട്രീയ ഘടന പരിശോധിച്ചാൽ കോൺഗ്രസിന് ശക്തമായ ഒരു അടിത്തറ ഇവിടെയുള്ള കാര്യം നമുക്ക് വ്യക്തമാകും. ഒരു സമയത്ത്, മണ്ഡലത്തിന്റെ അതിർത്തി പുനർനിർണയത്തെ തുടർന്ന് പൂഞ്ഞാറിന്റെ ചില പ്രദേശങ്ങൾ മറ്റു മണ്ഡലങ്ങളിലേക്ക് പോയെങ്കിലും, നാലോ അഞ്ചോ പഞ്ചായത്തുകളിൽ അപ്പോഴും കോൺഗ്രസിന് ശക്തമായ സംഘടനാ അടിത്തറയുണ്ടായിരുന്നു. പഴയ പൂഞ്ഞാർ മേഖലയിലും കോൺഗ്രസിന് മികച്ച വേരോട്ടമുണ്ടായിരുന്നു.

അഡ്വ. സെബാസ്റ്റ്യൻ എം.ജെ. എം. എൽ.എ. (അഡ്വ. സജി ജോസഫ്) അത്തരമൊരു സാഹചര്യത്തിൽ കൃത്യമായ ഒരു സ്ഥാനാർഥിയെ മുന്നിൽ നിർത്തിയപ്പോൾ ഉണ്ടായ വിജയം മാത്രമാണ് എന്റേത്. അത് പക്ഷേ, ഞാനെന്റെ വ്യക്തിപരമായ നേട്ടമായി കാണുന്നില്ല. മണ്ഡലത്തിലെ യു.ഡി.എഫിന്റെ രാഷ്ട്രീയ അടിത്തറയും ജനങ്ങളുടെ പിന്തുണയും തന്നെയാണ് ഈ വിജയത്തിന്റെ പ്രധാന കാരണം. അതോടൊപ്പം കൃത്യമായ ആസൂത്രണവും പ്രവർത്തനവും കൂടി ഈ വിജയത്തിന് പിന്നിലുണ്ടായിരുന്നു.

അതേസമയം, കഴിഞ്ഞ തവണ കോൺഗ്രസിന്റെ സ്ഥാനാർഥി ഏകദേശം 26,000 വോട്ടിന്റെ വ്യത്യാസത്തിൽ മൂന്നാം സ്ഥാനത്തായിരുന്ന മണ്ഡലത്തിലാണ് ഇത്തവണ ഞാൻ വിജയിച്ചത്. അതും 6,500-ഓളം വോട്ടിന്റെ ഭൂരിപക്ഷത്തിലേക്ക് എനിക്ക് എത്താൻ കഴിഞ്ഞു എന്നത് വലിയൊരു മാറ്റമാണെന്ന് പറയാതെ വയ്യ. കേരളത്തിൽ തന്നെ ഏറ്റവും ശക്തമായ ത്രികോണമത്സരം നടന്ന മണ്ഡലങ്ങളിലൊന്നായിരുന്നു പൂഞ്ഞാർ. ആ ഒരു തരത്തിൽ നോക്കിക്കാണുകയാണെങ്കിൽ ഈ വിജയം അല്പം പ്രത്യേകത ഉള്ളത് തന്നെയാണ്.



**ലോകം വലിയൊരു സാങ്കേതിക വിപ്ലവത്തിലേക്ക് നീങ്ങുമ്പോൾ, കേരളത്തിന്റെ രാഷ്ട്രീയവും ഭരണസംവിധാനവും എങ്ങനെയാണ് മാറേണ്ടത്?**

ജനങ്ങൾ എപ്പോഴും നോക്കുന്നത് അവരുടെ ജീവിതത്തിൽ മാറ്റമുണ്ടാക്കുന്ന വികസന രാഷ്ട്രീയത്തെയാണ്. പ്രത്യേകിച്ച് പുതിയ തലമുറ അതിനാണ് കൂടുതൽ പ്രാധാന്യം നൽകുന്നത്. ജാതിയുടെയും മതത്തിന്റെയും പേരിലുള്ള രാഷ്ട്രീയത്തിന് ഇന്നത്തെ കാലത്ത് വലിയ പ്രസക്തിയില്ല. ലോകം അതിവേഗം മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ ജീവിതനിലവാരം എങ്ങനെ ഉയർത്താം, അവർക്ക് എന്ത് ചെയ്യാൻ കഴിയും, സമൂഹത്തെ എങ്ങനെ മുന്നോട്ടുകൊണ്ടുപോകാം എന്ന ചിന്തയിലാണ് ഇനി രാഷ്ട്രീയം കേന്ദ്രീകരിക്കേണ്ടത്. കുറച്ചുകാലത്തേക്ക് ജാതിയുടെയും മതത്തിന്റെയും പേരിലുള്ള വിഷയങ്ങൾ ഉയർത്തിപ്പിടിച്ച് ജനങ്ങളെ സ്വാധീനിക്കാൻ കഴിഞ്ഞേക്കാം. എന്നാൽ വികസിത രാജ്യങ്ങളിലെ ജനാധിപത്യ തെരഞ്ഞെടുപ്പുകളിലേക്ക് നോക്കിയാൽ, അവിടെയെല്ലാം വികസനം, ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾ, സാങ്കേതികവിദ്യ, ജനങ്ങളുടെ ജീവിതനിലവാരം തുടങ്ങിയ വിഷയങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം കൊടുക്കുന്നത്. നമ്മുടെ രാഷ്ട്രീയവും ആ ദിശയിലേക്കാണ് മാറേണ്ടത്.

**പൂഞ്ഞാറിന്റെ പ്രത്യേക വികസന പദ്ധതിയെക്കുറിച്ച് പറയാമോ?**

പൂഞ്ഞാറിന്റെ അടുത്ത 25 വർഷം മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു ദീർഘവീക്ഷണമുള്ള വികസന പദ്ധതിയാണ് ഞങ്ങൾ ആസൂത്രണം ചെയ്യുന്നത്. വികസനം എന്നത് ഒരു തുടർച്ചയായ പ്രക്രിയയാണ്. ഒരു എം.എൽ.എ. മാറി മറ്റൊരാൾ വരുമ്പോൾ, മുൻഗാമി ആരംഭിച്ച പദ്ധതികളെ വെട്ടിമുറിക്കുകയോ ഇല്ലാതാക്കുകയോ ചെയ്യുന്ന സമീപനം ഒരിക്കലും നല്ലതല്ല. അത്തരമൊരു രാഷ്ട്രീയ ഇടപെടൽ വികസനത്തെ ഗുരുതരമായി ബാധിക്കും.

അതുകൊണ്ടുതന്നെ, കഴിഞ്ഞ എം.എൽ.എ. നടപ്പാക്കിയ പദ്ധതികളെ കൃത്യമായി പഠിച്ചശേഷമാണ് ഞങ്ങൾ മുന്നോട്ടുപോകുന്നത്. ജനങ്ങൾക്ക് ഗുണകരമായ പദ്ധതികളിൽ ഒരു മാറ്റവും വരുത്താതെ അവ അതേപടി തുടരാനാണ് തീരുമാനം. കാരണം, ആ പദ്ധതികളെല്ലാം ജനങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങളുടെ ആവശ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് ആവിഷ്കരിച്ചിട്ടുള്ളത്. കേവലം രാഷ്ട്രീയ ലാഭത്തിനുവേണ്ടി നല്ല പദ്ധതികളെ വെട്ടിമുറിക്കുന്ന ചീപ്പ് പൊളിറ്റിക്സ് നമ്മൾ ചെയ്യാൻ പാടില്ല.

അതേസമയം, വ്യക്തിപരമായോ രാഷ്ട്രീയപരമായോ നേട്ടങ്ങൾ ലക്ഷ്യമിട്ട് രൂപപ്പെടുത്തിയിട്ടുള്ള പദ്ധതികളോ നടപടികളോ ഉണ്ടെങ്കിൽ അവയിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിൽ



വിട്ടുവീഴ്ചയുണ്ടാകില്ല. എന്നാൽ വികസനത്തിന്റെ കാര്യത്തിൽ ഞങ്ങളുടെ സമീപനം എല്ലായ്പ്പോഴും പോസിറ്റീവും തുടർച്ച ഉറപ്പാക്കുന്നതുമായിരിക്കും. പൂഞ്ഞാറിന്റെ ഭാവി മുന്നിൽ കണ്ടുകൊണ്ട്, രാഷ്ട്രീയത്തിനതീതമായി ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വികസനമാണ് ലക്ഷ്യം.

**പൂഞ്ഞാറിന്റെ വികസനത്തിന് താങ്കളുടെ കാഴ്ചപ്പാടിൽ എന്തൊക്കെയാണ് പ്രധാന സാധ്യതകൾ? അതിനായി ആവിഷ്കരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്?**

നമ്മുടെ നിയോജകമണ്ഡലത്തിന്റെയും അതോടൊപ്പം കേരളത്തിന്റെയും വികസനത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു പോരായ്മ, ഒരു വീട് പണിയുമ്പോൾ അതിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതുപോലെ കൃത്യമായ കണക്കുകൂട്ടലുകളോടെയല്ല പലപ്പോഴും വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് എന്നതാണ്. അതിലാണ് ഏറ്റവും വലിയ അപകടവും.

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകളിലും ഒരു നഗരസഭയിലും കൃത്യമായ ഡാറ്റാ ശേഖരണം നടത്തും. ഓരോ പഞ്ചായത്തിന്റെയും നഗരസഭയുടെയും പ്രാദേശിക പ്രത്യേകതകളും സാധ്യതകളും മനസ്സിലാക്കിയ ശേഷമായിരിക്കും വികസന പദ്ധതികൾ തയ്യാറാക്കുക. ഈ വിവരങ്ങളെല്ലാം ക്രോഡീകരിച്ച് പൂഞ്ഞാർ നിയോജകമണ്ഡലത്തിനാകെ ഒരു സമഗ്ര വികസന പദ്ധതി തയ്യാറാക്കും.

**താങ്കൾ ഒരു ഗ്രീൻ കാർഡ് ഹോൾഡറായ എം.എൽ.എ. ആണെന്ന് കേട്ടിട്ടുണ്ട്. അതിന്റെ പശ്ചാത്തലം എന്താണ്?**

അത് അമേരിക്കയിലെ ഒരു പെർമനന്റ് റെസിഡൻസി മാത്രമാണ്. എന്റെ എല്ലാ സഹോദരന്മാരും അമേരിക്കയിലാണ്. അതിലൊരാൾ എന്നെ സ്പോൺസർ ചെയ്തതിലൂടെയാണ് എനിക്ക് ഗ്രീൻ കാർഡ് ലഭിച്ചത്. അതിൽ പ്രത്യേകിച്ച് എടുത്തുപറയത്തക്ക പ്രാധാന്യമൊന്നുമില്ല. ഗ്രീൻ കാർഡ് എന്നത് അമേരിക്കയിലെ നിയമപരമായ സ്ഥിരതാമസ പദവിയാണ്; അത് അമേരിക്കൻ പൗരത്വത്തിന് തുല്യമല്ല.

എന്റെ പ്രവർത്തനമേഖലയിൽ അതിന് പ്രത്യേക സ്വാധീനമൊന്നുമില്ല. എന്റെ പ്രവർത്തനത്തിന്റെ 95 ശതമാനവും നാട്ടിൽ തന്നെയാണ്. ജനങ്ങളോടൊപ്പം ഇവിടെ പ്രവർത്തിക്കാനും അവരുടെ ആവശ്യങ്ങൾക്കായി ഇടപെടാനുമാണ് ഞാൻ കൂടുതൽ സമയം ചെലവഴിക്കുന്നത്. അമേരിക്കയിൽ കുടുംബാംഗങ്ങളുള്ളതിന്റെ ഭാഗമായി ലഭിച്ച ഒരു റെസിഡൻസി എന്നതിലപ്പുറം, അതിനെ ഞാൻ വലിയൊരു വിഷയമായി കാണുന്നില്ല.

**പുതിയ തലമുറയുടെ വരവോടെ കോൺഗ്രസിലെ ഗ്രൂപ്പ് രാഷ്ട്രീയത്തിന് പ്രസക്തി കുറഞ്ഞുവെന്ന് താങ്കൾ കരുതുന്നുണ്ടോ?**

കഴിഞ്ഞ കാലഘട്ടങ്ങളിലൊക്കെ കോൺഗ്രസിൽ ഗ്രൂപ്പുകൾ ഉണ്ടായിരുന്നുവെന്നത് ശരിയാണ്. എന്നാൽ ഇപ്പോൾ വന്നിരിക്കുന്നത് പുതിയൊരു തലമുറയാണ്. ആ തലമുറയ്ക്ക് ഇത്തരം ഗ്രൂപ്പ് രാഷ്ട്രീയങ്ങളോട് ഒട്ടും താല്പര്യമില്ല. അവർ കൂടുതൽ പ്രാധാന്യം നൽകുന്നത് വികസനത്തിനും പ്രവർത്തനക്ഷമതയ്ക്കുമാണ്. ഒരു വ്യക്തി മന്ത്രിയാണോ അല്ലയോ എന്നതല്ല പ്രധാനം; കഴിവുള്ള ഒരാൾക്ക് ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന പദ്ധതികൾ കൊണ്ടുവരാൻ കഴിയുന്നുണ്ടെങ്കിൽ, ആ പദ്ധതികൾ കേരളത്തിന് മാത്രമല്ല, ഒരു നിയോജകമണ്ഡലത്തിനും ഒരുപക്ഷേ ലോകത്തിനുതന്നെയും മാതൃകയാകാം. എം.എൽ.എ. എന്ന നിലയിൽ ആ രീതിയിൽ ചിന്തിക്കുന്ന ഒരാളാണ് ഞാൻ. വികസനത്തിന് മുൻതൂക്കം നൽകിക്കൊണ്ട് മുന്നോട്ടുപോകുക എന്നതാണ് എന്റെ ലക്ഷ്യം.

**ഒരിക്കൽപോലും മന്ത്രിയായിട്ടില്ലാത്ത വി.ഡി. സതീശനാണ് ഇപ്പോൾ മുഖ്യമന്ത്രിയായിരിക്കുന്നത്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെയും ഈ കാഴ്ചപ്പാടിനെയും എങ്ങനെ വിലയിരുത്തുന്നു?**

അതിന് ഒരു ഉദാഹരണം പറയാം. അമേരിക്കയിലെ ഇലോൺ മസ്കിനെ നോക്കൂ. അദ്ദേഹം ഒരു സർവകലാശാലയിൽ നിന്ന് വലിയ അക്കാദമിക് ബിരുദങ്ങളോ ഡോക്ടറേറ്റോ നേടിയ വ്യക്തിയാണെന്ന് ഞാൻ കരുതുന്നില്ല. എന്നാൽ ഇന്ന് ലോകത്തിലെ ഏറ്റവും ശ്രദ്ധേയരായ ശാസ്ത്രചിന്തകരിലും സംരംഭകരിലും ഒരാളായാണ് അദ്ദേഹം വിലയിരുത്തപ്പെടുന്നത്. ന്യൂറാലിങ്ക് പോലുള്ള പദ്ധതികൾ, ബഹിരാകാശ ഗവേഷണ രംഗത്തെ സ്വകാര്യ സംരംഭങ്ങൾ, ടെസ്‌ല ഉൾപ്പെടെയുള്ള സാങ്കേതിക സംരംഭങ്ങൾ-ഇതെല്ലാം അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന്റെയും കഴിവിന്റെയും ഉദാഹരണങ്ങളാണ്.

അതുകൊണ്ട് ഒരാൾ എത്ര വലിയ അക്കാദമിക് യോഗ്യത നേടിയിട്ടുണ്ട് എന്നതുമാത്രമല്ല പ്രധാനം. അയാളുടെ വിഷൻ എന്താണ് എന്നതാണ് ഏറ്റവും പ്രധാനപ്പെട്ടത്. അതുതന്നെയാണ് വി.ഡി. സതീശന്റെ കാര്യത്തിലും ഞാൻ കാണുന്നത്. അദ്ദേഹം മന്ത്രിയായിരുന്നോ, അല്ലെങ്കിൽ എത്രകാലം എം.എൽ.എ. ആയിരുന്നു എന്നതല്ല പ്രധാനപ്പെട്ട കാര്യം. അദ്ദേഹത്തിന് വളരെ വ്യക്തമായ ഒരു കാഴ്ചപ്പാടും അതിനനുസരിച്ചുള്ള പദ്ധതികളും ഉണ്ട്. ഒരു വിഷയം അവതരിപ്പിച്ചാൽ അതിന്റെ കാതൽ പെട്ടെന്ന് മനസ്സിലാക്കാനും കാര്യങ്ങളെ വ്യക്തമായി ഗ്രഹിക്കാനും അദ്ദേഹത്തിന് കഴിയുന്നു. ഒരു നേതാവിന് ഏറ്റവും ആവശ്യമായ കഴിവുകളിലൊന്നാണിത്.

**അമേരിക്കയുമായി അടുത്ത ബന്ധമുള്ള ഒരു വ്യക്തിയെന്ന നിലയിലും കേരളത്തിന്റെ ജനപ്രതിനിധിയെന്ന നിലയിലും അമേരിക്കൻ മലയാളികളോട് താങ്കൾക്ക് പറയാനുള്ള സന്ദേശം എന്താണ്?**

അമേരിക്കയിലേക്ക് പോകുന്ന മലയാളികളിൽ ഭൂരിഭാഗവും പിന്നീട് അവിടെത്തന്നെ സ്ഥിരതാമസമാക്കുകയാണ് പതിവ്. കുടുംബവും ജോലിയും ജീവിതസാഹചര്യങ്ങളുമെല്ലാം അവിടെ കെട്ടിപ്പടുത്തുകഴിഞ്ഞാൽ, എല്ലാം ഉപേക്ഷിച്ച് പൂർണമായി നാട്ടിലേക്ക് തിരിച്ചുവരിക എന്നത് പലർക്കും പ്രായോഗികമായി ബുദ്ധിമുട്ടുള്ള കാര്യമാണ്. അതുകൊണ്ടുതന്നെ, നാട്ടിലേക്ക് തിരിച്ചുവരാൻ കഴിയുന്നില്ലെങ്കിൽ പോലും നാടുമായുള്ള ബന്ധം നഷ്ടപ്പെടുത്തേണ്ടതില്ല എന്നാണ് എനിക്ക് അമേരിക്കൻ മലയാളികളോട് പറയാനുള്ളത്.

അതിനുള്ള ഏറ്റവും നല്ലൊരു മാർഗം ഇന്ത്യയിൽ ബിസിനസ് ചെയ്യുക എന്നതാണ്. നിങ്ങൾ അമേരിക്കയിൽ നേടിയ അറിവും അനുഭവവും സമ്പത്തും ഇന്ത്യയുടെ വികസനത്തിനായി കൂടി ഉപയോഗിക്കാം. അത് ഇന്ത്യയുടെ സാമ്പത്തിക വളർച്ചയ്ക്ക് സഹായിക്കുന്നതിനൊപ്പം, അമേരിക്കൻ മലയാളികൾക്ക് സ്വന്തം നാടുമായുള്ള ബന്ധം നിലനിർത്താനും അവസരമൊരുക്കും. അമേരിക്കയിൽ ജീവിക്കുമ്പോഴും ഇന്ത്യയുടെ വളർച്ചയിൽ ഒരു പങ്കാളിയാകുക. ബിസിനസിലോ വ്യവസായത്തിലോ സാങ്കേതികവിദ്യയിലോ മറ്റേതെങ്കിലും മേഖലകളിലോ നിക്ഷേപിക്കാൻ കഴിയുമെങ്കിൽ അത് ചെയ്യണം. നിങ്ങൾക്ക് നാട്ടിലേക്ക് പൂർണമായി തിരിച്ചുവരാൻ കഴിഞ്ഞില്ലെങ്കിലും, നിങ്ങളുടെ അറിവും കഴിവും നിക്ഷേപവും നാട്ടിൽ ഒരു മാറ്റത്തിന്റെ ഭാഗമാകട്ടെ. അതാണ് അമേരിക്കൻ മലയാളികളോട് എനിക്ക് പറയാനുള്ള പ്രധാന സന്ദേശം.

# ടാമ്പാ ഇടവകയിൽ വിശ്വാസപരിശീലന പരിപാടിക്ക് ഉജ്വല തുടക്കം







റോബിൻ ചമ്പനിയിൽ

ടാമ്പാ: സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്ക ഫൊറോന ദേവാലയത്തിലെ വിശ്വാസപരിശീലന പരിപാടിയുടെ പുതിയ അദ്ധ്യയനവർഷത്തെ പ്രവർത്തനങ്ങൾക്ക് തുടക്കമായി. ഓഗസ്റ്റ് 16-ന് ഞായറാഴ്ച നടന്ന ഉദ്ഘാടനവും ഓപ്പൺ ഹൗസും വിദ്യാർത്ഥികളുടെയും മാതാപിതാക്കളുടെയും അദ്ധ്യാപകരുടെയും ഇടവക ജനങ്ങളുടെയും നിറസാന്നിദ്ധ്യംകൊണ്ട് ശ്രദ്ധേയമായി.

വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കുമായി നടത്തിയ സംയുക്ത വിശുദ്ധ കുർബാനയ്ക്കുശേഷം ഇടവക വികാരി ഫാ. ജോസ് അദോപ്പിള്ളിൽ തിരിതെളിച്ച് പുതിയ അദ്ധ്യയന വർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.


പുതിയ മതബോധന ഡയറക്ടറായി (ഡിആർഇ) സിജോയ് സിറിയക് പറപ്പള്ളിൽ ചുമതലയേറ്റു. ചടങ്ങിൽ മുൻ ഡിആർഇ ആയിരുന്ന സാലി കുളങ്ങരയുടെ സമർപ്പിത സേവനത്തിനും നേതൃത്വത്തിനുമുള്ള ആദരസൂചകമായി ഇടവക ട്രസ്റ്റിമാർ ഉപഹാരം നല്കി.

അൾത്താരയ്ക്കു മുന്നിൽ എല്ലാ സൺഡേസ്കൂൾ അദ്ധ്യാപകരും പ്രതിജ്ഞയെടുത്തു. തുടർന്ന് ഫാ. ജോസ് അദ്ധ്യാപകരെ ആശീർവദിച്ചു. സൺഡേസ്കൂളിലെ എല്ലാ ക്ലാസ്മുറികളും അച്ചൻ ആശീർവദിച്ചു.

പുതിയ അദ്ധ്യയന വർഷത്തിനായുള്ള ഒരുക്കങ്ങളുടെ ഭാഗമായി തലേ ദിവസം അദ്ധ്യാപകർക്കായി പ്രത്യേക ഓറിയന്റേഷൻ വർക്ക്ഷോപ്പും സംഘടിപ്പിച്ചിരുന്നു. ഫാ. ജിമ്മി ജെയിംസ് വർക്ക്ഷോപ്പിന് നേതൃത്വം നല്കി. കുട്ടികളുടെ വിശ്വാസപരിശീലനത്തിൽ അദ്ധ്യാപകരുടെ ഉത്തരവാദിത്വവും സമർപ്പണവും കൂടുതൽ ശക്തിപ്പെടുത്തുന്നതിനും പുതിയ അദ്ധ്യാപന രീതികൾ പരിചയപ്പെടുത്തുന്നതിനും വർക്ക്ഷോപ്പ് സഹായകമായി. സിജോയ് പറപ്പള്ളിൽ, എബിൻ തടത്തിൽ, ഡസ്റ്റിൻ മുടീക്കൻകുന്നേൽ എന്നിവർ സംസാരിച്ചു.

പുതിയ തലമുറയുടെ വിശ്വാസപരവും ആത്മീയവുമായ വളർച്ചയ്ക്ക് ശക്തമായ അടിത്തറ ഒരുക്കുന്നതിനുള്ള ഇടവകയുടെ പ്രതിബദ്ധത വിളിച്ചോതുന്നതായിരുന്നു ഉദ്ഘാടന പരിപാടികളും അദ്ധ്യാപക പരിശീലനവും.

# ഹൂസ്റ്റണിൽ എച്ച്.പി.എഫ് ഹിന്ദി കൺവൻഷനും സംഗീത സായാഹ്നവും ഓഗസ്റ്റ് 28, 29 തീയതികളിൽ




ജോയ് തുമ്പമൺ

ഹൂസ്റ്റൺ: ഹൂസ്റ്റൺ പെന്തെക്കോസ്ത് ഫെലോഷിപ്പിന്റെ (എച്ച്.പി.എഫ്) നേതൃത്വത്തിൽ ഹിന്ദി കൺവൻഷനും സംഗീത സായാഹ്നവും ഓഗസ്റ്റ് 28, 29 തീയതികളിൽ നടക്കും. വൈകിട്ട് 6.30-ന് ക്രിസ്ത്യൻ അസംബ്ലി ഓഫ് ഹൂസ്റ്റണിലാണ് സമ്മേളനങ്ങൾ.

ഗായകനും ഗാനരചയിതാവും പ്രഭാഷകനുമായ റവ. അമിത് കാംബ്ലെ മുഖ്യാതിഥിയായി പങ്കെടുക്കും. സംഗീത ശുശ്രൂഷയ്ക്കൊപ്പം ദൈവവചന സന്ദേശങ്ങളും രണ്ടു ദിവസത്തെ സമ്മേളനങ്ങളിൽ ഉണ്ടായിരിക്കും. ഹൂസ്റ്റണിലും സമീപപ്രദേശങ്ങളിലുമുള്ള ഹിന്ദി ഭാഷാ വിശ്വാസികളെ പങ്കെടുപ്പിച്ചാണ് പരിപാടി സംഘടിപ്പിക്കുന്നത്.

ഉപദേശ ഐക്യമുള്ള 16 സഭകളുടെ ഐക്യവേദിയാണ് ഹൂസ്റ്റൺ പെന്തെക്കോസ്ത് ഫെലോഷിപ്പ്. കൺവൻഷനുകൾ, ഏകദിന സെമിനാറുകൾ, പാസ്റ്റേഴ്സ് ആൻഡ് ലീഡേഴ്സ് കോൺഫറൻസുകൾ, യുവജനങ്ങൾക്കും സഹോദരിമാർക്കുമായി പ്രത്യേക സമ്മേളനങ്ങൾ തുടങ്ങി വിവിധ ആത്മീയപ്രവർത്തനങ്ങൾക്ക് എച്ച്.പി.എഫ് നേതൃത്വം നല്കിവരുന്നു.

പാസ്റ്റർ ബൈജു തോമസ് (പ്രസിഡണ്ട്), അജി ഇടിക്കുള (സെക്രട്ടറി), പാസ്റ്റർ ജോൺ സൈമൺ (വൈസ് പ്രസിഡണ്ട്), ജോൺ മാത്യു പുനലൂർ (ട്രഷറർ) എന്നിവരാണ് ഭാരവാഹികൾ.

വേദി: Christian Assembly of Houston, 1120 South Post Oak Road, Houston, Texas 77035. കൂടുതൽ വിവരങ്ങൾക്ക് ഹിന്ദി കോ-ഓർഡിനേറ്റർ ഡാനിയേൽ ഏബ്രഹാമുമായി ബന്ധപ്പെടുക 348 481 8043.

# പ്രമുഖ കാർഡിയോളജിസ്റ്റും മെഡിക്കൽ അദ്ധ്യാപകനുമായ ഡോ. പി.കെ. മാത്യു പുത്തൻപുരയ്ക്കൽ അന്തരിച്ചു



റോച്ചസ്റ്റർ: പ്രമുഖ കാർഡിയോളജിസ്റ്റും മെഡിക്കൽ അദ്ധ്യാപകനുമായ ഡോ. പുത്തൻപുരയ്ക്കൽ കോര (പി.കെ. മാത്യു -84) അന്തരിച്ചു. 1967-ൽ മെഡിക്കൽ ബിരുദം നേടിയ അദ്ദേഹം ഗ്ലാസ്ഗോയിലും ന്യൂയോർക്കിലുമായി ഉയർന്ന പരിശീലനം പൂർത്തിയാക്കി. പിന്നീട് 1974-ൽ റോച്ചസ്റ്ററിൽ കാർഡിയോളജി സേവനം ആരംഭിച്ചു. സെന്റ് മേരീസ് ഹോസ്പിറ്റൽ, യൂണിറ്റി ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ 38 വർഷത്തോളം സേവനമനുഷ്ഠിച്ച അദ്ദേഹം ചീഫ് ഓഫ് കാർഡിയോളജി, പ്രസിഡണ്ട് ഓഫ് ദി മെഡിക്കൽ സ്റ്റാഫ് എന്നീ നിലകളിലും പ്രവർത്തിച്ചു. മികച്ച അദ്ധ്യാപകനായിരുന്ന അദ്ദേഹത്തിന്റെ പേരിൽ യൂണിറ്റി ഹോസ്പിറ്റലിൽ അദ്ധ്യാപക പുരസ്കാരവും നിലവിലുണ്ട്. സെ. ജോസഫ്സ് നയിബൊർഹുഡ് സെന്ററിൽ സന്നദ്ധ സേവനവും നടത്തി. കോട്ടയം മാമ്മൂട്ടിൽ കുടുംബാംഗമായ എം.വി. കോരയുടെയും മറിയാമ്മ കോരയുടെയും മകനാണ്. ഭാര്യ ഡോ. തങ്കമ്മ മാത്യു. മക്കൾ/മരുമക്കൾ: ഡോ. ജൂലിയ മാത്യു ട്രാമ്പോ, ഡോ. റോയി ട്രാമ്പോ, ഡോ. സ്റ്റെഫനി മാത്യു, ഡോ. റോബർട്ട് മാത്യു. കൊച്ചുമക്കൾ: ഡാനി, ഓവൻ, കായ് മാത്യു. സഹോദരങ്ങൾ: പരേതനായ കോര ജോർജ്, പി.കെ. ഏബ്രഹാം/സൂസി, പി.കെ. കുര്യാക്കോസ്. സൂസൻ, മറിയാമ്മ ജോർജ്, സൂസൻ/ഡോ. പി.എം. രാജപ്പൻ എന്നിവരാണ് അടുത്ത കുടുംബാംഗങ്ങൾ. സംസ്കാര ശുശ്രൂഷ ഓഗസ്റ്റ് 24-ന് തിങ്കളാഴ്ച രാവിലെ 9 മുതൽ 12 വരെ വൈറ്റ് ഹാവെൻ മെമ്മോറിയൽ പാർക്കിലെ ഓൾ സീസൺസ് ചാപ്പലിൽ നടക്കും. തുടർന്ന് സംസ്കാരം നടക്കും.

അമേരിക്കയിലെ ആദ്യകാല കുടിയേറ്റക്കാരിൽ പ്രമുഖനായ, സൗഹൃദവും നർമ്മവും കാരുണ്യവും നിറഞ്ഞ വ്യക്തിത്വമായിരുന്ന ഡോ. പി.കെ. മാത്യുവിന്റെ വേർപാട് റോച്ചസ്റ്റർ മലയാളി സമൂഹത്തിനും മെഡിക്കൽ രംഗത്തിനും വലിയ നഷ്ടമാണ്.

**വാർത്ത: കോരസൺ**

# ചിക്കാഗോ സെന്റ് മേരീസിൽ പ്രധാന തിരുനാൾ വിപുലമായി ആഘോഷിച്ചു

റോയി ചേലമലയിൽ

ചിക്കാഗോ: മോർട്ടൻഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ദർശന തിരുനാളായി വിപുലമായി ആഘോഷിച്ചു. വിവിധ ദിവസങ്ങളിലെ ഭക്തിനിർഭരമായ തിരുക്കർമ്മങ്ങളും വൈവിധ്യമായ കലാപരിപാടികളും വർണ്ണാഭമായ പ്രദക്ഷിണവും തിരുനാളിനു മാറ്റു കൂട്ടി. ഇടവകയിലെ കഴിഞ്ഞ പതിനഞ്ചു വർഷത്തെ പാരീഷ് എക്സിക്യൂട്ടീവ്സ് ആയിരുന്നു ഈ വർഷത്തെ തിരുനാൾ പ്രസുദേന്തിമാർ.

ഓഗസ്റ്റ് 2-ന് ഇടവക വികാരി ഫാ. സിജു മുടക്കോടിൽ പതാക ഉയർത്തിയതോടെ തുടക്കംകുറിച്ച തിരുനാൾ ആഘോഷങ്ങൾ ഓഗസ്റ്റ് 9-ന് സമാപിച്ചു. ഓഗസ്റ്റ് 6-ന് സെമിത്തേരി സന്ദർശനവും മരിച്ച വിശ്വാസികളുടെ ഓർമ്മയാചരണവും നടത്തി. വിശുദ്ധ കുർബാനയ്ക്ക് അസി. വികാരി ഫാ. അനീഷ് മാവേലിപുത്തൻപുര നേതൃത്വം നല്കി.

യുവജന ദിനമായി ആചരിച്ച ഓഗസ്റ്റ് 7 വെള്ളിയാഴ്ചത്തെ വിശുദ്ധ കുർബാനയ്ക്കും വചനസന്ദേശത്തിനും ചിക്കാഗോ രൂപത യൂത്ത് അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. മെൽവിൻ പോൾ നേതൃത്വം നല്കി. തുടർന്ന് ഇടവകയിലെ വിവിധ കൂടാരയോഗങ്ങളും വിമൻസ് മിനിസ്ട്രിയും തിരുനാൾ പ്രസുദേന്തിമാരും നേതൃത്വം നല്കിയ വിവിധ കലാപരിപാടികൾ നടന്നു.



ഓഗസ്റ്റ് 8-ന് ശനിയാഴ്ച ബെൻസെൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ ഫൊറോന ദേവാലയ വികാരി ഫാ. ഏബ്രഹാം കളരിക്കൽ മുഖ്യകാർമ്മികത്വം വഹിച്ച തിരുനാൾ കുർബാനയിൽ ഫാ. ജിജോ നെല്ലിക്കാക്കണ്ടത്തിൽ, ഫാ. ജോസ് കന്നുവെട്ടിയേൽ, ഫാ. ഷഞ്ചു കൊച്ചുപറമ്പിൽ, ഫാ. ജോസ് കുന്നത്ത് കിഴക്കേതിൽ, ഫാ. സിജു മുടക്കോടിൽ, ഫാ. അനീഷ് മാവേലിപുത്തൻപുര എന്നിവർ സഹകാർമ്മികരായിരുന്നു. ക്നാനായ റീജിയൻ ഡയറക്ടറും വികാരി ജനറാളുമായ മോൺ. തോമസ് മുളവനാൽ വചനസന്ദേശം നല്കി. തുടർന്ന് ദർശന സമൂഹത്തിന്റെ നേതൃത്വത്തിൽ കപ്ലോൻ വാഴ്ച നടത്തി. തുടർന്ന് ഇടവകയിലെ വിവിധ പ്രായത്തിലുള്ള കുട്ടികളും മുതിർന്നവരും അവതരിപ്പിച്ച കലാപരിപാടികൾ നടന്നു. സ്റ്റീഫൻ ചൊള്ളമ്പേൽ രചനയും സംവിധാനവും നിർവഹിച്ച ഇടവകയിലെ കലാകാരന്മാരും കലാകാരികളും ചേർന്ന് അഭിനയിച്ച മാണിക്യവീണ എന്ന സംഗീത നൃത്ത നാടകം ശ്രദ്ധേയമായി.





പ്രധാന തിരുനാൾ ദിനമായ ഓഗസ്റ്റ് 9-ന് ഞായറാഴ്ചത്തെ തിരുനാൾ റാസയ്ക്ക് ആലുവ മംഗലപ്പുഴ സെമിനാരി പ്രഫസർ ഫാ. ജിജോ നെല്ലിക്കാക്കണ്ടത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തിരുഹൃദയ ദാസസമൂഹം സുപ്പീരിയർ ഫാ. ജോസ് കന്നുവെട്ടിയേൽ സന്ദേശം നല്കി.

ഫാ. തോമസ് മുളവനാൽ, ഫാ. ഷഞ്ചു കൊച്ചുപറമ്പിൽ, ഫാ. ഏബ്രഹാം കടുതോടിൽ, ഫാ. സിജു മുടക്കോടിൽ, ഫാ. അനീഷ് മാവേലിപുത്തൻപുര എന്നിവർ സഹകാർമ്മികരായിരുന്നു.

തുടർന്ന് വാദ്യമേളങ്ങളുടെയും മുത്തുക്കുടകളുടെയും അകമ്പടിയോടെ വിശുദ്ധരുടെ തിരുസ്വരൂപവും വഹിച്ചുകൊണ്ടുള്ള ആയിരക്കണക്കിന് ജനങ്ങൾ പങ്കെടുത്ത വർണ്ണശബളമായ തിരുനാൾ പ്രദക്ഷിണം നടന്നു.

ഫാ. തോമസ് മുളവനാൽ വിശുദ്ധ കുർബാനയുടെ ആശീർവാദം നല്കി. തുടർന്ന് അടുത്ത വർഷത്തെ പ്രസുദേന്തിമാരായ സെന്റ് ആന്റണീസ് കൂടാരയോഗം പ്രതിനിധികളെ വാഴിച്ചു. തുടർന്നു നടന്ന സ്നേഹവിരുന്നോടെയും ആവേശകരമായ തിരുനാൾ ലേലത്തോടെയും പരിപാടികൾ സമാപിച്ചു. ഓഗസ്റ്റ് 10-ന് തിങ്കളാഴ്ച കൊടിയിറക്കു നടത്തി.





ഇടവക ട്രസ്റ്റീ കോ-ഓർഡിനേറ്റർ സേവിയർ നടുപറമ്പിൽ, ട്രസ്റ്റിമാരായ സണ്ണി കണ്ണാല, ജോബി പോളക്കൽ, മജോ കുന്നശ്ശേരി, ഫെലിക്സ് പാലകൻ, സെക്രട്ടറി സണ്ണി മേലേടം, അക്കൗണ്ടന്റ് ജെയിംസ് മന്നാകുളം, പിആർഒ റോയി ചേലമലയിൽ, തിരുനാൾ കോ-ഓർഡിനേറ്റേഴ്സായിരുന്ന സാബു നടുവീട്ടിൽ, ജോണിക്കുട്ടി പിള്ളവീട്ടിൽ, ജിനോ കക്കാട്ടിൽ, എന്റർടൈൻമെന്റ് കോ-ഓർഡിനേറ്റേഴ്സായിരുന്ന സ്റ്റീഫൻ ചൊള്ളമ്പേൽ, ജീസ് ചക്കുങ്കൽ, ബിനു ഇടക്കര, കുട്ടികളെ പരിശീലിപ്പിച്ച മിന്റു മണ്ണൂകുന്നേൽ, മീന പുന്നച്ചേരിൽ, ഭാവന കിഴവള്ളിൽ, നീതു വാണിയകുന്നേൽ, ലിസ്മി താന്നിച്ചുവട്ടിൽ, സവിത മരങ്ങാട്ടിൽ എന്നിവരോടൊപ്പം പ്രസുദേന്തിമാരും കൂടാരയോഗം ഭാരവാഹികളും നിരവധി വോളന്റിയേഴ്സും തിരുനാൾ വിജയത്തിനായി പ്രവർത്തിച്ചു.

# മിസ് ഫൊക്കാന 2026 കിരീടം വാഷിംഗ്ടൺ ഡിസിയിൽ നിന്നുള്ള അശ്വതി മേനോന്

ശ്രീകുമാർ ഉണ്ണിത്താൻ

ചിക്കാഗോ: മത്സരത്തിലെ ഏറ്റവും ശ്രദ്ധേയമായ നിമിഷമായി മാറിയത് വിജയിയെ പ്രഖ്യാപിച്ച ചടങ്ങായിരുന്നു. 'ആഘോഷം' എന്ന മലയാള സിനിമയുടെ നിർമ്മാതാവ് ഡോ. ലിസി കെ. ഫെർണാണ്ടസ് വിജയിയുടെ പേര് പ്രഖ്യാപിച്ചു. 'ആഘോഷം' ഉൾപ്പെടെയുള്ള സിനിമകൾ നിർമ്മിച്ചിട്ടുള്ള ഡോ. ലിസി കെ. ഫെർണാണ്ടസ്, വിജയിക്ക് തന്റെ അടുത്ത ചിത്രത്തിൽ അരങ്ങേറ്റം കുറിക്കാൻ അവസരം നൽകുമെന്ന് പ്രഖ്യാപിച്ചതോടെ വേദി ആവേശത്തിലായി.

സൗന്ദര്യ മത്സരത്തിന്റെ പരിധികൾക്കപ്പുറം, മലയാളി യുവതികളുടെ കലാപരമായ കഴിവുകൾക്കും ആത്മവിശ്വാസത്തിനും സിനിമയിലേക്കുള്ള പുതിയ സാധ്യതകൾക്കും വാതിൽ തുറക്കുന്ന വേദിയായി 'മിസ് ഫൊക്കാന' മാറുകയായിരുന്നു. വിജയിക്ക് ലഭിച്ച സിനിമാ അവസരം ഈ കൺവൻഷനിലെ മത്സരത്തെ കൂടുതൽ ശ്രദ്ധേയമാക്കി.

മത്സരം മൂന്ന് റൗണ്ടുകളിലായാണ് നടന്നത്– കേരളീയ വേഷവും പരിചയപ്പെടുത്തലും, ടാലന്റ് റൗണ്ട്, സാരി–ചോദ്യോത്തര റൗണ്ട്, കേരളീയ സംസ്കാരത്തോടുള്ള ബന്ധം, വ്യക്തിഗത പ്രതിഭ, ആശയ വിനിമയ കഴിവ്, ആത്മവിശ്വാസം, സ്റ്റേജ് പ്രസൻസ് എന്നിവ പ്രകടിപ്പിക്കാൻ ഓരോ റൗണ്ടും മത്സരാർത്ഥികൾക്ക് അവസരം നൽകി.

മിസ് ഫൊക്കാന 2026 മത്സരത്തിൽ അശ്വതി മേനോൻ കിരീടം ചൂടി. വർഷ ലിജോ ഒന്നാം റണ്ണർ അപ്പായും ജൊന്നാ മനോജ് രണ്ടാം റണ്ണർ അപ്പായും തെരഞ്ഞെടുക്കപ്പെട്ടു.

ഒന്നാം റണ്ണർ അപ്പിനും രണ്ടാം റണ്ണർ അപ്പിനും ക്യാഷ് പ്രൈസുകൾ ഉൾപ്പെയുള്ള പുരസ്കാരങ്ങൾ നൽകുന്ന രീതിയിലാണ് മത്സരം ഒരുക്കിയിരുന്നത്. ഫൊക്കാന വനിതാ ഫോറം ചെയർപേഴ്സൺ രേവതി പിള്ളയുടെ നേതൃത്വത്തിലുള്ള സമിതിയാണ് മത്സരം ഏകോപിപ്പിച്ചത്. സരൂപ അനിൽ ചെയർപേഴ്സണായും പ്രിയ ലൂയിസ് കോ–ചെയറായും പ്രവർത്തിച്ചു.

മത്സരാർത്ഥികളുടെ വ്യത്യസ്ത കഴിവുകളും വ്യക്തിത്വ സവിശേഷതകളും പരിഗണിച്ച് നിരവധി പ്രത്യേക പുരസ്കാരങ്ങളും നൽകി.

Best Talent- ഐറിൻ തട്ടത്തിൽ

Best Hair- ഒലിവിയ ഷാജി

Best Personality- സിന്റ ബെനി

Best Walk- അഫ്ര സൂനി

Best Traditional Elegance- സ്റ്റെഫാനി സ്റ്റീഫൻ

Best Smile- ലിയാന വർഗീസ്



വിമൻസ് ഫോറം നേതാക്കളും വിശ്വാസ ബ്രാൻഡ് സഹ ഉടമ നിഷ പിള്ളയും ചേർന്നാണ് സബ്കാറ്റഗറി പുരസ്കാരങ്ങൾ സമ്മാനിച്ചത്.

സബ്കാറ്റഗറി ട്രോഫികൾ മുഴുവൻ വിശ്വാസ ബ്രാൻഡിന്റെ Samrddhi Hair Growth Oil സ്പോൺസർ ചെയ്തു. രേവതി പിള്ള, നേഹ പിള്ള, നിഷ പിള്ള എന്നിവരാണ് വിശ്വാസ ബ്രാൻഡിന്റെ ഉടമകൾ.

മത്സരാർത്ഥികളെ വിലയിരുത്തുന്നതിനായി പ്രമുഖരായ മൂന്ന് അംഗങ്ങളടങ്ങിയ ജഡ്ജിംഗ് പാനലാണ് ഉണ്ടായിരുന്നത്– മിനി സജൻ, രാജൻ ചീരൻ, ഡോ. ആലീസ് മാത്യു. മത്സരാർത്ഥികളെ വിലയിരുത്തുന്നതിന് അവർ നൽകിയ സമയം, പരിചയം, ശ്രദ്ധ, വൈദഗ്ദ്ധ്യം എന്നിവയ്ക്ക് വിമൻസ് ഫോഖം നന്ദി അറിയിച്ചു.

ഫൊക്കാന വിമൻസ് ട്രെയിൽബ്ലേസർ അവാർഡ് ബിനു പിള്ള അബ്ദുലിന് ലഭിച്ചു. പരിപാടിയുടെ ഇടവേളയിൽ നടന്ന ഏറ്റവും ശ്രദ്ധേയമായ ചടങ്ങുകളിലൊന്നായിരുന്നു ഫൊക്കാന വിമൻസ് ട്രെയിൽബ്ലേസർ അവാർഡ് സമ്മാനിച്ചത്. ന്യൂയോർക്ക് പോലീസ് ഡിപ്പാർട്ട്മെന്റിൽ (NYPD) ആദ്യ മലയാളി വനിതാ ഡിറ്റക്ടീവ് എന്ന ചരിത്രനേട്ടം കൈവരിച്ച ബിനു പിള്ള അബ്ദുലിനെ ആദരിച്ചുകൊണ്ടാണ് പുരസ്കാരം നൽകിയത്.

പ്രശസ്ത ചലച്ചിത്ര സംവിധായകനും പദ്മവിഭൂഷൺ പുരസ്കാര ജേതാവുമായ അടൂർ ഗോപാലകൃഷ്ണൻ ആണ് പുരസ്കാരം സമ്മാനിച്ചത്. ഇതോടെ ചടങ്ങ് കൂടുതൽ അവിസ്മരണീയമായി. ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി ഉൾപ്പെടെയുള്ള നേതാക്കൾ സന്നിഹിതരായിരുന്നു.



ഫൊക്കാന കൺവൻഷന്റെ വേദിയിൽ നിന്ന് മലയാള സിനിമയിലേക്കുള്ള ഒരു പുതുവാതിൽ തുറന്നു കൊടുത്ത 'മിസ് ഫൊക്കാന 2026', അമേരിക്കൻ മലായാളി സമൂഹത്തിലെ യുവതലമുറയുടെ സ്വപ്നങ്ങൾക്കും കഴിവുകൾക്കും പുതിയ ആകാശം സമ്മാനിച്ച ശ്രദ്ധേയമായ വേദിയായി.













# ഫൊക്കാന വേദിയിൽ യുവപ്രതിഭകളുടെ കലാവസന്തം; ദേവിക പത്മകുമാർ കലാതിലകം, ജേസൺ മാത്യു കലാപ്രതിഭ

ശ്രീകുമാർ ഉണ്ണിത്താൻ

പെൻസിൽവേനിയ: ഫൊക്കാന അന്താരാഷ്ട്ര കൺവൻഷൻ 2026-ന്റെ ഭാഗമായി സംഘടിപ്പിച്ച യുവജന കലാമത്സരങ്ങളിൽ നോർത്ത് അമേരിക്കയിലെ മലയാളി സമൂഹത്തിന്റെ പുതുതലമുറ തങ്ങളുടെ കലാപാടവം തെളിയിച്ചു.

നൃത്തം, സംഗീതം, പ്രസംഗം തുടങ്ങി വിവിധ വിഭാഗങ്ങളിലായി നടന്ന മത്സരങ്ങൾ യുവപ്രതിഭകൾക്ക് കേരളീയ കലാപാരമ്പര്യവുമായി കൂടുതൽ അടുത്തിടപഴകാനുള്ള വേദിയായി. ഫൊക്കാന ജോയിന്റ് അസോസിയേറ്റ് ട്രഷറർ മിലി ഫിലിപ്പിനായിരുന്നു ഏകോപന ചുമതല.

ആറ് മുതൽ 11 വയസ് വരെയും 12 മുതൽ 18 വയസ് വരെയുമുള്ള രണ്ട് പ്രായവിഭാഗങ്ങളിലായാണ് പ്രധാന മത്സരങ്ങൾ നടന്നത്.

ക്ലാസിക്കൽ ഡാൻസ്, സിനിമാറ്റിക് ഡാൻസ്, ലൈറ്റ് മ്യൂസിക്, ക്ലാസിക്കൽ മ്യൂസിക്, എലോക്യൂഷൻ തുടങ്ങിയ ഇനങ്ങളിൽ കുട്ടികളും കൗമാരക്കാരും മാറ്റുരച്ചു. ഫൊക്കാനയുടെ ഔദ്യോഗിക മത്സരഫലങ്ങൾ പ്രകാരം വിവിധ ഇനങ്ങളിലായി നിരവധി യുവ കലാകാരന്മാർ മികവ് തെളിയിച്ചു.

മത്സരങ്ങളിലെ ഏറ്റവും ഉയർന്ന വ്യക്തിഗത ബഹുമതിയായ കലാതിലകപട്ടം ദേവിക പത്മകുമാറും കലാപ്രതിഭപട്ടം ജേസൺ മാത്യുവും സ്വന്തമാക്കി. വിവിധ മത്സരങ്ങളുടെ പ്രകടനങ്ങളിലൂടെ ഇരുവരും ശ്രദ്ധേയരായി.

ക്ലാസിക്കൽ ഡാൻസ് ഗ്രൂപ്പ് ഒന്നിൽ സുദിതി സുബിൻ ഒന്നാം സ്ഥാനവും റിവ പനയ്ക്കൽ രണ്ടാം സ്ഥാനവും നേടി. ഗ്രൂപ്പ് രണ്ടിൽ നിവിയ ജോയ് ഒന്നാമതും ദേവിക പത്മകുമാർ രണ്ടാമതുമെത്തി.

സിനിമാറ്റിക് ഡാൻസിൽ ഗ്രൂപ്പ് ഒന്നിൽ ജേസൺ മാത്യുവും ഗ്രൂപ്പ് രണ്ടിൽ ദേവിക പത്മകുമാറും ഒന്നാം സ്ഥാനത്തെത്തി. ജൂഡിത്ത് മാത്യു രണ്ടാം സ്ഥാനം നേടി. ക്ലാസിക്കൽ ഗ്രൂപ്പ് ഡാൻസിൽ വരിഷ് ശേഖർ, സുദിതി സുബിൻ, ജൂലിയാന ജേക്കബ് എന്നിവർക്ക് സ്പെഷ്യൽ റെക്കഗ്നിഷൻ ലഭിച്ചു.

ലൈറ്റ് മ്യൂസിക്കിൽ ദേവിക പത്മകുമാർ ഒന്നാം സ്ഥാനവും ജെബിൻ അജു ഉമ്മൻ രണ്ടാം സ്ഥാനവും നേടി. ക്ലാസിക്കൽ മ്യൂസിക്കിൽ ഗ്രൂപ്പ് ഒന്നിൽ വരിഷ് ശേഖറും സുദിതി സുബിനും യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി. ഗ്രൂപ്പ് രണ്ടിൽ ദേവിക പത്മകുമാർ ഒന്നാമതെത്തി.

പ്രസംഗ മത്സരത്തിലും യുവപ്രതിഭകളുടെ മികച്ച പ്രകടനമാണ് അരങ്ങേറിയത്. ആറ് മുതൽ 11 വയസ് വരെയുള്ള വിഭാഗത്തിൽ ജേസൺ മാത്യു ഒന്നാം സ്ഥാനവും സുദിതി സുബിൻ രണ്ടാം സ്ഥാനവും നേടി.

12 മുതൽ 18 വയസ് വരെയുള്ള ഇംഗ്ലീഷ് പ്രസംഗത്തിൽ ഇവാൻ ചിറ്റിശ്ശേരി ഒന്നാമതെത്തിയപ്പോൾ മലയാളം വിഭാഗത്തിൽ ജെബിൻ അജു ഉമ്മൻ ഒന്നാം സ്ഥാനം നേടി.




ഫൊക്കാന കൺവൻഷൻ ഓഗസ്റ്റ് 6 മുതൽ 9 വരെ പെൻസിൽവേനിയയിലെ കൽഹാരി റിസോർട്ടിലാണ് നടന്നത്. കുടുംബങ്ങൾക്കും യുവജനങ്ങൾക്കും പ്രത്യേക പ്രാധാന്യം നല്കിയ കൺവൻഷനിൽ ഇത്തരത്തിലുള്ള മത്സരങ്ങൾ കേരളീയ സംസ്കാരത്തെയും കലാപാരമ്പര്യത്തെയും പുതുതലമുറയിലേക്ക് കൈമാറുന്ന സജീവ വേദിയായി മാറി.

കലയുടെ വഴിയിലൂടെ കേരളവുമായി ബന്ധം പുതുക്കിയ ഈ യുവതാരങ്ങളുടെ നേട്ടങ്ങൾ അമേരിക്കൻ മലയാളി സമൂഹത്തിന്റെ അടുത്ത തലമുറയിൽ വളരുന്ന കലാസമ്പത്തിന്റെയും സാംസ്കാരിക ആത്മബന്ധത്തിന്റെയും മനോഹരമായ അടയാളമായി മാറിയതായി യുവജന കലാമത്സരങ്ങൾ കോ-ഓർഡിനേറ്റ് ചെയ്ത മിലി ഫിലിപ്പ് അറിയിച്ചു.

മിലി ഫിലിപ്പ് വിൽസ്റ്റാർ ഐടി സൊല്യൂഷൻസിന്റെ ഓണർ കൂടിയാണ്.

# ഫൊക്കാനയുടെ പിആർഒ ആയി ജിജി റ്റോമിനെ നിയമിച്ചു

ന്യൂയോർക്ക്: ഫൊക്കാന (ഫെഡറേഷൻ ഓഫ് കേരളാ അസോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക) യുടെ പബ്ലിക് റിലേഷൻസ് ഓഫീസറായി ഹഡ്സൺവാലി മലയാളി അസോസിയേഷൻ മുൻ പ്രസിഡണ്ടും ഫൊക്കാന ഫൗണ്ടേഷൻ അംഗവും കൂടിയായ ജിജി റ്റോമിനെ നിയമിച്ചു.

2026-2028-ലേക്ക് തെരഞ്ഞെടുക്കപ്പെട്ട പുതിയ ഭരണസമിതിയിലാണ് നിയമനം പ്രഖ്യാപിച്ചത്. നിയമനത്തെ ഭരണസമിതി ഹാർദ്ദമായി സ്വാഗതം ചെയ്തു.



ഫൊക്കാനയുടെ നാവായി പ്രവർത്തിക്കുവാനും പ്രവർത്തനപരിപാടികൾ അംഗസംഘടനകൾക്കും അഭ്യുദയകാംക്ഷികൾക്കും എത്തിച്ചു നല്കുന്നതിന് പിആർഒ മുഖ്യപങ്കു വഹിക്കുന്നു.

ഫൊക്കാനയുടെ സംഘടനാശക്തി വളർത്തുകയും യുവജന ശാക്തീകരണം, വനിതാ മുന്നേറ്റം, സുതാര്യ ഭരണനിർവഹണം, ഡിജിറ്റൽ ഫൊക്കാന, സാംസ്കാരിക സംരക്ഷണം, തൊഴിൽ-വ്യവസായ ശൃംഖലകൾ, മുതിർന്ന പൗരന്മാർക്കുള്ള സേവനങ്ങൾ തുടങ്ങി ദീർഘവീക്ഷണമാർന്ന വികസന പ്രവർത്തന പദ്ധതികളും കേരള കൺവൻഷൻ, ഫൊക്കാന ഇന്റർനാഷണൽ കൺവൻഷനും ഈ കാലയളവിൽ ആസൂത്രണം ചെയ്യുന്നു.

പിആർഒ ആയി നിയമിതനായ ജിജി റ്റോം, ഹഡ്സൺവാലി മലയാളി അസോസിയേഷൻ പ്രസിദ്ധീകരണമായ കേരളം ജ്യോതി എഡിറ്റോറിയൽ ബോർഡ് അംഗം, മാർത്തോമ്മാ സഭയുടെ പ്രസിദ്ധീകരണമായ മാർത്തോമ്മാ മെസ്സഞ്ചർ മാനേജിങ് കമ്മിറ്റിയംഗം, യുവജന പ്രസിദ്ധീകരണമായ യുവധാരയുടെ പ്രഥമ എഡിറ്റർ, റോക്‌ലാൻഡ് ജോയിന്റ് കൗൺസിൽ ഓഫ് ചർച്ചസ് ഫൗണ്ടർ സെക്രട്ടറി മുതലായ നിരവധി ചുമതലകൾ നിർവഹിച്ചിട്ടുണ്ട്.

യുഎസ് പോസ്റ്റൽ സർവീസിൽ പോസ്റ്റ്മാസ്റ്റർ ആയി ജോലി ചെയ്യുന്ന ജിജി റ്റോം ഇപ്പോൾ കേരള കൗൺസിൽ ഓഫ് ചർച്ചസ് ന്യൂയോർക്ക് റീജിയൺ സെക്രട്ടറിയും മാർത്തോമ്മാ സഭയുടെ മണ്ഡലാംഗവും ആണ്.

അഖില കേരള ബാലജനസഖ്യം, വൈ.എം.സി.എ മുതലായ നേതൃരംഗങ്ങളിലൂടെ കടന്നുവന്നത് ഫൊക്കാനയുടെ പ്രവർത്തനങ്ങൾക്ക് ഒരു മുതൽക്കൂട്ടാകുമെന്ന് പ്രസിഡണ്ട് ഫിലിപ്പോസ് ഫിലിപ്പ്, സെക്രട്ടറി സന്തോഷ് നായർ, ട്രഷറർ ആന്റോ വർക്കി എന്നിവർ അഭിപ്രായപ്പെട്ടു.



# ഫൊക്കാന കൺവൻഷൻ: ഗിന്നസ് റെക്കോർഡുകൾക്കിടയിൽ ഒരു 'ബാലാമണി' വിശേഷം


വിൻസെന്റ് ഇമ്മാനുവൽ

പെൻസിൽവേനിയ: രണ്ട് ഗിന്നസ് നേട്ടങ്ങൾ സ്വന്തമാക്കി ചരിത്രമെഴുതിക്കൊണ്ടാണ് ഫൊക്കാന 2026 അന്താരാഷ്ട്ര കൺവൻഷൻ ഇത്തവണ ശ്രദ്ധേയമായത്. പ്രവാസി മലയാളി കൂട്ടായ്മയുടെ മധുരവസന്തം തീർത്തുകൊണ്ട് ഓഗസ്റ്റ് 6 മുതൽ 8 വരെ പെൻസിൽവേനിയയിലെ കൽഹാരി റിസോർട്ടിൽ നടന്ന കൺവൻഷനിൽ ആയിരത്തിലേറെ നർത്തകർ ഒരേ വേദിയിൽ അണിനിരന്ന മോഹിനിയാട്ടവും അഞ്ഞൂറിലേറെ കലാകാരന്മാർ പങ്കെടുത്ത ചെണ്ടമേളവുമാണ് ഗിന്നസ് ലോകറെക്കോർഡിൽ ഇടം നേടിയത്. ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി, ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയ് ചാക്കപ്പൻ എന്നിവരുടെ നേതൃത്വത്തിലായിരുന്നു ഈ മഹാസംരംഭത്തിന്റെ ഒരുക്കങ്ങൾ. കലാ-സാംസ്കാരിക രംഗത്തു നിന്നുള്ള വിവിധ പ്രമുഖർ കൺവൻഷനിൽ അതിഥികളായെത്തി.

ഫൊക്കാന കൺവൻഷൻ ചരിത്രം സൃഷ്ടിച്ചപ്പോൾ അതിനിടയിലൂടെ വേറൊരു ചെറിയ 'ചരിത്രം' കൂടി സോഷ്യൽ മീഡിയകളിൽ ഇടംപിടിച്ചു. മലയാള സിനിമാതാരം നവ്യാ നായരുടെ ഫൊക്കാന സന്ദർശനമായിരുന്നു അത്. നവ്യാ നായരുടെ നൃത്തപരിപാടിയോടെയായിരുന്നു കൺവൻഷന്റെ ഗ്രാൻഡ് ഫിനാലെയ്ക്ക് തുടക്കമായത്. നടിയെന്നതിലുപരി മികച്ച ശാസ്ത്രീയ നർത്തകി എന്ന നിലയിലും അറിയപ്പെടുന്ന നവ്യയുടെ സാന്നിദ്ധ്യം പരിപാടിക്ക് കൂടുതൽ പ്രൗഢി നല്കുമെന്നായിരുന്നു സംഘാടകരുടെ പ്രതീക്ഷ. പ്രൗഢി കിട്ടിയോ എന്നതിന്റെ ഉത്തരം അവിടെ നില്ക്കട്ടെ. നവ്യാ നായർ എങ്ങനെ വന്നു, എവിടെ താമസിച്ചു, എങ്ങനെ പെരുമാറി എന്നതൊക്കെയായിരുന്നു പിന്നീട് ചില പ്രവാസി മലയാളികളുടെ പ്രധാന ചർച്ച.

പരിപാടിയിലെ നൃത്താവതരണത്തിന് നവ്യ പ്രതിഫലം കൈപ്പറ്റിയത് 10 ലക്ഷം രൂപ. ബിസിനസ് ക്ലാസ് വിമാന ടിക്കറ്റിനു മാത്രം ഏകദേശം 7,000 ഡോളർ. താമസവും മറ്റു ചെലവുകളും ഉൾപ്പെടെ നവ്യയ്ക്കായി സംഘാടകർ ചെലവഴിച്ചത് ഏകദേശം 20 ലക്ഷത്തോളം രൂപ എന്നൊക്കെയാണ് ചർച്ച ചെയ്യപ്പെടുന്ന കണക്കുകൾ. അതിനിടയിൽ ഒരുകാര്യം പ്രത്യേകം പറയട്ടെ. ഒരു കലാകാരിയുടെ പ്രതിഫലം അവരുടെ പ്രൊഫഷണൽ കരാറിന്റെ ഭാഗമാണ്. അതിനാൽ പ്രതിഫലം വാങ്ങിയെന്നത് ഒരു കുറ്റമല്ല. പക്ഷേ, പ്രശ്നം പണം കൊടുത്ത പരിപാടിയിൽ അതിഥിയിൽ നിന്ന് സംഘാടകരും കാണികളും എന്താണ് പ്രതീക്ഷിച്ചത് എന്നതിലാണ്.

ചർച്ചയായ മറ്റൊരു കാര്യം നവ്യയുടെ താമസവുമായി ബന്ധപ്പെട്ടതാണ്. ലഭിക്കുന്ന വിവരങ്ങൾ പ്രകാരം, നവ്യ ന്യൂയോർക്കിൽ മാത്രമേ താമസിക്കൂ എന്ന നിലപാട് ആദ്യംതന്നെ വ്യക്തമാക്കിയിരുന്നുവെന്നാണ് പറയുന്നത്. ഫൊക്കാനയുടെ പ്രധാന വേദിയായ കൽഹാരി റിസോർട്ടിൽ ആയിരക്കണക്കിന് മലയാളികൾ ഒത്തുകൂടിയപ്പോൾ, അതിഥി താമസിച്ചിരുന്ന മുറിയും പരിപാടിയുടെ വേദിയും തമ്മിലുള്ള അകലം മാത്രമല്ല, അതിഥിയും ആതിഥേയരും തമ്മിലുള്ള അകലവും ചിലരൊക്കെ പ്രത്യേകം നോട്ട് ചെയ്തു. നവ്യ ഫൊക്കാന ഭാരവാഹികളോടും അംഗങ്ങളോടും കൂടുതൽ ഇടപഴകാതിരുന്നതും ഫോട്ടോ എടുക്കുന്നതിനോ സംസാരിക്കുന്നതിനോ പുറത്തു നടക്കുന്നതിനോ താല്പര്യം കാണിക്കാതിരുന്നതും പലർക്കും നിരാശയുണ്ടാക്കിയതായും പറയപ്പെടുന്നു. കൺവൻഷനിൽ എത്തിയ മറ്റ് അതിഥികൾ ഫൊക്കാന പ്രവർത്തകർക്കൊപ്പം വളരെ സജീവമായി ഇടപെട്ട സാഹചര്യത്തിലാണ് നവ്യയുടെ താല്പര്യമില്ലായ്മ ചർച്ചയായത്.



ലേഖകൻ

ഇതിലും രസകരമായിരുന്നു മറ്റൊരു ചർച്ച. ഭക്ഷണത്തിന്റെ 'ക്ലാസിക്കൽ' വേർഷനായിരുന്നു അത്. ഗ്രാൻഡ് ഫിനാലേയ്ക്ക് ബാങ്കറ്റ് രീതിയിൽ ഭക്ഷണം ഒരുക്കിയിരുന്ന ഹാളിൽ കാണികൾക്ക് സമയത്തിനു ഡിന്നർ കഴിക്കാൻ കഴിഞ്ഞിരുന്നില്ല. അതിനു പ്രധാന കാരണം നവ്യയുടെ ഭാഗത്തു നിന്നുണ്ടായ നിർദ്ദേശമാണെന്നാണ് പറയുന്നത്. ക്ലാസിക്കൽ ഡാൻസ് എന്നാൽ ദൈവത്തോടുള്ള ആരാധനയാണെന്നും അതിനാൽ വേദിയിൽ താൻ നൃത്തം അവതരിപ്പിക്കുമ്പോൾ ആ സമയത്ത് ആരും ഭക്ഷണം കഴിക്കരുതെന്നുമായിരുന്നു നവ്യ സംഘാടകരോട് പറഞ്ഞത്. നൃത്തം അവസാനിക്കാൻ ഒരുപാട് വൈകിയതോടെ രാത്രി പതിനൊന്നോടെയാണ് ആളുകൾക്ക് ഭക്ഷണം കഴിക്കാനായത്. ഈ സംഭവം കാണികളെ ചില്ലറയൊന്നുമല്ല ചൊടിപ്പിച്ചത്.

ക്ലാസിക്കൽ ഡാൻസ് ആരാധനയാണെന്ന വാദത്തിൽ ഒരു സൗന്ദര്യം കണ്ടെത്താൻ കലാപ്രേമികൾക്ക് സാധിക്കും. പക്ഷേ, ഫൊക്കാന പോലൊരു വലിയ പ്രവാസി കൂട്ടായ്മയിൽ പ്രശ്നം മറ്റൊന്നാണ്. ഇവിടെ എല്ലാവരും കലാകാരന്മാരല്ല, എല്ലാവരും ക്ലാസിക്കൽ ഡാൻഡ് വിദഗ്ദ്ധരുമല്ല. പലതരം ഇഷ്ടങ്ങളും അഭിരുചികളുമുള്ള മനുഷ്യരുടെ കൂട്ടായ്മയാണിത്. അവരവർക്ക് ഇഷ്ടപ്പെട്ട പരിപാടികൾ ഓരോരുത്തരും ആസ്വദിക്കും. അല്ലാത്തവർ ആ സമയം ഭക്ഷണം കഴിക്കും, ചിലർ രണ്ടും ഒരുമിച്ചു ചെയ്യും. അതാണ് ഒരു പ്രവാസി കൂട്ടായ്മയുടെ സ്വഭാവം. എന്നാൽ, നൃത്തം കഴിഞ്ഞേ ഭക്ഷണം കഴിക്കാവൂ എന്ന രീതിയിൽ പരിപാടി ക്രമീകരിക്കേണ്ടി വന്നതോടെ കാണികളെ മുഷിപ്പിക്കുന്ന രീതിയാണ് സംഘാടകർക്ക് സ്വീകരിക്കേണ്ടിവന്നത്.

വേദിയിൽ നവ്യ പറഞ്ഞ മറ്റൊരു കാര്യം കൂടി ചർച്ചയായിരുന്നു. തന്റെ ആദ്യസിനിമയായ നന്ദനത്തിലെ ബാലാമണിയായാണ് ഇപ്പോഴും പലരും തന്നെ ഓർക്കുന്നതെന്നും ആ കഥാപാത്രത്തോടുള്ള സ്നേഹമാണ് തനിക്ക് ലഭിക്കുന്നതെന്നും നവ്യ പറഞ്ഞിരുന്നു. നന്ദനം പുറത്തിറങ്ങിയിട്ട് വർഷങ്ങൾ കഴിഞ്ഞു. സിനിമ മാറി, തലമുറ മാറി, പ്രേക്ഷകരുടെ ഇഷ്ടങ്ങളും മാറി. ഇപ്പോൾ നില്ക്കുന്ന വേദിയിൽ അങ്ങനെയൊരു കമന്റിന് പ്രസക്തിയുണ്ടോ എന്ന ചോദ്യവും ഉയർന്നു. ബാലാമണിയേയും നവ്യയേയും ഇഷ്ടപ്പെടുന്നവർക്ക് നല്ല ഓർമ്മകൾ സൃഷ്ടിക്കാൻ കഴിഞ്ഞേക്കും. എന്നാൽ, അങ്ങനെയല്ലാത്തവരും അവിടെയുള്ളപ്പോൾ താരത്തെ നിർബന്ധമായും അനുസരിക്കണമെന്നു വന്നാൽ ഇഷ്ടക്കേടുണ്ടാക്കുന്നത് സ്വാഭാവികം. ഫൊക്കാന പോലുള്ള സംഘടനകളിൽ യുവതലമുറ പങ്കെടുക്കുന്നില്ലെന്ന പരാതികൾക്കിടയിൽ ഇത്തവണ നിരവധി ജൻസി ടീമാണ് കൺവൻഷനിലെത്തിയത്. പക്ഷേ, അവരിൽ എല്ലാവർക്കും നവ്യാ നായരെ പരിചയമുണ്ടായിരുന്നോ എന്നത് മറ്റൊരു ചോദ്യം. 'ബാലാമണി'ആരാണെന്നറിയാൻ അവരിൽ പലർക്കും ഗൂഗിളിൽ തെരയേണ്ടിവരും.

നവ്യാ നായർ മികച്ച നർത്തകിയാണെന്നതിൽ സംശയമില്ല. അവരുടെ കലാപ്രകടനത്തെ അതിന്റെ നിലവാരത്തിൽ വിലയിരുത്തേണ്ടതുമാണ്. പക്ഷേ, അതേസമയം വലിയ തുകയും സമയവും ഊർജവും ചെലവഴിച്ച് ഒരു പരിപാടി സംഘടിപ്പിക്കുന്ന സംഘാടകരും അവരുടെ അതിഥികളിൽ നിന്ന് ഒരു പരിധിവരെ സൗഹൃദപരമായ ഇടപെടൽ പ്രതീക്ഷിക്കുന്നതും സ്വാഭാവികമാണ്. ഒരു താരത്തെ ക്ഷണിക്കുമ്പോൾ സംഘാടകർ കലാകാരിയെ മാത്രമല്ല, ഒരു അതിഥിയെക്കൂടിയാണ് സ്വീകരിക്കുന്നത്. അതിഥിക്ക് സ്വന്തം പരിധികളും സൗകര്യങ്ങളും ഉണ്ടാകാം. എന്നാൽ, സംഘാടകർക്കും ചില പ്രതീക്ഷകൾ ഉണ്ടാകും. ഇരുവശവും ഒത്തുചേരുമ്പോഴാണ് ഒരു കൺവൻഷൻ യഥാർത്ഥത്തിൽ മനോഹരമാകുന്നത്.

കേരളത്തിന്റെ കലാപാരമ്പര്യം അമേരിക്കൻ മണ്ണിൽ ഒരുമിച്ച് അവതരിപ്പിച്ച് ഫൊക്കാന കൺവൻഷനിൽ രണ്ട് ഗിന്നസ് റെക്കോർഡുകൾ പിറന്നു. അതിന്റെ സന്തോഷത്തിനൊപ്പം ഇത്തരം ചെറിയ പരാതികളും കൺവൻഷന്റെ ഭാഗമായി.

നഎന്തായാലും അടുത്ത കൺവൻഷൻ മുതൽ അതിഥികൾ ശ്രദ്ധിക്കേണ്ടത് പണം വാങ്ങി കൃത്യമായി ജോലി ചെയ്യുക എന്നതിനപ്പുറം തങ്ങളെ കാത്തിരിക്കുന്ന പ്രവാസി ആതിഥേയരോട് കുറച്ചുകൂടി സൗഹൃദത്തോടെ ഇടപെടാനാണ്. അതല്ലെങ്കിൽ സംസാരത്തിന് പ്രത്യേക ഫീസില്ല എന്ന് സംഘാടകർക്കിനി നോട്ടീസിൽ അച്ചടിക്കേണ്ടിവരും.

## ഐപിസി മിഡ്‌വെസ്റ്റ് റീജിയൻ വാർഷിക കൺവൻഷൻ സെപ്റ്റംബർ 4 മുതൽ സാൻ അന്റോണിയോയിൽ




പ്രസാദ് തീയാടിക്കൽ

സാൻ അന്റോണിയോ: ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ (ഐപിസി) മിഡ്‌വെസ്റ്റ് റീജിയന്റെ വാർഷിക കൺവൻഷൻ 2026 സെപ്റ്റംബർ 4, 5, 6 തീയതികളിൽ ടെക്സസിലെ സാൻ അന്റോണിയോയിൽ നടക്കും. ഇന്റർനാഷണൽ ബൈബിൾ ചർച്ച് (2369 Benrus Blvd, San Antonio, TX 78228) ആണ് വേദി.


സെപ്റ്റംബർ 4-ന് വെള്ളിയാഴ്ച വൈകിട്ട് 6.30-ന് ഈവനിംഗ് സർവീസോടെ കൺവൻഷന് തുടക്കമാകും. സെപ്റ്റംബർ 5-ന് ശനിയാഴ്ച രാവിലെ 9-ന് PYPA ടാലന്റ് കോമ്പറ്റീഷൻ, 10-ന് സിസ്റ്റേഴ്സ് മീറ്റിംഗ്, ഉച്ചയ്ക്ക് 2-ന് റിവൈവൽ മീറ്റിംഗ്, വൈകിട്ട് 6.30-ന് ഈവനിംഗ് സർവീസ് എന്നിവ നടക്കും.

സെപ്റ്റംബർ 6-ന് ഞായറാഴ്ച രാവിലെ 9-ന് ആരാധനാ ശുശ്രൂഷയോടെ കൺവൻഷൻ സമാപിക്കും.

പാസ്റ്റർ റെന്നി ചെറിയാൻ (Chaplain, USAF), പാസ്റ്റർ അനീഷ് ഏലപ്പാറ (ഇന്ത്യ) എന്നിവർ കൺവൻഷനിലെ മുഖ്യപ്രഭാഷകരായിരിക്കും. സിസ്റ്റേഴ്സ് മീറ്റിംഗിൽ സിസ്റ്റർ ആക്സ പീറ്റേഴ്സൺ ശുശ്രൂഷിക്കും.

ഐപിസി മിഡ്‌വെസ്റ്റ് റീജിയൻ പ്രസിഡണ്ട് റവ.ഡോ. ഷിബു തോമസ്, വൈസ് പ്രസിഡണ്ട് റവ. ജെയിംസ് ഏബ്രഹാം, സെക്രട്ടറി പാസ്റ്റർ ബെന്നി പാപ്പച്ചൻ, ജോയിന്റ് സെക്രട്ടറി ബ്രദർ വെസ്ലി മാത്യു, ട്രഷറർ ബ്രദർ വെസ്ലി ആലുമ്മൂട്ടിൽ, മീഡിയ കോ-ഓർഡിനേറ്റർ ബ്രദർ സാം മാത്യു എന്നിവരുടെ നേതൃത്വത്തിലാണ് കൺവൻഷന്റെ ക്രമീകരണങ്ങൾ നടക്കുന്നത്.

## ജോസഫ് ഫിലിപ്പ് കാവാലം അന്തരിച്ചു



നോർത്ത്‌വെയിൽ, ന്യൂജേഴ്സി: ആദ്യകാല മലയാളി നോർത്ത്‌വെയ്‌ലിൽ താമസിക്കുന്ന ജോസഫ് ഫിലിപ്പ് കാവാലം (88) അന്തരിച്ചു. ചങ്ങനാശേരി സ്വദേശികളായ കെ.എം. ഫിലിപ്പ്-മറിയാമ്മ കോശി ഫിലിപ്പ് എന്നിവരുടെ മകനാണ്. ഉപരിപഠനാർത്ഥം 1963-ൽ അമേരിക്കയിലെത്തി. തുടർന്ന് മിനസോട്ട സർവകലാശാലയിലും (സെന്റ് പോൾ) ആംഹെർസ്റ്റിലെ മസാച്യുസെറ്റ്സ് സർവകലാശാലയിലും നിന്ന് കെമിസ്ട്രിയിലും ഫുഡ് സയൻസിലും ഇരട്ട ബിരുദാനന്തര ബിരുദം നേടി. തുടർന്ന് ന്യൂജേഴ്സിയിലും ടീനെക്കിലെ പിസ്കറ്റവേയിലും നോർത്ത്‌വെയ്‌ലിലുമായി താമസിച്ചുവരുകയായിരുന്നു. ഭാര്യ ലില്ലി മത്തായി (ലില്ലി കാവാലം). മക്കൾ: സൂസൻ കാവാലം, ബീന കാവാലം, പമേല കാവാലം. സഹോദരങ്ങൾ: സിസ്റ്റർ സൂസി മരിയ, കെ.പി. രാജമ്മ, പരേതരായ കെ.പി. മത്തായി, കുഞ്ഞൂഞ്ഞമ്മ അഗസ്റ്റിൻ, അന്നമ്മ ജോസഫ്, കോശി ഫിലിപ്പ്.

സംസ്കാര ശുശ്രൂഷകൾ ഓഗസ്റ്റ് 24-ന് തിങ്കളാഴ്ച രാവിലെ 10 മണിക്ക് നോർത്ത്‌വെയ്‌ലിലെ സെ. ആന്റണീസ് കത്തോലിക്കാ പള്ളിയിൽ ആരംഭിക്കുന്നതും തുടർന്ന് ടപ്പൻ റിഫോംഡ് ചർച്ച് സെമിത്തേരിയിൽ മൃതദേഹം സംസ്കരിക്കുന്നതുമാണ്.

# ഹൂസ്റ്റൺ ക്നാനായ പള്ളിയിൽ സീനിയർ മിനിസ്ട്രിയുടെ ഓണാഘോഷം

ബിബി തെക്കനാട്ട്

ഹൂസ്റ്റൺ: ഹൂസ്റ്റൺ ക്നാനായ കത്തോലിക്കാ ഫൊറോനാ ഇടവകയിലെ സീനിയർ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ഓണം വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. ഓഗസ്റ്റ് 19-ന് രാവിലെ 9 മണിക്ക് അർപ്പിച്ച വിശുദ്ധ കുർബാനയോടെയാണ് ആഘോഷപരിപാടികൾക്ക് തുടക്കമായത്.

വിശുദ്ധ കുർബാനയ്ക്കുശേഷം സീനിയർ മിനിസ്ട്രിയുടെ ബുധനാഴ്ചകളിലെ പതിവ് പ്രവർത്തനങ്ങൾ നടന്നു. തുടർന്ന് സംഘടനയിലെ വനിതകൾ അവതരിപ്പിച്ച മനോഹരമായ പരമ്പരാഗത തിരുവാതിരകളി ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി.



സീനിയർ മിനിസ്ട്രി അംഗങ്ങൾ തന്നെ തയ്യാറാക്കിയ കേരളീയ തനിമയാർന്ന വിഭവങ്ങൾ അടങ്ങിയ വിഭവസമൃദ്ധമായ ഓണസദ്യയോടെയാണ് ആഘോഷങ്ങൾ സമാപിച്ചത്.

ഓണത്തിന്റെ പാരമ്പര്യത്തനിമ വിളിച്ചോതുന്ന പരമ്പരാഗത വസ്ത്രങ്ങൾ ധരിച്ചാണ് അംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തത്. വികാരി ഫാ. അബ്രാഹം മുത്തോലത്ത്, ഫാ. ജോഷി വലിയവീട്ടിൽ, സിസ്റ്റർ റെജി എസ്ജെസി, ബിബി തെക്കനാട്ട് എന്നിവരും സീനിയർ മിനിസ്ട്രിയുടെ ഭാരവാഹികളും ചേർന്ന് പരിപാടികൾക്ക് നേതൃത്വം നല്കി.





# സിൽവർ ജൂബിലി നിറവിൽ സീയോൻ ചർച്ച്; പുതിയ ആരാധനാലയത്തിന്റെ സമർപ്പണം ഓഗസ്റ്റ് 29-ന്

പ്രസാദ് തീയാടിക്കൽ

ഡാളസ്: ഏഴ് കുടുംബങ്ങളുടെ ചെറിയൊരു കൂട്ടായ്മയായി ആരംഭിച്ച് ഇന്ന് വിവിധ ഭാഷാ-സാംസ്കാരിക പശ്ചാത്തലങ്ങളിലുള്ള വിശ്വാസികളെ ഉൾക്കൊള്ളുന്ന ബഹുതലമുറ സഭയായി വളർന്ന സീയോൻ ചർച്ച് പുതിയൊരു ചരിത്രനാഴികക്കല്ലിലേക്ക്. സഭയുടെ 25-ാം വാർഷികമായ സിൽവർ ജൂബിലിയോടനുബന്ധിച്ച് പുതിയ ആരാധനാലയത്തിന്റെ സമർപ്പണം 2026 ഓഗസ്റ്റ് 29-ന് നടക്കും.



ദൈവകൃപയിൽ ആരംഭിച്ച ചെറിയ കൂട്ടായ്മ 2000 നവംബർ 12-നാണ് ഔദ്യോഗികമായി സഭയായി സ്ഥാപിതമായത്. അസംബ്ലീസ് ഓഫ് ഗോഡ്, നോർത്ത് ഡാളസ് സെക്ഷന്റെ അഫിലിയേറ്റഡ് സഭയായാണ് സീയോൻ ചർച്ച് പ്രവർത്തനം ആരംഭിച്ചത്. പാസ്റ്റർ ലിജു പണിക്കർ സഭയുടെ ആദ്യ പാസ്റ്ററായി ശുശ്രൂഷ ചെയ്തു.

ആദ്യകാലങ്ങളിൽ വിവിധ വാചകക്കെട്ടിടങ്ങളിലായിരുന്നു ആരാധനകളും സഭാ പ്രവർത്തനങ്ങളും നടന്നിരുന്നത്. പിന്നീട് അസംബ്ലീസ് ഓഫ് ഗോഡ് സഭയ്ക്ക് സ്ഥലവും അതിലുണ്ടായിരുന്ന പഴയ കെട്ടിടവും യാതൊരു ചെലവുമില്ലാതെ നല്കി. സഭയുടെ തുടർന്നുള്ള വളർച്ചയ്ക്ക് ശക്തമായ അടിത്തറയൊരുക്കിയ നിർണായക നാഴികക്കല്ലായിരുന്നു ഇത്.

വർഷങ്ങൾ പിന്നിടുമ്പോൾ സീയോൻ ചർച്ചിന്റെ ശുശ്രൂഷകളും പ്രവർത്തനമേഖലയും ഗണ്യമായി വികസിച്ചു. വിവിധ തലമുറകളെയും ഭാഷാ-സാംസ്കാരിക പശ്ചാത്തലങ്ങളെയും ഉൾക്കൊള്ളുന്ന സഭയായി ഇന്ന് സീയോൻ ചർച്ച് വളർന്നിരിക്കുകയാണ്.

നിലവിൽ ഇംഗ്ലീഷ്, മലയാളം, തമിഴ് ഭാഷകളിൽ പ്രത്യേക ആരാധനാശുശ്രൂഷകൾ നടത്തിവരുന്നു. ഇതോടൊപ്പം ഫ്രിസ്കോ ക്യാമ്പസും ആരംഭിച്ചിട്ടുണ്ട്. ഹിന്ദി ഭാഷയിലുള്ള ശുശ്രൂഷ ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളും പുരോഗമിക്കുകയാണ്.

പാസ്റ്റർ ജസ്റ്റിൻ സാബു സീയോൻ ചർച്ചിന്റെ ലീഡ് പാസ്റ്ററായി ശുശ്രൂഷിക്കുന്നു. പാസ്റ്റർ ബിജു ഡാനിയേലും പാസ്റ്റർ ജിജോ ജോയിയും മലയാളം ശുശ്രൂഷകൾക്ക് നേതൃത്വം നല്കുന്നു. പാസ്റ്റർ പീറ്റേഴ്സൺ മാത്യൂസ് തമിഴ് ശുശ്രൂഷയുടെയും പാസ്റ്റർ സ്റ്റീവൻ പോൾ ഫ്രിസ്കോ ക്യാമ്പസിന്റെയും പാസ്റ്ററായി സേവനമനുഷ്ഠിക്കുന്നു. വിവിധ തലമുറകളെയും ഭാഷകളെയും സമൂഹങ്ങളെയും ഒരുമിപ്പിച്ചുകൊണ്ട് സഭയുടെ ദർശനം മുന്നോട്ടു കൊണ്ടുപോകുന്നതിൽ പാസ്റ്ററൽ ടീം നിർണായക പങ്കു വഹിക്കുന്നു.

സഭയും വിവിധ ശുശ്രൂഷകളും വളർന്നതോടെ നിലവിലുള്ള കെട്ടിടത്തിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. ഇതോടെയാണ് പുതിയ ആരാധനാലയം നിർമ്മിക്കാനുള്ള പദ്ധതിക്ക് തുടക്കമായത്. നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിലാണ്.

പുതിയ പദ്ധതിയുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനും നിർമ്മാണപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനും അസംബ്ലീസ് ഓഫ് ഗോഡ് ഫിനാൻഷ്യൽ ടീം നല്കിയ സഹകരണവും പിന്തുണയും നിർണായകമായിരുന്നുവെന്ന് സഭാനേതൃത്വം അറിയിച്ചു.




പുതിയ ആരാധനാലയത്തിന്റെ പൂർത്തീകരണവും സമർപ്പണവും സഭയുടെ സിൽവർ ജൂബിലി ആഘോഷത്തോടൊപ്പം നടക്കുന്നു എന്നതും പ്രത്യേകതയാണ്. കഴിഞ്ഞ 25 വർഷങ്ങളിലെ ദൈവത്തിന്റെ വിശ്വസ്തതയുടെയും കരുതലിന്റെയും സാക്ഷ്യമായാണ് സഭ ഈ ചരിത്രനിമിഷത്തെ കാണുന്നത്.

പുതിയ ആരാധനാലയം ഒരു കെട്ടിടം മാത്രമല്ല, സീയോൻ ചർച്ചിന്റെ ശുശ്രൂഷാ യാത്രയിലെ പുതിയ അദ്ധ്യായമാണെന്ന് സഭാ നേതൃത്വം വ്യക്തമാക്കി. വരുംവർഷങ്ങളിൽ കൂടുതൽ വിപുലമായ ശുശ്രൂഷകൾക്കും സുവിശേഷ പ്രവർത്തനങ്ങൾക്കും പുതിയ ആരാധനാലയം കേന്ദ്രമാകുമെന്നാണ് പ്രതീക്ഷ.

ഓഗസ്റ്റ് 29-ന് നടക്കുന്ന സമർപ്പണ ശുശ്രൂഷയോടെ, 25 വർഷത്തെ അനുഗൃഹീത യാത്രയ്ക്ക് നന്ദി അർപ്പിച്ചുകൊണ്ട് സീയോൻ ചർച്ച് പുതിയൊരു അദ്ധ്യായത്തിലേക്ക് പ്രവേശിക്കും.

# ഭൂമി പൊടു പൊടെ പൊട്ടുന്നു, ഭൂമി കിറു കിറെ കീറുന്നു

**പാസ്റ്റർ പി. പി. കുര്യൻ**

ഇങ്ങനെ ഒരു വിഷയം ചർച്ച ചെയ്യുവാൻ കാരണമായത് പെസഫിക് മഹാസമുദ്രത്തിന്റെ തീരത്തു സ്ഥിതി ചെയ്യുന്നതും തെക്കെ അമേരിക്കയുടെ വടക്ക് പടിഞ്ഞാറ് ഭാഗത്തു തീരത്തോട് അടുത്ത് സ്ഥിതി ചെയ്യുന്നതും ഭൂകമ്പ സാധ്യത ഏറെ ഉള്ളതുമായ സ്ഥലമാണ് കൊളംബിയ. ഭൂമി ശാസ്ത്രപരയി പനാമ, ബ്രസീൽ, പെറു, ഇക്കഡോർ എന്നീ സ്ഥലങ്ങളുമായി അടുത്ത് സ്ഥിതി ചെയ്യുന്ന സ്ഥലമാണിത്. ഇതിന്റെ തലസ്ഥാനം ബൊഗോട്ട എന്ന പട്ടണമാണ്. സ്പാനിഷ് ഭാഷയാണ് ഇവിടുത്തെ ഔദ്യോഗിക ഭാഷ. കൊളംബിയൻ കറൻസി പെസോ എന്ന പേരിൽ അറിയപ്പെടുന്നു. ഏകദേശം 1600 കിലോമീറ്റർ തീരദേശമാണ് ഇതിനുള്ളത്. ഇത്രയും വിശദീകരിച്ച് പറഞ്ഞ ഉദ്ദേശം എല്ലാ കാലത്തും എവിടെയും ദൈവം തന്റെ പ്രവർത്തികൾ നടത്തിക്കൊണ്ടിരിക്കും. അത് ജാതി വ്യത്യാസമോ വർണ്ണ വ്യത്യാസമോ ഒന്നുമില്ലാതെ ദൈവം മനുഷ്യരെ സ്നേഹിക്കുകയും അതോടൊപ്പം ശിക്ഷിക്കുകയും ചെയ്യാറുണ്ട്. എന്ത് എന്ന് ചോദിച്ചാൽ ദുഷ്ടന്റെ മരണത്തിൽ പോലും ദൈവത്തിന് പ്രസാദമില്ല. എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണം എന്നുള്ളത് ദൈവം ആഗ്രഹിക്കുന്ന വിഷയമാണ്. പലപ്പോഴും ദൈവിക ശബ്ദങ്ങൾ കേട്ടിട്ടും അനുസരിക്കാതെ പോകുന്ന സമൂഹത്തിലേക്ക് ദൈവം ചില ശോധനകളും പരീക്ഷണങ്ങളും അയക്കുക സാധാരണമാണ്. അത് പ്രകൃതിയെ കൊണ്ടുള്ള പ്രവർത്തനങ്ങളാണ് കൂടുതലായുള്ളത് അതിൽ പ്രധാനമായും മൂന്ന് രീതികളാണ് ദൈവം അവലംബിക്കുന്നത്.

1 കാറ്റ്,

2 അഗ്നി,


3 വെള്ളം.

അതോടൊപ്പം ചില പ്രത്യേക സന്ദർശനങ്ങൾ അയക്കും, അതിൽ പ്രധാനമായിട്ടും ഉള്ളതാണ് ഭൂകമ്പം, അതാണ് ഇപ്പോൾ കൊളംബിയയിൽ സംഭവിച്ചത്. 7.4 റിക്ടർ സ്കെയിലിൽ ഉണ്ടായ പ്രഥമ ദൃഷ്ടി 224 പേരിൽ കൂടുതൽ ആൾക്കാർ മരണപ്പെട്ടു. 2700 പേരെ കാണാതായി ആയിരത്തിലധികം പേർക്ക് പരിക്ക് പറ്റി. മാത്രമല്ല ആശുപത്രികൾ അടക്കം കൂറ്റൻ കെട്ടിടങ്ങൾ പൊട്ടികീറി നിലംപൊത്തി. മരണസംഖ്യ ഇനിയും ഉയരുവാനാണ് സാധ്യത. ദൈവവചന വെളിച്ചത്തിൽ ആരംഭകാലം മുതൽ ദൈവം വിവിധ തരത്തിലുള്ള ശിക്ഷകൾ നടത്തിയതായി കാണാം.

ആദ്യ മനുഷ്യനായ ആദാമിന്റെ വീഴ്ച കാരണം ദൈവം അവരെ ശിക്ഷിച്ചു. ഏദെൻ തോട്ടത്തിൽ നിന്നും പുറത്താക്കി സന്താനങ്ങൾ പെരുകിയപ്പോൾ അവർ ബോധിച്ചത് പോലെ ജീവിതം നയിച്ചതിന്റെ വെളിച്ചത്തിൽ നോഹയുടെ കാലത്ത് ജലപ്രളയം വരുത്തി. അനുസരണം കെട്ട സകലത്തെയും മുക്കി കളഞ്ഞു. അനന്തരം നോഹയുടെ പുത്രന്മാരിൽ കൂടെ ലോകത്തിൽ സന്താനങ്ങൾ പെരുകി. അവർ പിന്നെ ദൈവത്തെ വിട്ടുപോയി വിഗ്രഹസേവയിലേക്കും മറ്റും വഴുതി വീണു. ദൈവത്തോടുള്ള മത്സരം മൂലം ദൈവം ഭാഷ കലക്കി ജനത്തെ ഭൂതലത്തിൽ ഒക്കെയും ചിതെറിച്ചു കളഞ്ഞു. ഇതിനിടയിൽ ദൈവം അബ്രഹാമിനെ വിളിച്ച് വാഗ്ദത്തങ്ങൾ നൽകി. അതിലൂടെ വാർദ്ധകൃത്തിലും ഇസ്ഹാക്കിനെ നൽകി. ഇസ്ഹാക്കിലൂടെ യാക്കോബും ഉണ്ടായി. യാക്കോബിലൂടെ 12 ഗോത്രപിതാക്കന്മാരെ നൽകി. ഇസ്രയേൽ എന്ന സമൂഹം വർദ്ധിച്ചു. ദൈവം അവരെ നയിക്കുന്നത് താല്പര്യമില്ലാതെ വരികയും അവർക്ക് ജാതികളെപ്പോലെ രാജാവിനെ വേണമെന്ന് ശഠിക്കുകയും ചെയ്തതിന്റെ മറുപടിയായി ദൈവം ബെന്യാമിൻ ഗോത്രത്തിലെ ശൗലിനെ ഇസ്രയേലിന്റെ രാജാവായി അഭിഷേകം ചെയ്തു. അവന്റെ അനുസരണക്കേട് നിമിത്തം രാജ്യത്തു നിന്നും ദൈവം നീക്കി യിശ്ശായിയുടെ മകനായ ദാവീദിനെ രാജാവാക്കി. ശേഷം ശലോമോനും അവന്റെ മകൻ രെഹബെയാമും രാജാവായി. ദൈവ ആലോചനയെക്കാൾ യൗവനക്കാരുടെ ആലോചനകൾക്ക് ചെവി കൊടുത്തതിനാൽ രാജ്യത്വം വിഭാഗിച്ചു യൊരോബെയാമിന് 10 ഗോത്രങ്ങൾ നൽകി. ദാവീദിനോട് സത്യം ചെയ്തതുപോലെ രഹബ്യാമിന് രണ്ട് ഗോത്രങ്ങൾ ലഭിച്ചു. യൊരോബെയാം മൂലം വിഗ്രഹ ആരാധന ആരംഭിച്ചതിനാൽ ദൈവകോപം ഉണ്ടായി. ജാതീയ രാജാക്കന്മാരെ അയച്ച് ജനങ്ങൾ പ്രവാസികളായി പോകേണ്ടി വന്നു. അവർ നിലവിളിച്ചപ്പോൾ ദൈവം അവരെ വിടുവിച്ചു. ആ കാലം മുതൽ ദൈവത്തിന്റെ ശബ്ദങ്ങൾ കേൾക്കാതെ 400 വർഷങ്ങൾ ഇരുൾ അടഞ്ഞ കാലഘട്ടമായി ജനങ്ങൾ തങ്ങൾക്ക് ബോധിച്ചത് പോലെ ജീവിച്ചു.

ഈ കാലഘട്ടത്തിലാണ് കർത്താവിന്റെ വഴി നിരപ്പാക്കാൻ വന്നത്. മുഖം നോക്കാതെ സത്യം വിളിച്ചു പറഞ്ഞ യോഹന്നാനെ ശിരച്ഛേദം ചെയ്തു. യേശു തന്റെ പരസ്യ ശുശ്രൂഷയിൽ യഹൂദ ജനത്തെ വിമർശിച്ചു. തൽഫലമായി യഹൂദന്മാർ യേശുവിനെ ക്രൂശിൽ തറപ്പിച്ചു. സകല മാനവജാതിയുടെയും രക്ഷകനായി യേശു ഭൂമിയിൽ ജനിച്ചു, മരിച്ചു, സ്വർഗ്ഗത്തിലേക്ക് കയറിപ്പോയി. മൂന്നര വർഷത്തെ യേശുവിന്റെ പരസ്യ ശുശ്രൂഷകളെ വേളയിൽ സമ്പാദിച്ച ശിഷ്യഗണത്തോടെ ഭൂലോകം മുഴുവനും പോയി സുവിശേഷം അറിയിക്കാനുള്ള ദൗത്യങ്ങൾ ഏൽപ്പിച്ചു. അപ്പൊസ്ഥൻമാരിൽ കൂടെ ഉപദേശങ്ങൾ ലഭിച്ചു. അത് അനുസരിക്കുന്നവർക്ക് രക്ഷയും തിരസ്കരിക്കുന്നവർക്ക് ശിക്ഷയും ദൈവം ഒരുക്കി. അത് എത്ര ഉന്നതനാണെങ്കിലും ദൈവത്തോട് മത്സരിക്കുന്നവരെ ദൈവം ശിക്ഷിക്കും. ദൈവസന്നിധിയിൽ ആയിരുന്ന ലൂസിഫർ ജീവിതത്തിൽ നിഗളം എന്ന പാപം പ്രവേശിച്ചപ്പോൾ ദൈവസന്നിധിയിൽ നിന്നും തള്ളിക്കളഞ്ഞു. പിന്നെത്തേതിൽ സാത്താൻ ജനത്തെ പാപവഴിയിലൂടെ നടത്തുവാൻ പ്രേരിപ്പിക്കുകയും അനേക രാഷ്ട്രങ്ങളും വ്യക്തികളും സാത്താന്റെ പ്രലോഭനത്തിൽ കുടുങ്ങി, ദൈവത്തിൽ നിന്നും അകന്നു പോയിക്കൊണ്ടിരിക്കുന്നു. ബാബിലോൺ രാജാവായ നെബുഖദനേസർ തനിക്ക് തന്നെ വലിയവനായി തോന്നിയതിന്റെ ഫലമായി ദൈവം രാജാവിനെ കാളയെപോലെ പുല്ല് തീറ്റിച്ചു. ഒടുവിൽ ദൈവത്തിങ്കലേക്ക് കണ്ണുയർത്തി നിലവിളിച്ചപ്പോൾ ദൈവം രാജാവിനെ യഥാസ്ഥാനപ്പെടുത്തി സിംഹാസനത്തിൽ ഇരുത്തി. ദൈവം നിഗളികളോട് എതിർത്ത് നിൽക്കുകയും താഴ്മ ഉള്ളവർക്ക് കൃപ നൽകുകയും ചെയ്യും. ദൈവശിക്ഷ ഏറ്റുവാങ്ങിയ അനേക രാജ്യങ്ങളും വ്യക്തികളും ഉണ്ട്. അവർക്ക് ആർക്കും ദൈവത്തെ പരാജയപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. യഹൂദ രാജാക്കന്മാർ ആയാലും ഇസ്രായേൽ രാജാക്കന്മാരായാലും ദൈവത്തെ ഉപേക്ഷിച്ച് അന്യ ദൈവങ്ങളെ സേവിപ്പാൻ പോയിട്ടുണ്ടോ അവരെയെല്ലാം ദൈവം വിവിധ വഴിയിലൂടെ ശിക്ഷിച്ചിട്ടുണ്ട്. ആഹാബ് രാജാവ് ജനത്തെ വിഗ്രഹ സേവയിലേക്ക് നയിച്ചതിന്റെ പരിണിതഫലമായി ദേശത്തു വരൾച്ചയുണ്ടായി.

ഏലിയാ പ്രവാചകനിലൂടെ പ്രഖ്യാപിച്ച ശിക്ഷ മൂന്നര വർഷക്കാലം നീണ്ടുനിന്നു. തൽഫലമായി ആഹാബ് രാജാവ് മൃഗങ്ങൾക്ക് പുല്ലുപറിക്കാൻ സിംഹാസനം വിട്ട് ഇറങ്ങേണ്ടി വന്നു. നിനവേ പട്ടണക്കാരുടെ വഴിപിഴച്ച ജീവിതം മൂലം ദൈവം യോനാ പ്രവാചകനെ അയച്ച് നാശത്തെക്കുറിച്ച് പ്രസംഗിപ്പിച്ചു. (ശേഷം 34-ാം പേജിൽ)



ലേഖകൻ

# ഹൂസ്റ്റൺ സെന്റ് മേരീസിൽ 'കവനന്റ്' ദമ്പതീ ധ്യാനത്തിന് റെജി കൊട്ടാരം നേതൃത്വം നല്കുന്നു

**മാർട്ടിൻ വിലങ്ങോലിൽ**

ഹൂസ്റ്റൺ: ക്രൈസ്റ്റ് കൾച്ചർ മിനിസ്ട്രിയുടെ നേതൃത്വത്തിൽ ദമ്പതികൾക്കായി സംഘടിപ്പിക്കുന്ന 'കവനന്റ്' (Covenant) ദമ്പതീ ധ്യാനം 2026 ഓഗസ്റ്റ് 28, 29, 30 (വെള്ളി, ശനി, ഞായർ) തീയതികളിൽ ഹൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോന പള്ളിയിൽ വെച്ച് നടക്കും. 'ജ്ഞാനത്താൽ വീടു പണിയപ്പെടുന്നു' (സുഭാഷിതങ്ങൾ 24:3) എന്ന തിരുവചനം അടിസ്ഥാനമാക്കിയാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്.



വികാരി റവ.ഫാ. അബ്രാഹം മുത്തോലത്ത്, അസി. വികാരി റവ.ഫാ. ജോഷി വലിയവീട്ടിൽ എന്നിവരുടെ ആത്മീയ നേതൃത്വത്തിലാണ് ധ്യാനശുശ്രൂഷകൾ ഒരുക്കിയിരിക്കുന്നത്. പ്രശസ്ത വചനപ്രഘോഷകൻ ബ്രദർ റെജി കൊട്ടാരമാണ് മൂന്നു ദിവസത്തെ ധ്യാനത്തിന് നേതൃത്വം നല്കുന്നത്. ഡോ. തെരേസാ ജോസഫ്, ഡോ. ജെറിൻ ജൂബി എന്നിവരും വചനശുശ്രൂഷകൾ പങ്കുവെക്കും. ജോജി ജോബ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കും. ദിവ്യബലി, ദിവ്യകാരുണ്യ ആരാധന, ഗാനശുശ്രൂഷ, വ്യക്തിഗത കൗൺസിലിംഗ്, കുമ്പസാരം എന്നിവ ധ്യാനത്തിന്റെ ഭാഗമായി ഉണ്ടായിരിക്കും.

ഓഗസ്റ്റ് 28-ന് വെള്ളിയാഴ്ച രാവിലെ 9 മുതൽ വൈകിട്ട് ആറു വരെയും 29-ന് ശനിയാഴ്ച രാവിലെ 9 മുതൽ വൈകിട്ട് ഏഴു വരെയും 30-ന് ഞായറാഴ്ച രാവിലെ 11.30 മുതൽ വൈകിട്ട് അഞ്ചു വരെയുമാണ് ധ്യാനത്തിന്റെ സമയം ക്രമീകരിച്ചിരിക്കുന്നത്.

ദമ്പതികൾ തമ്മിലുള്ള ആത്മീയബന്ധവും കുടുംബ ജീവിതത്തിലെ ഐക്യവും പുതുക്കുന്നതിനായി ക്രമീകരിച്ചിരിക്കുന്ന ഈ ധ്യാനത്തിൽ പങ്കെടുക്കുന്നവർക്ക് ഭക്ഷണസൗകര്യം ലഭ്യമാണ്. ഒരാൾക്ക് 100 ഡോളറാണ് രജിസ്ട്രേഷൻ ഫീസ്. ക്രൈസ്റ്റ് കൾച്ചറൽ മിനിസ്ട്രിക്ക് വേണ്ടി ജോസ് ചാഴികാട്ട് അറിയിച്ചതാണിത്.




രജിസ്ട്രേഷനായി കോ-ഓർഡിനേറ്റേഴ്സുമായി ബന്ധപ്പെടുക: ജോസ് ചാഴികാട്ട് 734 516 0641, ബോണി ബിബി തെക്കനാട്ട് 248 679 6920. ദേവാലയത്തിന്റെ വിലാസം: St. Mary's Knanaya Forane Church, Houston, 6400 W Fuqua St, Missouri City, TX 77489.

# മിസൈലുകളുടെയും ബോംബുകളുടെയും നിർമാണം ഇനി സ്വകാര്യമേഖലയ്ക്ക്

തിരുവനന്തപുരം: പ്രതിരോധചരിത്രത്തിൽ ആദ്യമായി ആണവായുധ ശേഷിയുള്ളതടക്കം തന്ത്രപ്രധാന മിസൈലുകളുടെയും ബോംബുകളുടെയും നിർമാണം സ്വകാര്യമേഖലയിലേക്ക്. പ്രതിരോധ ഉത്പാദനമേഖലയിൽ സ്വകാര്യ പങ്കാളിത്തം വർധിപ്പിക്കാനായാണ് നിർണായകനീക്കം. ഡി.ആർ.ഡി.ഒ വികസിപ്പിക്കുന്ന മിസൈലുകൾ അടക്കമുള്ള പ്രതിരോധ ഉത്പന്നങ്ങളുടെ നിർമാണച്ചുമതല പൊതുമേഖലാ സ്ഥാപനങ്ങളായ ഭാരത് ഡൈനാമിക്സ് ലിമിറ്റഡ് (ബി.ഡി.എൽ), ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡ് (എച്ച്.എ.എൽ) എന്നിവയ്ക്കുമാത്രമായിരുന്നു.

ഇതിനുമാറ്റം വരുന്നതോടെ സ്വകാര്യ കമ്പനികളായ ടാറ്റാ അഡ്വാൻസ്ഡ് സിസ്റ്റംസ്, സോളാർ ഇൻഡസ്ട്രീസ്, അദാനി ഡിഫൻസ് ആൻഡ് എയ്റോസ്പെയ്സ് തുടങ്ങിയ കമ്പനികൾ പ്രതിരോധ ഉത്പാദന മേഖലയിൽ സജീവമാകും.

മിസൈലുകളുടെ രൂപകല്പനയും സാങ്കേതികവിദ്യയും ഡി.ആർ.ഡി.ഒ തയ്യാറാക്കും. പ്രോട്ടോടൈപ്പ് നിർമാണവും പരീക്ഷണവും ഉത്പാദനവും സ്വകാര്യ കമ്പനികൾക്കായിരിക്കും. അഗ്നി, പൃഥ്വി, ആകാശ്, പിനാക മൾട്ടി ബാരൽ ലോഞ്ചർ സംവിധാനം എന്നിവയുടെ നിർമാണവും പൂർണമായും സ്വകാര്യമേഖലയ്ക്ക് കൈമാറും. ഡവലപ്മെന്റ്-കം-പ്രൊഡക്ഷൻ പാർട്ണർ എന്ന മാതൃകയിലായിരിക്കും പദ്ധതി നടപ്പാക്കുക. യോഗ്യതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും കമ്പനികളുടെ തെരഞ്ഞെടുപ്പ്. കമ്പനികൾക്ക് പ്രതിരോധ ഉത്പന്ന നിർമാണ ലൈസൻസും സ്ഫോടകവസ്തുക്കൾ കൈകാര്യംചെയ്യാനും സൂക്ഷിക്കാനുമുള്ള ലൈസൻസുമുണ്ടായിരിക്കണം. കേന്ദ്ര സർക്കാർ സൈബർ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കണം. കുറഞ്ഞത് നൂറുകോടി രൂപയുടെ വിറ്റുവരവും ഉണ്ടായിരിക്കണം.

ഡി.ആർ.ഡി.ഒ ശാസ്ത്രജ്ഞരും പ്രതിരോധ മന്ത്രാലയത്തിലെ ഉദ്യോഗസ്ഥരുമടങ്ങുന്ന വിദഗ്ധസമിതി സാങ്കേതിക സൗകര്യങ്ങളും സുരക്ഷാക്രമീകരണങ്ങളും പരിശോധിച്ചശേഷമായിരിക്കും കമ്പനിയെ തെരഞ്ഞെടുക്കുക. ആദ്യഘട്ടത്തിൽ രണ്ട് കമ്പനികളെയായിരിക്കും തെരഞ്ഞെടുക്കുക.

# സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ദേവാലയത്തിന്റെ 20-ാം വാർഷികാഘോഷം

**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ക്നാനായ സമൂഹത്തിന്റെ വിശ്വാസപാരമ്പര്യത്തിന്റെയും കൂട്ടായ്മയുടെയും ചരിത്രത്തിൽ സുപ്രധാന സ്ഥാനമുള്ള ചിക്കാഗോയിലെ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ദേവാലയ സ്ഥാപനത്തിന്റെ 20-ാം വാർഷികാഘോഷം ഓഗസ്റ്റ് 30-ന് ഞായറാഴ്ച ഭക്തിനിർഭരമായ ചടങ്ങുകളോടെ നടത്തപ്പെടും. 2006-ലെ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ദേവാലയത്തിന്റെ തുടക്കം ക്നാനായ റീജിയനിലെ മറ്റ് സമൂഹങ്ങൾക്കും ദേവാലയങ്ങൾ സ്ഥാപിക്കുന്നതിനും വളരുന്നതിനും പ്രചോദനമായി. ക്നാനായ വിശ്വാസവും തനതായ പാരമ്പര്യങ്ങളും തലമുറകളിലേക്ക് കൈമാറുന്നതിനുള്ള ഈ ദേവാലയത്തിന്റെ സംഭാവന വിലമതിക്കാനാവാത്തതാണ്.

ഞായറാഴ്ച രാവിലെ 10-ന് വികാരി ഫാ. അബ്രാഹം കളരിയ്ക്കലിന്റെ മുഖ്യകാർമികത്വത്തിൽ അർപ്പിക്കപ്പെടുന്ന ആഘോഷമായ വിശുദ്ധ കുർബാനയ്ക്കുശേഷം വാർഷികാഘോഷ സമ്മേളനം നടക്കും. ക്നാനായ റീജിയൻ ഡയറക്ടർ റവ. ഫാ. തോമസ് മുളവനാൽ സമ്മേളനം ഉദ്ഘാടനം ചെയ്യും. സെന്റ് മേരീസ് പള്ളി വികാരി ഫാ. സിജു മുടക്കോടിൽ ചടങ്ങിൽ സന്നിഹിതനായിരിക്കും. ഇടവക ട്രസ്റ്റിമാരായ തോമസ് കുന്നുംപുറത്ത്, മത്തിയാസ് പുല്ലാപ്പള്ളിൽ, അബ്രാഹം അരീച്ചിറയിൽ, ജെയ്മോൻ പടിഞ്ഞാറേൽ, എബിൻ കുളത്തിൽ കരോട്ട് എന്നിവരുടെ നേതൃത്വത്തിൽ ആഘോഷ പരിപാടികൾ ഏകോപിപ്പിക്കും.




അതോടൊപ്പം, ക്നാനായ കത്തോലിക്കർക്കായി കോട്ടയം അപ്പസ്തോലിക് വികാരിയാത്ത് പ്രത്യേകമായി സ്ഥാപിക്കാൻ അനുമതി നൽകിയതിലൂടെ, ക്നാനായ സമൂഹത്തിന്റെ വിശ്വാസവും തനതായ പാരമ്പര്യവും സംരക്ഷിക്കുന്നതിനുള്ള സഭാസംവിധാനത്തിന് ശക്തമായ അടിത്തറ പാകിയ വി. പത്താം പീയൂസിന്റെ തിരുനാളും ഭക്തിപൂർവ്വം ആഘോഷിക്കും. ഇടവകയുടെ ഏറ്റവും പ്രധാന ശുശ്രൂഷാമേഖലയായ വിശ്വാസപരിശീലന ക്ലാസ്സുകളുടെ തുടക്കവും അന്നേദിവസമായിരിക്കും.

ഈ ഇടവക സമൂഹത്തിന്റെ ഐക്യത്തിന്റെയും സന്തോഷത്തിന്റെയും പ്രതീകമായി ഓണാഘോഷവും അന്ന് സംഘടിപ്പിച്ചിട്ടുണ്ട്.

ഇന്ത്യയ്ക്ക് പുറത്തുള്ള ക്നാനായ ജനതയുടെ ആദ്യത്തെ ദേവാലയം എന്ന ചരിത്രപ്രാധാന്യവും സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ പള്ളിയ്ക്കുണ്ട്.

കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി ക്നാനായ വിശ്വാസവും പാരമ്പര്യവും സംരക്ഷിക്കുന്നതിലും പുതുതലമുറയിലേക്ക് പകർന്നുനൽകുന്നതിലും ഈ ദേവാലയം നിർണായകമായ പങ്കാണ് വഹിച്ചുവരുന്നത്.

ദൈവത്തിന്റെ അനന്തമായ അനുഗ്രഹങ്ങൾക്ക് നന്ദി പറയുന്നതിനുള്ള അവസരമാണ് ഈ ഇരുപതാം വാർഷികാഘോഷം. കഴിഞ്ഞ 20 വർഷത്തിനിടെ ഇടവക സമൂഹം അതിവേഗം വളരുകയും ശക്തമായ കൂട്ടായ്മയായി മാറുകയും ചെയ്തു. ഇടവകാംഗങ്ങളുടെ സഹകരണവും പിന്തുണയും കൂട്ടായ പ്രവർത്തനവുമാണ് ഈ വളർച്ചയ്ക്ക് അടിത്തറയായത്.


പരിപാടിയിൽ പങ്കെടുക്കുന്ന എല്ലാവർക്കുമായി സ്നേഹവിരുന്നും ഒരുക്കിയിട്ടുണ്ട്.

കഴിഞ്ഞ 20 വർഷങ്ങളിൽ ദൈവം ചൊരിഞ്ഞ എണ്ണമറ്റ അനുഗ്രഹങ്ങൾക്ക് നന്ദി അർപ്പിച്ചുകൊണ്ട്, വിശ്വാസത്തിന്റെയും പാരമ്പര്യത്തിന്റെയും കൂട്ടായ്മയുടെയും ഈ മഹത്തായ ആഘോഷത്തിൽ എല്ലാവരും കുടുംബസമേതം പങ്കുചേർന്ന് വിജയിപ്പിക്കണമെന്ന് ഇടവക വികാരി ഫാ. അബ്രാഹം കളരിയ്ക്കലും ട്രസ്റ്റിമാരും അഭ്യർത്ഥിക്കുന്നു.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 95.66 |
| യൂറോ | 111.99 |
| സ്റ്റെർലിംഗ്പൗണ്ട് | 130.52 |
| സ്വിസ് ഫ്രാങ്ക് | 119.66 |
| സിംഗപ്പൂർ ഡോളർ | 75.53 |
| കനേഡിയൻ ഡോളർ | 69.52 |
| ഒമാൻ റിയാൽ | 248.79 |
| ബഹ്റൈൻ ദിനാർ | 253.56 |
| സൗദി റിയാൽ | 25.44 |
| യു.എ.ഇ. ദിർഹം | 26.04 |
| കുവൈത്ത് ദിനാർ | 310.15 |

# ഫാ. ജോൺ കുന്നത്തുകുഴി അന്തരിച്ചു



കോട്ടയം: വിജയപുരം രൂപതാംഗമായ ഫാ. ജോൺ കുന്നത്തുകുഴി (91) അന്തരിച്ചു. കുടമാളൂർ കുന്നത്തുകുഴിയിൽ പരേതരായ കെ.വി. വർക്കി റോസമ്മ വർക്കി ദമ്പതികളുടെ മകനാണ്. മൂന്നാർ, പൊതി എന്നിവിടങ്ങളിൽ സഹവികാരിയായും തിരുവഞ്ചൂർ, വെട്ടിമുകൾ, വെച്ചൂച്ചിറ, വേളൂർ, കുറിച്ചി, വടവാതൂർ എന്നിവിടങ്ങളിൽ വികാരിയായും സേവനമനുഷ്ച്ചിട്ടുണ്ട്. വിജയപുരം രൂപതാ കോർപ്പറേറ്റ് മാനേജർ, വൊക്കേഷൻ ഡയറക്ടർ, മതബോധന ഡയറക്ടർ, സിവിൽ സർവീസ് അക്കാഡമി ഡയറക്ടർ, വിഎസ്എസ്എസ് സോണൽ ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള ഫാ. ജോൺ യുഎസിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

മൃതദേഹം തിങ്കളാഴ്ച കുടമാളൂരിലെ തറവാട്ടു വീട്ടിലും ചൊവ്വാഴ്ച രാവിലെ 8.30 മുതൽ തെള്ളകം സെന്റ് മേരീസ് പള്ളിയിലും പൊതുദർശനത്തിനുശേഷം 10.30-ന് വിജയപുരം രൂപതാ മെത്രാൻ ഡോ. ജസ്റ്റിൻ മഠത്തിപ്പറമ്പിലിന്റെ കാർമ്മികത്വത്തിൽ കുടമാളൂർ സെന്റ് മേരീസ് മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന ദേവാലയത്തിൽ സംസ്കരിക്കും.

# പഞ്ചസാരയും സിങ്കും ഉപയോഗിച്ച് നാനോ മാജിക്
## ദേവഗിരി കോളജിലെ ഗവേഷകരുടെ നേട്ടം

കോഴിക്കോട്: പഞ്ചസാരയും സിങ്ക് അസിറ്റേറ്റും ഉപയോഗിച്ച് ഒറ്റഘട്ടത്തിൽ വെറും ഏഴ് മിനിറ്റിനുള്ളിൽ റെഡ്യൂസ്ഡ് ഗ്രാഫീൻ ഓക്സൈഡ്-സിങ്ക് ഓക്സൈഡ് നാനോ കോംപോസിറ്റ് നിർമിക്കുന്ന നൂതനവും പരിസ്ഥിതി സൗഹൃദവുമായ സാങ്കേതികവിദ്യ ദേവഗിരി സെന്റ് ജോസഫ്സ് കോളജ് ഫിസിക്സ് വിഭാഗം വികസിപ്പിച്ചു. ഗവേഷക രേഷ്മ എസ്. ഫിലിപ്പും ഗവേഷണ ഗൈഡ് പ്രഫ. മെറിൽ മാത്യുവും ചേർന്നാണ് ഗവേഷണം നടത്തിയത്.

പരമ്പരാഗത രീതികളിൽ ഇത്തരം നാനോ കോംപോസിറ്റുകൾ നിർമിക്കാൻ മണിക്കൂറുകൾ മുതൽ ദിവസങ്ങൾവരെ ആവശ്യമായി വരുന്നതിനൊപ്പം വിഷകരമായ രാസവസ്തുക്കളും സങ്കീർണമായ നിരവധി ഘട്ടങ്ങളും ആവശ്യമാണ്. ഇതിൽനിന്ന് വ്യത്യസ്തമായി, പുതിയ ഒറ്റഘട്ട താപവിഘടന രീതിയിൽ വിലകുറഞ്ഞതും എളുപ്പത്തിൽ ലഭ്യവുമായ പഞ്ചസാരയും സിങ്ക് അസിറ്റേറ്റും ഉപയോഗിച്ച് വെറും ഏഴ് മിനിറ്റിൽ നിർമിക്കാനാകുന്നു. ഈ രീതി വേഗമേറിയതും ചെലവു കുറഞ്ഞതും വൻതോതിലുള്ള ഉത്പാദനത്തിന് അനുയോജ്യവുമാണ്.

ഭാരലോഹങ്ങളാൽ മലിനമായ ജലത്തിലെ വിഷലോഹങ്ങളുടെ ശുദ്ധീകരണമാണ് കോംപോസിറ്റിന്റെ പ്രധാന ഉപയോഗങ്ങളിലൊന്ന്. ക്രോമിയം മലിനീകരണത്തിന്റെ അപകടസാധ്യത കുറയ്ക്കാൻ സഹായകമാണ്. ലെഡ് പോലുള്ള വിഷലോഹങ്ങളും കാര്യക്ഷമമായി നീക്കം ചെയ്യാൻ കോംപോസിറ്റിന് സാധിക്കും. ജലത്തിലെ ജൈവമലിനീകരണങ്ങളായ മിഥിലീൻ ബ്ലൂ, റോഡാമിൻ ബി, ആന്റിബയോട്ടിക്കായ ഓഫ്ളോക്സാസിൻ തുടങ്ങിയവയെ പ്രകാശപ്രേരിത രാസവിഘടനത്തിലൂടെ നീക്കം ചെയ്യാനും കോംപോസിറ്റിന് കഴിയുന്നതായി കണ്ടെത്തിയിട്ടുണ്ട്.



# കെഎച്ച്എൻഎ ഫ്ളോറിഡ റീജിയണൽ ടീം പ്രഖ്യാപിച്ചു

**കെഎച്ച്എൻഎ ഒഫീഷ്യൽ ന്യൂസ്**

ഫ്ളോറിഡ: നോർത്ത് അമേരിക്കയിലെ മലയാളി ഹിന്ദുക്കളുടെ ദേശീയ സംഘടനയായ കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്ക (KHNA), സൗത്ത് ഈസ്റ്റ് റീജിയണിലെ ഫ്ളോറിഡ സംസ്ഥാനത്തെ പുതിയ നേതൃനിരയെ പ്രഖ്യാപിച്ചു. പ്രദീപ് ബി. പിള്ളയുടെ നേതൃത്വത്തിലാണ് വിപുലമായ ടീമിന് രൂപം നൽകിയിരിക്കുന്നത്.

റീജിയണൽ വൈസ് പ്രസിഡണ്ടായി ചുമതലയേറ്റ പ്രദീപ് ബി. പിള്ളയുടെ നേതൃത്വത്തിൽ, ഫ്ളോറിഡ റീജിയണൽ ചെയറായി ഡോ. ശ്രീകുമാർ ചെല്ലപ്പനും റീജിയണൽ സെക്രട്ടറിയായി അഭിജിത്ത് പഴേടത്തും, ജോയിന്റ് സെക്രട്ടറിയായി നന്ദകുമാർ ചക്കിങ്ങലും ചുമതലകൾ ഏറ്റെടുത്തു. കെഎച്ച്എൻഎ നാഷണൽ ബോർഡ് ഓഫ് ഡയറക്ടർ അംഗങ്ങളായ അനഘ വാര്യർ, ഗോപൻ നായർ, സുജിത് കുമാർ അച്യുതൻ എന്നിവരും ടീമിന്റെ ഭാഗമാണ്. ഈ മേഖലയിലെ KHNA-യുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും വിപുലീകരിക്കുകയും ചെയ്യുന്നതാണ് ഇവരുടെ പ്രധാന ചുമതല.

സംഘടനയുടെ പ്രവർത്തനങ്ങൾ വൈവിധ്യവൽക്കരിക്കുന്നതിനായി വിവിധ മേഖലകളിൽ പ്രത്യേക ചെയർമാരെ നിയമിച്ചിട്ടുണ്ട്. അനുരാധ മനോജ് വിമൻസ് ഫോറം ചെയറായും ജഗതി നായർ കൾച്ചറൽ ചെയറായും രാജ് കുമാർ സ്പിരിച്വൽ & സീനിയേഴ്സ് ചെയറായും വിജയ് കുമാർ എഡ്യൂക്കേഷൻ ചെയറായും അഭിലാഷ് ശശിധരൻ സ്പോർട്സ് & യുവ ചെയറായും, അരുൺ ഭാസ്കർ ഐടി ചെയറായും, അഷീദ് വാസുദേവൻ സേവ ഹാൻഡ്സ് ചെയറായും, രഞ്ജു നായർ ഫിനാൻസ് & ഇക്കണോമിക്സ് ചെയറായും, സച്ചിൻ നായർ സ്പോർട്സ് & യുവ കോ-ചെയറായും പ്രവർത്തിക്കും. കൾച്ചറൽ വൈസ് ചെയറായി അഞ്ജന കൃഷ്ണനും, വിമൻസ് ഫോറം വൈസ് ചെയർ & സെക്രട്ടറിയായി വാണി സുധീഷും, വിമൻസ് ഫോറം ജോയിന്റ് സെക്രട്ടറിയായി സന്ധ്യ പത്മകുമാറും ടീമിൽ ഉൾപ്പെടുന്നു.

യുവജന വിഭാഗത്തിന് ഇക്കുറി ശക്തമായ നേതൃത്വമാണുള്ളത്. ദേവിക വികാസ് യൂത്ത് ചെയർപേഴ്സണായും, ദർശന വികാസ് യൂത്ത് സെക്രട്ടറിയായും, സനിക പിള്ള യൂത്ത് ട്രഷററും സോഷ്യൽ മീഡിയ മാനേജരുമായും, ഹിമഗംഗ വിനോദ് നായർ, മാധവ് സുരേഷ് നായർ എന്നിവർ യൂത്ത് കോ-സെക്രട്ടറിമാരായും, ഹരി കോപ്പള്ളിൽ, തുഷാര വിനോദ് നായർ, സിദ്ധാർത്ഥ് നായർ എന്നിവർ യൂത്ത് കോ-ചെയർമാരായും പ്രവർത്തിക്കും.

KHNA പ്രസിഡണ്ട് ടി. ഉണ്ണികൃഷ്ണൻ, ജനറൽ സെക്രട്ടറി സിനു നായർ, ട്രഷറർ അശോക് മേനോൻ, വൈസ് പ്രസിഡണ്ട് സഞ്ജീവ് കുമാർ കെ.വി, ജോയിന്റ് സെക്രട്ടറി ശ്രീകുമാർ ഹരിലാൽ, ജോയിന്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള എന്നിവരുൾപ്പെടുന്ന ദേശീയ നേതൃത്വത്തിന്റെ പൂർണ പിന്തുണയോടെ പുതിയ ഫ്ളോറിഡ റീജിയണൽ കമ്മിറ്റി പ്രവർത്തനമാരംഭിക്കുന്നു.

ഫ്ളോറിഡയിലെ മലയാളി ഹിന്ദു സമൂഹത്തെ കൂടുതൽ ശക്തമായി ഏകോപിപ്പിക്കാനും സംസാസ്കാരികവും ആത്മീയവുമായ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാനും പുതിയ ടീമിന്റെ നേതൃത്വത്തിന് കഴിയുമെന്ന് KHNA പ്രസിഡണ്ട് ടി. ഉണ്ണികൃഷ്ണൻ പ്രത്യാശ പ്രകടിപ്പിച്ചു. കെഎച്ച്എൻഎ ഗ്ലോബൽ കൺവൻഷൻ 2027 നവംബർ 25 മുതൽ 28 വരെ ഒർലാണ്ടോയിൽ നടക്കും.




# നായർ അസോസിയേഷൻ ഓഫ് ഗ്രേറ്റർ ചിക്കാഗോയുടെ ഓണാഘോഷം പ്രൗഢഗംഭീരമായി

**സതീശൻ നായർ**

ചിക്കാഗോ: നായർ അസോസിയേഷൻ ഓഫ് ഗ്രേറ്റർ ചിക്കാഗോയുടെ ഈ വർഷത്തെ ഓണാഘോഷം ഡെസ്പ്ലെയിൻസിലുള്ള പ്രയിറി ലേക്ക് കമ്യൂണിറ്റി സെന്ററിൽ വെച്ച് നടന്നു.

ചെണ്ടമേളത്തിന്റെയും താലപ്പൊലിയുടെയും അകമ്പടിയോടു കൂടി വിശിഷ്ടാതിഥികളെയും മഹാബലിത്തമ്പുരാനെയും എതിരേറ്റ് ആനയിച്ചു.

പ്രസിഡണ്ട് വിജി നായർ സദസ്സിനെ സ്വാഗതം ചെയ്തു. കൂടാതെ ഓണത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചും സംഘടനയുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ചും സംസാരിക്കുകയും ഏവർക്കും ഓണാശംസകൾ നല്കുകയും ചെയ്തു. എം.ജെ. സെബാസ്റ്റ്യൻ എംഎൽഎ മുഖ്യാതിഥിയായിരുന്നു. അദ്ദേഹം ഓണാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു. സതീശൻ നായർ മുഖ്യാതിഥിയെ സദസ്സിന് പരിചയപ്പെടുത്തി. ശ്രേയാ മഗേഷ് ഈശ്വര പ്രാർത്ഥനാ ഗാനം ആലപിച്ചു. വൈവിദ്ധ്യമാർന്ന വിവിധ കലാപരിപാടികൾ ചടങ്ങിനെ പ്രൗഢഗംഭീരമാക്കി. ശ്രീമതി പ്രസന്ന അവതരിപ്പിച്ച സോപാന സംഗീതം, മോഹിനിയാട്ടം എന്നിവ വളരെ മികവുറ്റതായിരുന്നു. കൂടാതെ ദിയാ നിതിന്റെ ഓണപ്പാട്ട്, സൊറാഫിന്റെ ഡാൻസ്, ടീം ഡാഫോഡിൽസ് അവതരിപ്പിച്ച ഡാൻസ്, അഞ്ജു ശ്രീകാന്ത്, ഗ്രീഷ്മ സുമേഷ് മ്യൂസിക്കൽ ഐറ്റം, ഓംകാരം ചിക്കാഗോയുടെ തകർപ്പൻ ചെണ്ടമേളം, സൗപർണിക കലാക്ഷേത്രയുടെ ഡാൻസ്, രാഗാഹുക്ക് ബാൻഡ്, തരംഗ്, നർത്തകീസ്, ഓംകാരം കലാകാരന്മാർ അവതരിപ്പിച്ച ചരിത്രപരവും സാംസ്കാരികവുമായ തൃശൂർ പൂരത്തിന്റെ അവതരണം, മൽഹാർ ഡാൻസ് കമ്പനിയുടെ ഡാൻസ്, ടീം മണവാളൻസിന്റെ വൈവിധ്യമാർന്ന കോമഡി മ്യൂസിക് & ഡാൻസ് തുടങ്ങിയ വിവിധ പരിപാടികൾ സദസ്സിന് സന്തോഷവും കുളിർമയും നല്കി. കലാപരിപാടികളുടെ കോ-ഓർഡിനേറ്ററായി പ്രവർത്തിച്ചത് ദീപു നായരായിരുന്നു. മറ്റു വിവിധ പരിപാടികൾക്ക് അരവിന്ദ് പിള്ള, എം.ആർ.സി. പിള്ള, സുരേഷ് ബാലചന്ദ്രൻ, ജിതേന്ദ്ര കൈമൾ, പ്രസന്നൻപിള്ള, രഘുനാഥൻ നായർ, രാധാകൃഷ്ണൻ നായർ, രാജഗോപാലൻ നായർ, വിജയപിള്ള, ചന്ദ്രൻപിള്ള, ദീപക് നായർ തുടങ്ങിയവർ നേതൃത്വം നല്കി. മഹേഷ് കൃഷ്ണൻ ഏവർക്കും നന്ദി രേഖപ്പെടുത്തി. ബിന്ധ്യാ നായർ ചടങ്ങിൽ എംസി ആയിരുന്നു.







# SEEKING BRIDEGROOM

*Roman Catholic parents looking for groom for 24 year old, tall, beautiful and God-fearing daughter. She completed her masters in social science and works for the U.S. government hospital. Inviting suitable groom with good education. Please email with photo to **seanjoey2020@gmail.com**

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# SEEKING BRIDE

* Christian parents settled in USA since 1997 invite proposals for their son, 36 years old, 5'7", born again and baptized and in fellowship with a Pentecostal Church in Florida. He is a Computer Engineer with Masters degree and works as a Senior software Engineer with Lockheed Martin since few years. He had a kidney transplant in 2010 and been doing very well physically all these years. Parents of born again girls from US or Canada may respond to me for further details and photos. My phone number: **863-709-6031** and
email: **mathewg1956@gmail.com**

*Pentecostal parents settled in USA invite proposals for their born again, baptized son (25, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com** or **972 832 8784**

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to

**alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

## SEEKING BRIDEGROOM CONTD.....

Visit Our Website:
www.keralaexpress.com
for Matrimonial Advt.

## ടി.ജെ. ജെയിംസ്

**പായിപ്പാട്:** തോട്ടായിക്കടവിൽ ടി.ജെ. ജെയിംസ് (ജെയിംസുകുട്ടി-75) അന്തരിച്ചു. ഭാര്യ കടമാൻകുളം തങ്ങളത്തിൽ മറിയാമ്മ ജെയിംസ്. മക്കൾ: ലൗലി ജെയിംസ്, ജോസഫ് ജെയിംസ് (ഇരുവരും കുവൈറ്റ്), ലീന ജെയിംസ് (യുഎസ്). മരുമക്കൾ: ജോയി ജോസ് പ്ലാത്തോട്ടം (പൂഞ്ഞാർ), നീതി തോമസ് അഴകശ്ശേരിൽ കല്ലുങ്കൽ (ഇരുവരും കുവൈറ്റ്), ലൗവ്വൽ മാത്യൂസ് സ്പ്രിങ്ഫീൽഡ് ഒഡീഷ (യുഎസ്).

**കോതനല്ലൂർ:** മലപ്പുറം ഇരുമ്പുചോല എ.യു.പി സ്കൂൾ റിട്ട. ഹെഡ്മാസ്റ്റർ എടാട്ട് എം. എസ്. കുര്യൻ (81) അന്തരിച്ചു.

## എം. ജോർജ് തോമസ്

**അയ്മനം:** റിട്ട. എസ്ബിടി മാനേജർ തോണ്ടുകുഴി മണപ്പുറത്ത് എം. ജോർജ് തോമസ് (അച്ചൻകുഞ്ഞ്-75) അന്തരിച്ചു. ഭാര്യ: കുറിച്ചി വാസ്തോലിൽ വി.വി. മറിയാമ്മ (കോട്ടയം നഗരസഭ റിട്ട. സൂപ്രണ്ട്). മക്കൾ: ജോർജ് തോമസ് (ഓസ്ട്രേലിയ), ഷൈനോ സൂസൻ ജോർജ് (യുഎസ്), ഷേബ എലിസബത്ത് ജോർജ് (ഹൈദരാബാദ്). മരുമക്കൾ: കോട്ടയം ഈരക്കടവ് പുന്നത്തറ ജോബി മാത്യു (യുഎസ്), തോമസ് ഏബ്രഹാം പാലാമ്പടം (ഹൈദരാബാദ്), മുളന്തുരുത്തി ശ്രാമ്പിക്കൽ പള്ളത്തട്ടയിൽ പ്രിയ (ഓസ്ട്രേലിയ).

## തങ്കമ്മ എബ്രഹാം



ഡാളസ്: കണ്ടൻകുളത്തു പരേതനായ കെ.എ. എബ്രഹാമിന്റെ ഭാര്യ തങ്കമ്മ എബ്രഹാം ഡാളസിൽ അന്തരിച്ചു. തിരുവല്ല ഈസ്റ്റ് ഓതറ കാപ്പാംഗോട്ടിൽ കുടുംബാംഗമാണ്. ഫാർമേഴ്സ് ബ്രാഞ്ച് സെന്റ് ആൻഡ്രൂസ് എപ്പിസ്കോപ്പൽ ചർച്ച് വൈദികൻ റവ. റോയ് തോമസിന്റെ പിതൃസഹോദര ഭാര്യയാണ് പരേത. ഡാളസ് സെഹിയോൻ മാർത്തോമാ സഭാംഗമായ തങ്കമ്മ ദീർഘവർഷങ്ങൾ നേഴ്സായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. മകൻ: ഡോ. എബി എബ്രഹാം. മരുമകൾ: സൂസൻ എബ്രഹാം. കൊച്ചുമകൻ: ഈറ്റൻ എബ്രഹാം.

**കങ്ങഴ:** റിട്ട. പ്രധാനാദ്ധ്യാപകൻ പുല്ലാന്നിപാറയ്ക്കൽ വാലയിൽ വി.ടി. കുര്യാക്കോസ് (93) അന്തരിച്ചു.

**കാളകെട്ടി:** റിട്ട. അദ്ധ്യാപകൻ മാഞ്ഞൂക്കുളം വെമ്പാല വി.എം. കുര്യൻ (97)അന്തരിച്ചു.

## എ.ജി. നാരായണൻ നായർ

**സൗത്ത് പാമ്പാടി:** ഒഡീഷ റൂർക്കല സ്റ്റീൽ പ്ലാന്റ് ട്രാഫിക് ഡിപ്പാർട്ടുമെന്റ് റിട്ട. ഉദ്യോഗസ്ഥൻ പൊയ്യക്കര എ.ജി. നാരായണൻ നായർ (92) അന്തരിച്ചു. ഭാര്യ കുടമാളൂർ അലശകുടത്ത് വീട്ടിൽ ലക്ഷ്മിക്കുട്ടിയമ്മ. മക്കൾ: അശോക്കുമാർ (മെഡിക്കൽ റപ്.), വിശ്വജിത്ത്, ജയശ്രീ (യുഎസ്). മരുമക്കൾ: അനില (ഉഴവൂർ), സുമ (നെടുങ്കുന്നം), നന്ദകുമാർ (കുറിച്ചിത്താനം).

## കെ.സി. ഭാരതി



**കോഴിക്കോട്:** ചാലപ്പുറം ചിത്രയിൽ കെ.സി. ഭാരതി (94) അന്തരിച്ചു. സാമൂതിരി ഹൈസ്കൂൾ മുൻ അധ്യാപികനായിരുന്ന പരേതനായ സി. പ്രഭാകരന്റെ ഭാര്യയാണ്. മക്കൾ: ഗീത നാരായണൻ, കെ. നർമദ, കെ. സന്ധ്യ, ഗോകുൽ ചന്ദ്രൻ (യുഎസ്), ഡോ. കൃഷ്ണ കിഷോർ (യുഎസ്). മരുമക്കൾ: അഡ്വ. കെ.വി. നാരായണൻ, ഗീത ചന്ദ്രൻ (യുഎസ്), വിദ്യ കിഷോർ (യുഎസ്).

**വാകത്താനം:** കിഴക്കേതാഴത്ത് വീട്ടിൽ എം.ഇ.എസ് കൊച്ചിൻ റിട്ട.ഗാരിസൺ എൻജിനീയർ ടി.ആർ. കൃഷ്ണൻകുട്ടി നായർ (85) അന്തരിച്ചു.

**പുളിക്കൽകവല:** വാഴൂർ ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡണ്ട് കരുനാട്ട് തങ്കമ്മ അലക്സ് (86) അന്തരിച്ചു.

## മേരി ഏബ്രഹാം

**ഏറ്റുമാനൂർ:** പാടിയത്ത് പരേതനായ ഡോ. സി. ഏബ്രഹാമിന്റെ ഭാര്യ മേരി ഏബ്രഹാം (101) അന്തരിച്ചു. മുട്ടുചിറ കളപ്പുരയിൽ കുടുംബാംഗമാണ്. മകൾ: അമ്മിണി (യുഎസ്). മരുമകൻ: ജെയിംസ് ഉലുത്തുവായിൽ (യുഎസ്).

**തൃശൂർ:** അതിരൂപതയിലെ മുതിർന്ന വൈദികനും കേരള സർക്കാർ അനാഥാലയ നിയന്ത്രണ ബോർഡ് അംഗവും കാലിക്കട്ട് സർവകലാശാലാ സെനറ്റ് അംഗവും ഗ്രന്ഥകാരനും തൃശൂർ കലാസദൻ സ്ഥാപകനുമായിരുന്ന ഫാ. ലോറൻസ് ഒലക്കേങ്കിൽ (84) അന്തരിച്ചു.

**കഞ്ഞിക്കുഴി:** ദീപ്തി നഗർ പീടികയിൽ ഏബ്രഹാം കോശി (59) അന്തരിച്ചു.

**കാഞ്ഞിരമറ്റം:** പുന്നത്താനത്തുകുന്നേൽ പി.പി. ജോസഫിന്റെ ഭാര്യ റോസമ്മ ജോസഫ് (82) അന്തരിച്ചു.

## കെ. സരോജിനി അമ്മ

**ചേർത്തല:** പള്ളിപ്പുറം വടക്കറയ്ക്കലായ ആശാ ഭവനിൽ കെ. സരോജിനി അമ്മ (96) അന്തരിച്ചു. അരൂർ കാലാക്കത്തറ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കെ.പി. ഗോപിനാഥൻ പിള്ള. മക്കൾ: ജി. അജിത്കുമാർ (യുഎസ്), ജി. സുരേഷ്കുമാർ (കെഎസ്ആർടിസി റിട്ട. സൂപ്രണ്ട്), ജി. അനിൽകുമാർ (റിട്ട. ജനറൽ മാനേജർ മിൽമ). മരുമക്കൾ: കുസുമം, നിർമ്മല, ഇന്ദുലേഖ.

**ചെത്തിപ്പുഴ:** ഗവ. ഓഫ് നാഗാലാൻഡ് റിട്ട. ജോയിന്റ് ഡയറക്ടർ പാലത്തിങ്കൽ പാട്ടത്തിൽചിറയിൽ പി.സി. അഗസ്റ്റിൻ (കുഞ്ഞപ്പൻ-82) അന്തരിച്ചു.

**കുമാരനല്ലൂർ:** റിട്ട. വ്യവസായവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ രാജ് സദനിൽ പരേതനായ എൻ.എസ്. രാജപ്പന്റെ ഭാര്യ സി.ആർ. ജയശ്രീ (71) അന്തരിച്ചു.

## ചിന്നമ്മ മാത്യു

**വെള്ളൂര:** നെട്ട നാഗനൂലിൽ ചിന്നമ്മ മാത്യു (83) അന്തരിച്ചു. പാലാ പുലിയന്നൂർ പുന്നക്കുന്നേൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ മാത്യു. മക്കൾ: സിജി, ജിജി, റെജി (ചെന്നൈ), വിജി (യുഎസ്). മരുമക്കൾ: തങ്കം (പാലാ, മൂന്നുമാക്കൽ), റിൻസി (മണ്ണാർകാട്, ഇലവനാൽ), ജയ (ഇലഞ്ഞി കുളത്തിങ്കൽ), മിനു മാധവത്ത് (യുഎസ്).

**പള്ളിക്കത്തോട്:** പുത്തൻപുരയിൽ പരേതനായ ജോസഫ് മാത്യുവിന്റെ ഭാര്യ ത്രേസ്യാമ്മ ജോസഫ് (ലിസി-71) അന്തരിച്ചു.

## കെ.പി. പ്രഭാകരൻ


**കാരാപ്പുഴ:** റിട്ട. പ്രധാനാദ്ധ്യാപകൻ മാളിയേക്കൽ വീട്ടിൽ കെ.പി. പ്രഭാകരൻ (89) അന്തരിച്ചു. ഭാര്യ കാരാപ്പുഴ വേണാട്ടുശ്ശേരിയിൽ എൻ.കെ. സൗഭാഗ്യവതി (റിട്ട. അദ്ധ്യാപിക). മക്കൾ: അലന ദിനേശ് (ന്യൂസിലൻഡ്), അലീന അശോക് (യുഎസ്), കെ.പി. പത്മകുമാർ (റിട്ട. എയർഫോഴ്സ്). മരുമക്കൾ: ദിനേശ് (ന്യൂസിലൻഡ്), അശോക്കുമാർ (യുഎസ്), രഞ്ജിനി.

## പി.ടി. ജോസഫ്

**മറ്റക്കര:** പനമുണ്ടയിൽ പി.ടി. ജോസഫ് (96) അന്തരിച്ചു. ഭാര്യ അതിരമ്പുഴ കടവിൽ അന്നക്കുട്ടി ജോസഫ്. മക്കൾ: ഓമന ജോണച്ചൻ, ജോൺസൺ ജോസഫ്,കുര്യൻ ജോസഫ്, ജെയ്സൺ ജോസഫ്. മരുമക്കൾ: എം.എസ്. ജോൺ മൈലാടിയിൽ (ളാക്കാട്ടൂർ), നോർമ ജയ്സൺ (യുഎസ്), വിവിയൻ ചാൽ (യുഎസ്).

**വെള്ളുത്തുരുത്തി:** പണിക്കർ കുടുംബാംഗം തൈപ്പറമ്പിലായ പൂച്ചാക്കേരിൽ സന്തോഷ് ജേക്കബ് (മോൻകുട്ടൻ-61) അന്തരിച്ചു.

## കറത്തേടം അലക്സ് ചാണ്ടി



**ഏറ്റുമാനൂർ:** കറത്തേടത്ത് പരേതരായ ചാണ്ടി (കുട്ടപ്പൻ) യുടെയും അന്നമ്മയുടെയും മകൻ അലക്സ് ചാണ്ടി (തങ്കച്ചൻ-59) അന്തരിച്ചു. ഭാര്യ പ്രഭ മാന്നാനം ഓണശ്ശേരിൽ കുടുംബാംഗമാണ്. മക്കൾ: ആൻ മരിയ അലക്സ് & ക്രിസ്റ്റിൻ മാത്യു പണ്ടാരശ്ശേരിൽ (കാനഡ), അലീന അലക്സ് & ജോയിസൺ ജോയി കിഴക്കേവള്ളിക്കാട്ടിൽ (ഏറ്റുമാനൂർ), ആൽഫി അലക്സ്. സഹോദരങ്ങൾ: ബെന്നി കറത്തേടത്ത്, ബിജു കറത്തേടത്ത് (ചിക്കാഗോ), ബിനി അലക്സ് കുഞ്ഞമ്മാട്ടിൽ (പിറവം).

**പെരുമ്പാവൂർ:** കെപിസിസി അംഗവും നഗരസഭ മുൻ അദ്ധ്യക്ഷനുമായ പാറപ്പുറം കാരിയേലി കെ.എം.എ. സലാം (54) അന്തരിച്ചു.

## ക്ലാരമ്മ ജോർജ്

**ചാന്നാനിക്കാട്:** കളിക്കോട്ടയിൽ പരേതനായ കെ.എം. ജോർജിന്റെ (റിട്ട. കെഎസ്ഇബി) ഭാര്യ ക്ലാരമ്മ ജോർജ് (80) അന്തരിച്ചു. പേരൂർ മുകളേൽ കുടുംബാംഗമാണ്. മക്കൾ: വില്യം കെ. ജോർജ് (യുഎസ്), ഡോ. ജെസ്സി കെ. ജോർജ് (തൃശൂർ), സോമി കെ. ജോർജ് (എച്ച്എം. ഗവ. എൽപിഎസ് മണർകാട്). മരുമക്കൾ: കെ.ജി. ജോഷ (തൃശൂർ), റോസമ്മ വില്യം (യുഎസ്), ബിജു ഏബ്രഹാം (അദ്ധ്യാപക ബാങ്ക് കോട്ടയം).

**കോഴിക്കോട്:** സന്തോഷ് ട്രോഫി കേരള സംസ്ഥാന മുൻ താരം ഈസ്റ്റ്ഹിൽ എടക്കാട് വല്ലത്ത്കണ്ടി സുരേഷ് ബാബു (72) അന്തരിച്ചു.

## കെ.എൻ. ഗോപകുമാര കൈമൾ

**തിരുവനന്തപുരം:** വ്യവസായി കെ.എൻ. ഗോപകുമാര കൈമൾ (84) പിടിപി നഗറിൽ അന്തരിച്ചു. ഭാര്യ ഗിരിജ കൈമൾ. മക്കൾ: ആനന്ദ് കൈമൾ (യുഎസ്), അരവിന്ദ് കൈമൾ (ഭോപ്പാൽ). മരുമക്കൾ: ദേവിക, മയൂമി.

**എലിക്കുളം:** എംജിഎം യുപി സ്കൂൾ റിട്ട. സംസ്കൃതം അദ്ധ്യാപിക പുത്തൻവീട്ടിൽ പി.കെ. ശാരദാമ്മ (70) അന്തരിച്ചു.

**കടനാട്:** പ്ലാശനാൽ പരേതനായ പോൾ അഗസ്റ്റിന്റെ ഭാര്യ അച്ചാമ്മ പോൾ (97) അന്തരിച്ചു.

## അന്നമ്മ ഏബ്രഹാം

**പുതുപ്പള്ളി:** ബിഎസ്എൻഎൽ റിട്ട. ഉദ്യോഗസ്ഥ മാത്തിൽപ്പടി അയിരുക്കുഴിയിൽ അന്നമ്മ ഏബ്രഹാം (അന്നമ്മ ടി. പോത്തൻ-66) അന്തരിച്ചു. മേപ്രാൽ അഴിമുഖത്ത് കുടുംബാംഗമാണ്. ഭർത്താവ് കെ. ഏബ്രഹാം (ബിഎസ്എൻഎൽ റിട്ട.). മക്കൾ: അന്നു ഏബ്രഹാം (യുഎസ്), മിന്നു ഏബ്രഹാം (ഓസ്ട്രേലിയ). മരുമക്കൾ: വടവാതൂർ പൊടിമറ്റത്തിൽ അജീഷ് ജേക്കബ് (യുഎസ്), കുറുപ്പംപടി കടപ്പിലാരിൽ സുജിൽ തോമസ് (ഓസ്ട്രേലിയ).

**പൂവന്തുരുത്ത്:** കെഎസ്ഇബി റിട്ട. ഉദ്യോഗസ്ഥൻ കട്ടയിൽ പുത്തൻപറമ്പിൽ സി.സി. ചെറിയാൻ (തങ്കച്ചൻ-86) അന്തരിച്ചു.

**കൊച്ചി:** മസ്കറ്റിലെ പ്രമുഖ ചാർട്ടേഡ് അക്കൗണ്ടന്റ് ഡേവിസ് കല്ലുക്കാരന്റെ മാതാവ് മാഗി ആന്റണി (80) അന്തരിച്ചു.

## പെണ്ണമ്മ തോമസ്



**ഡാളസ്:** വയലത്തല എരുത്തിക്കൽ പരേതനായ ഏബ്രഹാം തോമസിന്റെ ഭാര്യ പെണ്ണമ്മ തോമസ് (93) അന്തരിച്ചു. മക്കൾ: ലീലാമ്മ (കുമ്പളാംപൊയ്ക), പൊന്നമ്മ (ഹൂസ്റ്റൺ), പരേതനായ ബേബി (കാന്റർബറി), മേരിക്കുട്ടി, സോളമൻ, ഗ്രേസി, മേഴ്സി, ലിസി, മിനി (എല്ലാവരും യുഎസിൽ). മരുമക്കൾ: പരേതനായ ജോയി (കുമ്പളാംപൊയ്ക), തങ്കച്ചൻ (ഹൂസ്റ്റൺ), ജോയ്സ് (കാന്റർബറി), പാപ്പച്ചൻ, ലിനു, പാസ്റ്റർ സാം, പരേതനായ പാസ്റ്റർ ബെഞ്ചമിൻ തോമസ്, എബി സാമുവേൽ, ഷാജി (എല്ലാവരും യുഎസിൽ).

**മാവേലിക്കര:** കൊറ്റാർകാവ് പടിഞ്ഞാറേതലയ്ക്കൽ പി. ജെ. അലക്സാണ്ടർ (മോൻസി-69) അന്തരിച്ചു.

**പാലാ:** ഇളംതോട്ടം കിഴക്കേക്കര കൊച്ചുമറ്റത്തിൽ ഷാബു മാനുവൽ (49) അന്തരിച്ചു.

**പൂഞ്ഞാർ:** കടലാടിമറ്റം കാവിൽപുരയിടത്തിൽ തോമസിന്റെ ഭാര്യ അച്ചാമ്മ തോമസ് (75) അന്തരിച്ചു.

**മല്ലപ്പള്ളി ഈസ്റ്റ്:** രാജസ്ഥാൻ ഗവ. റിട്ട. സ്റ്റാഫ് നേഴ്സ് തെക്കേമുറിയിൽ എ.ജെ. മറിയാമ്മ (തങ്കച്ചി-77) അന്തരിച്ചു.

**നാലുകോടി:** വെട്ടികാട് കുഴിയടിയിൽ ബേബി തോമസ് (83) അന്തരിച്ചു.

## പുതുമന ശങ്കരനാരായണൻ

**തൃശൂർ:** എൻജിനീയറിങ് എക്സ്പേർട്ട് പ്രമോഷൻ കൗൺസിൽ (ന്യൂഡൽഹി) റിട്ട. ഡെപ്യൂട്ടി ഡയറക്ടർ പുതുമന ശങ്കരനാരായണൻ (89) അന്തരിച്ചു. ഭാര്യ പരേതയായ ഉള്ളാട്ടിൽ ശ്യാമള. മക്കൾ: ജയശങ്കർ ഉള്ളാട്ടിൽ, ബിന്ദു ഉള്ളാട്ടിൽ. മരുമക്കൾ: ഉമ, സന്തോഷ്കുമാർ (നാലുപേരും യുഎസ്).

**വൈക്കം:** വടയാർ വെള്ളാനിക്കൽ പരേതനായ ജോസഫിന്റെ ഭാര്യ ചിന്നമ്മ (74) അന്തരിച്ചു.

## ഡോ. നാരായണ മൂർത്തി

**തിരുവനന്തപുരം:** ശ്രീകാര്യം കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രത്തിലെ മുൻ പ്രിൻസിപ്പൽ സയന്റിസ്റ്റ് പൊങ്ങുംമൂട് ഗൗരി നഗർ നാരായണീയത്തിൽ ഡോ. നാരായണമൂർത്തി (78) അന്തരിച്ചു. ഭാര്യ രാജലക്ഷ്മി. മക്കൾ: കൗശിക് (യുഎസ്), ലക്ഷ്മണൻ (ദുബായ്). മരുമക്കൾ: വിശാഖ (യുഎസ്), ശ്രീരഞ്ജിനി (ദുബായ്).

**ചങ്ങനാശേരി:** എൻ.എസ്.എസ്. ഹിന്ദു കോളജ് ഇംഗ്ലീഷ് വിഭാഗം റിട്ട. പ്രഫസർ പെരുന്ന കിഴക്ക് അക്ഷര നഗർ കറുത്തേടത്ത് ശ്രീവിലാസത്തിൽ പ്രഫ. എ.എസ്. രാമചന്ദ്രൻ (83) അന്തരിച്ചു.

**കോട്ടയം:** ബസേലിയോസ് കോളജ് ചരിത്രവിഭാഗം മുൻ മേധാവി കഞ്ഞിക്കുഴി തുരുത്തേൽ പ്രഫ.ടി.വി. ജോർജിന്റെ ഭാര്യ വത്സമ്മ ജോർജ് (സൂസൻ-89) അന്തരിച്ചു.

## പി.എം. ജോസഫ്

**കൂടല്ലൂർ:** കെഎസ്ഇബി മൂലമറ്റം പവർ ഹൗസ് റിട്ട. എൻജിനീയർ പടിഞ്ഞാറേക്കര പി.എം. ജോസഫ് (80) അന്തരിച്ചു. ഭാര്യ കരിങ്കുന്നം നടുവപറമ്പിൽ എൻ.കെ. മേരിക്കുട്ടി (റിട്ട. അദ്ധ്യാപിക). മകൻ: ഗെയിൻ ജോസഫ് (യുഎസ്).

**കങ്ങഴ:** ഇടവെട്ടാൽ മനയത്ത് വർഗീസ് ജോണിന്റെ ഭാര്യ റോസമ്മ വർഗീസ് (അമ്മിണി-81) അന്തരിച്ചു.

**മണിപ്പുഴ:** പുതുപ്പറമ്പിൽ പരേതനായ ചാക്കോയുടെ ഭാര്യ അമ്മിണി ചാക്കോ (86) അന്തരിച്ചു.

**പുതുപ്പള്ളി:** പുമ്മറ്റം വീസ് വാലിവില്ല വള്ളോന്തറയിൽ പരേതനായ ബെനഡിക്ടിന്റെ ഭാര്യ ചിന്നമ്മ (75) ജർമ്മനിയിൽ അന്തരിച്ചു.

**കോട്ടയം:** എസ്.എച്ച്. മൗണ്ട് കണിയാംപറമ്പിൽ ജിബു ജോർജ് (46) അന്തരിച്ചു.

**കടനാട്:** കാവുംകണ്ടം ഉറുമ്പുകാട്ട് പരേതനായ കുര്യാച്ചന്റെ ഭാര്യ ത്രേസ്യാമ്മ സിറിയക് (100) അന്തരിച്ചു.

**ആർപ്പൂക്കര:** പനമ്പാലം തോപ്പിൽ ജോയി ജോസഫ് (74) അന്തരിച്ചു.

## കെയർഗിവറെ ഹൂസ്റ്റണിൽ ആവശ്യമുണ്ട്

ഹൂസ്റ്റൺ, ടെക്സാസിൽ പ്രായമായ കുടുംബാംഗത്തെ പരിചരിക്കുന്നതിനായി കരുതലും വിശ്വാസ്യതയും ഉള്ള ഒരു Live in കെയർഗിവറെ ആവശ്യമുണ്ട്. ദമ്പതികൾക്കും അപേക്ഷിക്കാം.

**താല്പര്യമുള്ളവർ വിളിക്കുക**

**+1 713 204 7735 (Whats App)**

## PRIME KERALA INVESTMENT OPPORTUNITY FOR NRIs

### 1 Acre Property with House for Sale in Ettumanoor, Kerala

This is the right time to invest in Kerala real estate while property prices are still attractive. Experts expect strong appreciation in the coming years, making this an excellent long-term investment opportunity for NRIs.

**Property Highlights**

- 1 Acre land witha  house
- Prime location in Ettumanoor
- Panchayat tarred road access on both sides
- Plenty of natural water within the property
- Ideal for farming, fruit trees, farmhouse, or peaceful retirement living
- Schools, churches, hospitals, and town facilities nearby
- Excellent appreciation potential over the next 5–6 years

Invest today — enjoy nature, peace, and future financial growth.

**Serious Buyers / Investors Only**

**Investment Starting from Rs. 1.2 Crore**

**USA: +1 630 903 7680**
**USA: +1 630 728 7956**
**INDIA: +91 94961 15802**

**Direct Owner Sale**

***Part transaction can be arranged in foreign currency.***

## LIVE-IN CAREGIVER NEEDED – ELMHURST, ILLINOIS

Seeking a compassionate and dependable live-in caregiver for an elderly gentleman with Parkinson's disease.

Responsibilities include assistance with personal care, bathing, dressing, grooming, feeding, transfers, mobility, medication reminders, meal preparation, and light housekeeping.

Previous caregiving experience is preferred but not required. Training will be provided.

**If interested, please contact:**

**Gisha Abraham**
**Phone/Text: (847) 477-1202**
**Email: gisham26@gmail.com**

### Favors Received



*Inserted by: Firm Believer, Boston*

### Favors Received



*Inserted by: Firm Believer, Boston*

**Visit Our Website: www.keralaexpress.com for Classified Advt.**

### Favors Received



*Inserted by: Firm Believer, Dallas*

### Favors Received



*Inserted by: Firm Believer, Dallas*

### Favors Received



*Inserted by: Firm Believer, New York*

### Favors Received



*Inserted by: Firm Believer, New York*







# ‘ഓപ്പറേഷൻ ത്രാൾ’ ചിത്രീകരണം പൂർത്തിയായി

ജയസൂര്യയെ നായകനാക്കി സംവിധായകൻ രതീഷ് വേഗ തിരക്കഥ രചിച്ച് സംവിധാനം ചെയ്യുന്ന ഓപ്പറേഷൻ ത്രാൾ ചിത്രീകരണം പൂർത്തിയായി. അഞ്ച് ഭാഷകളിലായി ജോബി ജോർജാണ് നിർമാണം. കാഷ്മീർ ആക്രമണവും ഏറ്റുമുട്ടലുമാണ് പ്രമേയം.

സായി കുമാർ, സിദ്ദിഖ്, ആൻസൺ പോൾ, നന്ദു തുടങ്ങിയവരും ബോളിവുഡ് താരങ്ങളായ റിഥികാസിംഗ്, വിനയ റായ്, അമീര ദാസ്ധർ എന്നിവരും പ്രധാന താരങ്ങളാണ്.

സംഗീതം ഒരുക്കുന്നതും രതീഷ് വേഗയാണ്. ഗുഡ്‌വിൽ എന്റർടെയ്ൻമെന്റ്സിന്റെ ബാനറിൽ ജോബി ജോർജ് തടത്തിൽ നിർമിക്കുന്ന ഇൻവെസ്റ്റിഗേറ്റീവ് ത്രില്ലറാണിത്. ഈ ബിഗ് ബജറ്റ് ചിത്രം യഥാർത്ഥ സംഭവങ്ങളെ അടിസ്ഥാനമാക്കിയാണ് ഒരുക്കിയിരിക്കുന്നത്. ഈ വർഷം ക്രിസ്മസ് റിലീസായയാണ് ചിത്രമെത്തുന്നത്.

അതിർത്തിയിൽ ഒരു ബസ്, ചില തീവ്രവാദ ശക്തികളാൽ ആക്രമിക്കപ്പെടുന്നതും സഹായത്തിനായി മിലിറ്ററി ക്യാംപിൽനിന്ന് ബാക്ക് അപ്പ് ടീമിനോട് എത്താൻ ആവശ്യപ്പെടുന്നതുമായ വയർലെസ് സന്ദേശവുമായി എത്തിയിരിക്കുന്ന ഉദ്വേഗഭരിതമായ ടൈറ്റിൽ ടീസർ അത്യന്തം ആകാംക്ഷ ജനിപ്പിക്കുന്നതാണ്.


‘തൃശൂർ പൂരം’ സിനിമയ്ക്ക് തിരക്കഥ എഴുതിയ സംഗീത സംവിധായകൻ രതീഷ് വേഗ ആദ്യമായി സംവിധായകനാകുന്ന സിനിമയാണ് ഓപ്പറേഷൻ ത്രാൾ. മലയാളത്തിലെ ശ്രദ്ധേയരായ ടെക്നീഷ്യന്മാർ ഒന്നിക്കുന്ന ചിത്രത്തിൽ വലിയൊരു താരനിര തന്നെയാണ് ഒരുമിക്കുന്നത്.

ജമ്മു, പുൽവാമ, ലഡാക്ക്, ഉത്തരാഖണ്ഡ്, നൈനിറ്റാൾ, ഡെറാഡൂൺ, കശ്മീർ, ഡൽഹി, കോയമ്പത്തൂർ, കൊച്ചി, മലപ്പുറം, പൊന്നാനി, പാലക്കാട് ഭാഗങ്ങളിലായാണ് സിനിമയുടെ ചിത്രീകരണം നടന്നത്.

# ‘ആരം’ ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്ത്

ഡോ. ജുനൈസ് ബാബു നിർമിച്ച് രാജേഷ് പരമേശ്വരൻ സംവിധാനം ചെയ്യുന്ന ആരത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്ത്. വിഷ്ണു രാമചന്ദ്രന്റേതാണ് തിരക്കഥ. അടുത്ത മാസം പ്രദർശനത്തിനെത്തും.

സൈജു കുറുപ്പ് കേന്ദ്രകഥാപാത്രമായ ചിത്രത്തിൽ അസ്കർ അലി, സിദ്ദിഖ്, അഞ്ജു കുര്യൻ, സുധീഷ്, ഉണ്ണിലാലു, അജിത് കോശി, മനോജ് കെ.യു, ഷഹീൻ സിദ്ദിഖ്, അപ്പുണ്ണി ശശി, മീര വാസുദേവ്, വൈഷ്ണവി കല്യാണി,




സുരഭി സന്തോഷ്, ലത ദാസ്, ഗോകുലൻ, റിയാസ് നർമകല, ജയരാജ് വാര്യർ, കബനി സൈറ, ശ്രേയ ജയദീപ്, എറിക് ആദം ഗുഡ് ഹോപ്പ് എന്നിവരാണ് മറ്റ് പ്രധാന താരങ്ങൾ.

കൈതപ്രം, ജിസ് ജോയ്, ജോ പോൾ എന്നിവരുടെ വരികൾക്ക് ഹരി ചരൺ, സിതാര കൃഷ്ണകുമാർ, സയനോര, അതുൽ നറുകര, യാസിൻ നിസാർ, അജയ് ശ്രാവൺ, ആരതി എം.എൻ. അശ്വിൻ എന്നിവരാണ് ആലാപനം.

# ‘അവറാച്ചൻ ആൻഡ് സൺസ്’ ടീസർ റിലീസായി

ബിജു മേനോൻ നായകനായി എത്തുന്ന അവറാച്ചൻ ആൻഡ് സൺസ് ടീസർ റിലീസായി. നവാഗതനായ തമ്പിയാണ് സംവിധാനം. തിരക്കഥ ഒരുക്കിയിരിക്കുന്നത് ജോസഫ് വിജീഷും തമ്പിയും ചേർന്നാണ്.




ശ്രീനാഥ് ഭാസി, ഗണപതി, വിനയ് ഫോർട്ട്, ജോണി ആന്റണി, അഖില ഭാർഗവൻ, പൗളി വത്സൻ, കോട്ടയം നസീർ, വിനീത് തട്ടിൽ, സാജൻ പള്ളുരുത്തി, ആഷിഖ് ഖാലിദ്, സുധി കോപ്പ, സജിൻ ചെറുകയിൽ, ഷാജു ശ്രീധർ, നിഷാ സാരംഗ് എന്നിവരാണ് മറ്റു പ്രധാന താരങ്ങൾ.

സഹനിർമാണം: ജസ്റ്റിൻ സ്റ്റീഫൻ, ഡിഒപി: സജിത് പുരുഷൻ, എഡിറ്റിംഗ്: ആകാശ് ജോസഫ് വർഗീസ്, സംഗീത സംവിധാനം: സനൽ ദേവ്, ആർട്ട് ഡയറക്ടർ: അജി കുറ്റിയാനി, വസ്ത്രാലങ്കാരം: സ്റ്റെഫി സേവ്യർ.

മേക്കപ്പ്: റഷീദ് അഹമ്മദ്, സൗണ്ട് ഡിസൈൻ: ശങ്കരൻ എ.എസ്, കെ.സി. സിദ്ധാർത്ഥൻ, സൗണ്ട് മിക്സിങ്: വിഷ്ണു സുജാതൻ, സ്റ്റിൽസ്: ബിജിത് ധർമടം.




# പൃഥ്വിരാജ് ചിത്രം 'ഖലീഫ'യുടെ വിശേഷങ്ങളുമായി തിരക്കഥാകൃത്ത് ജിനു വി. ഏബ്രഹാം



കടുവയ്ക്കുശേഷം തിരക്കഥാകൃത്ത് ജിനു വി. ഏബ്രഹാമും നടൻ പൃഥ്വിരാജും ഒരുമിക്കുന്ന ഫാമിലി ആക്ഷൻ മാസ് കൊമേഴ്സ്യൽ ത്രില്ലർ, 'ഖലീഫ' തിയറ്ററുകളിലെത്തി. ജിനുവും സംവിധായകൻ വൈശാഖും ആദ്യമായി ഒരുമിക്കുന്ന ചിത്രത്തിൽ മോഹൻലാൽ നിർണായക അതിഥിവേഷത്തിലെത്തുന്നു. സ്വർണംകൊണ്ട് തീർക്കുന്ന പ്രതികാരമാണു സിനിമ പറയുന്നത്.

'തിയറ്ററിലെത്തി ആർപ്പുവിളിച്ച്, കയ്യടിച്ച്, ഈ ഉത്സവകാലം എൻജോയ് ചെയ്തുപോകാൻ പറ്റുന്ന സിനിമ. എന്നാൽ അതിൽ കാമ്പുള്ള കഥയും കഥാപാത്രങ്ങളും ഇമോഷൻസും പ്രണയവുമൊക്കെയുണ്ട്. അങ്ങനെയൊരുപാടു ലെയറുകളുള്ള കഥകൾ വീണുകിട്ടുക എന്നത് ഒരു എഴുത്തുകാരനെ സംബന്ധിച്ച് വളരെ അപൂർവമായി സംഭവിക്കുന്ന ഭാഗ്യമാണ്' – ജിനു പറഞ്ഞു.




ഇത് മലബാറിലെ ഒരു കഥയാണ്. പത്രങ്ങളിലൊക്കെ വാർത്തയാകാറുള്ള സ്വർണക്കടത്ത്, സ്വർണവേട്ട, കള്ളക്കടത്ത്... അത്തരം കാര്യങ്ങളുമായി മുന്നോട്ടുപോകുന്ന ഭാഗ്യാന്വേഷികളായ ചെറുപ്പക്കാർ, അവരുടെ ജീവിതം, പിന്നീട് അവരുടെ ജീവിതത്തിലുണ്ടാകുന്ന അനുഭവങ്ങൾ, അത് അവരുടെ ജീവിതത്തെ എങ്ങനെ ബാധിക്കുന്നു.... അത്തരം വിഷയങ്ങൾ വാണിജ്യ ചേരുവകളോടെ പറയുകയാണ്. കേരളത്തിൽനിന്നു തുടങ്ങി ദുബായ്, നേപ്പാൾ, ലണ്ടൻ എന്നിവിടങ്ങളിലൂടെയാണു കഥാസഞ്ചാരം.

വൈശാഖുമായുള്ള ആദ്യ അനുഭവം അതിമനോഹരമായിരുന്നു. ഞാൻ ഏറെ എൻജോയ് ചെയ്താണ് ഒപ്പം പ്രവർത്തിച്ചത്. കടുവ കഴിഞ്ഞപ്പോൾ എഡിറ്റർ ഷമീർ മുഹമ്മദ് വഴി എന്നെ സമീപിച്ച് ഒരു തിരക്കഥ എഴുതണമെന്നു പറഞ്ഞിരുന്നു. ഇനിയും ഒന്നിച്ചു സിനിമ ചെയ്യാൻ ആഗ്രഹിക്കുന്നു.

കെജിഎഫ് പോലെ സ്വർണഖനികളിലെ സംഘർഷങ്ങളാണോ ഇതിലുള്ളത് എന്നു ചോദിച്ചാൽ കെജിഎഫുമായി ബന്ധമൊന്നുമില്ല. കുറച്ചുകൂടി റിയലിസ്റ്റിക്കാണ്. മണ്ണിലേക്ക് ഇറങ്ങിയാണു കഥപറച്ചിൽ. ഇതിൽ സ്വർണഖനിയൊന്നുമില്ല, സ്വർണക്കടത്താണ്.

പൃഥ്വിരാജിലേക്ക് എത്തിയത് എങ്ങനെയെന്നാൽ പൃഥ്വിരാജിനുവേണ്ടി എഴുതിയ അഞ്ചാമത്തെ സിനിമയാണിത്. എന്റെ മനസിലുള്ള കഥകളെല്ലാം അദ്ദേഹത്തിനറിയാം. അദ്ദേഹം കേൾക്കുന്ന കഥകൾ എന്നോടും പറയാറുണ്ട്. അങ്ങനെ സംസാരിക്കുമ്പോൾ ചിലതു ചെയ്യുമെന്നു തീർച്ചപ്പെടുത്തും. 2017-18 കാലഘട്ടത്തിൽ ഞാൻ ഇങ്ങനെയൊരു വിഷയം എഴുതണമെന്നു തീരുമാനിച്ചിരുന്നു. 2022-ൽ കടുവ, അന്വേഷിപ്പിൻ കണ്ടെത്തും സിനിമകൾക്കുശേഷം കാപ്പയുടെ നിർമാണ സമയത്താണ് ഇതിന്റെ എഴുത്തിലേക്കു കടന്നത്.

പൃഥ്വിരാജിന്റെ കഥാപാത്രം ആമിർ അലിയെക്കുറിച്ചു പറഞ്ഞാൽ മലബാറിലെ എബൗവ് മിഡിൽ ക്ലാസ് ഫാമിലിയിലെ ചെറുപ്പക്കാരൻ. അതുകൊണ്ടുതന്നെ പ്രത്യേകിച്ച് ഉത്തരവാദിത്തങ്ങളൊന്നുമില്ല. വളരെ ഫാഷനബിളായ വേഷങ്ങൾ ധരിച്ച് ജീവിതം വളരെ ആഘോഷിച്ചു മുന്നോട്ടുപോകുന്ന ഒരാളായിരുന്നു. ജീവിതത്തിലുണ്ടായ കുറേ കാര്യങ്ങൾ അയാളെ എവിടെ കൊണ്ടെത്തിക്കുന്നു എന്നതാണ് ഈ സിനിമ. കേരളത്തിൽ സ്വർണക്കടത്ത് ഏറെ സജീവമായിരുന്ന 15 വർഷം മുമ്പുള്ള കാലഘട്ടത്തെ വർത്തമാനകാലവുമായി ബന്ധപ്പെടുത്തിയാണു കഥ പറയുന്നത്. അങ്ങനെ, ഇതിൽ പൃഥ്വിരാജിന് ഒരു യംഗ് ലുക്കും ഒരു പ്രസന്റ് ലുക്കും ഉണ്ട്.

പൃഥ്വിരാജുമായി കെമിസ്ട്രിയുണ്ടാകുന്നത് എങ്ങനെയെന്നാൽ എനിക്കിഷ്ടമാകുന്ന, ഞാൻ ആവേശത്തിലാകുന്ന ഒരു കാര്യം അദ്ദേഹത്തോടു പറയുമ്പോൾ അതേ ആവേശം അദ്ദേഹത്തിലും കാണാറുണ്ട്. എന്നെ വിശ്വാസമില്ലാത്ത ഒരു സ്ഥലത്തു നിൽക്കാൻ വലിയ പ്രയാസമാണ്. അദ്ദേഹത്തിന് എന്നെ വലിയ വിശ്വാസമാണ്. അതാണ് ഞങ്ങളുടെ കെമിസ്ട്രിയുടെ അടിത്തറ.

മാമ്പറയ്ക്കൽ അഹമ്മദാലി എന്ന കാമിയോ കഥാപാത്രമാണ് മോഹൻലാലിന്റേത്. പക്ഷേ, ഈ സിനിമയിൽ മൊത്തം ആ കഥാപാത്രത്തിന്റെ സാന്നിധ്യം നമുക്ക് ഫീൽ ചെയ്യാനാവും. ആമിർഅലിയുടെ ഗ്രാൻഡ് ഫാദർ വേഷം. അദ്ദേഹത്തെ ത്രൂ ഔട്ട് ഹീറോയാക്കി ഇതിന്റെ അടുത്ത ഭാഗം വരുന്നുണ്ട്. അതിന്റെ ഷൂട്ട് അടുത്ത വർഷം ആദ്യംതന്നെ തുടങ്ങാനാണ് ആലോചന. പൃഥ്വിരാജും ഉണ്ടാവും ആ സിനിമയിൽ. പ്രീക്വലിന്റെ സ്വഭാവമുള്ള ഒരു സീക്വൽ ആയിരിക്കും അത്.

പ്രശസ്ത മോഡൽ മാളവിക ശർമ എന്ന മുംബൈ സ്വദേശിനിയാണു നായിക. തെലുങ്കിലൊക്കെ അഭിനയിച്ചിട്ടുണ്ട്. ഇന്ദ്രൻസ്, രഞ്ജി പണിക്കർ, ഷമ്മി തിലകൻ, ശ്രീജിത്ത്, സഞ്ജു ശിവറാം.... വലിയ താരനിരയുണ്ട്. 18 വർഷത്തിനുശേഷം മോഹിനി മുഴുനീള വേഷത്തിൽ തിരിച്ചുവരികയാണ്.

ആക്ഷനാണോ പ്രാധാന്യം എന്നു ചോദിച്ചാൽ കഥയ്ക്കു വേണം എന്ന രീതിയിലാണ് ഇതിൽ ആക്ഷൻ. യാനിക്ക് ബെൻ ആണ് മുഖ്യ ആക്ഷൻ കൊറിയോഗ്രഫർ. ഒപ്പം, ചേതൻ ഡിസൂസയും ബ്ലാസ്റ്റ് ഫെയിം ഫീനിക്സ് പ്രഭുവും. ഫാമിലിക്കും വലിയ പ്രാധാന്യമുണ്ട്. സ്വാഗ്, മാസ് അത്തരം കാര്യങ്ങളുണ്ട്. ജേക്സ് ബിജോയ് മ്യൂസിക് ചെയ്ത കുറേ പാട്ടുകളുണ്ട്.

ഏറെ താത്പര്യമുള്ള ഒരു കഥ പരമാവധി ആളുകൾക്ക് അടുപ്പം തോന്നുന്ന തരത്തിൽ, അവർക്ക് ആസ്വദിച്ചു കാണാനാകുംവിധം ഒരുക്കുക എന്നതായിരുന്നു വെല്ലുവിളി. 'കടുവ'യ്ക്കു പ്രീക്വലും സീക്വലുമൊക്കെ പറഞ്ഞിരുന്നു. ഇതിനുശേഷം അതിലേക്ക് എത്താമെന്നു വിചാരിക്കുന്നു. പൃഥ്വിയുടെ മനസിലും ആ സിനിമയുണ്ട്.

## ബോക്സ് ഓഫീസ് കീഴടക്കി വിസ്മയത്തുടക്കം

മലയാളികളുടെ പ്രിയതാരം മോഹൻലാലിന്റെ മകൾ വിസ്മയ മോഹൻലാലും നിർമാതാവ് ആന്റണി പെരുമ്പാവൂരിന്റെ മകൻ ആശിഷ് ജോ ആന്റണിയും അരങ്ങേറ്റം കുറിക്കുന്ന തുടക്കം എന്ന ചിത്രത്തിന് ആദ്യദിനം ഗംഭീര കളക്ഷൻ. മോഹൻലാലിന്റെ അഭിനയപാരമ്പര്യം പേറി കാമറയ്ക്കു മുന്നിലെത്തുകയെന്നത് വിസ്മയക്കു വലിയ വെല്ലുവിളിയായിരുന്നു. ആ വെല്ലുവിളിയെ പ്രതിഭകൊണ്ടും ആത്മവിശ്വാസംകൊണ്ടും നേരിട്ട്, പ്രേക്ഷകരുടെ കൈയടി നേടിയിരിക്കുകയാണ് യുവതാരം. 2018 എന്ന ചിത്രത്തിന്റെ സൂപ്പർഹിറ്റ് വിജയത്തിനുശേഷം ജൂഡ് ആന്റണി ജോസഫ് സംവിധാനം ചെയ്ത തുടക്കം, പേര് അന്വർത്ഥമാക്കുംവിധം വിസ്മയയുടെ ജീവിതത്തിലെ ഗംഭീരമായ തുടക്കമായി മാറിയിരിക്കുന്നു. ആദ്യ ദിനം തന്നെ മൂന്നു കോടിയോളം രൂപ ആഗോള കളക്ഷൻനേടി ബോക്സ് ഓഫീസിലും വലിയൊരു തരംഗമാണ് തുടക്കം സൃഷ്ടിച്ചത്. ഗൾഫ് നാടുകളിലും വിദേശത്തും മികച്ച പ്രതികരണങ്ങളോടെ പ്രദർശനം തുടരുകയാണ്. പെൺകരുത്തിന്റെ ആക്ഷൻ മുഹൂർത്തങ്ങളും വൈകാരിക നിമിഷങ്ങളും കോർത്തിണക്കിയാണ് ജൂഡ് ചിത്രം അണിയിച്ചൊരുക്കിയത്. വെറുമൊരു മസാല സിനിമ എന്നതിലുപരി വിസ്മയ എന്ന നടിയുടെ ആയോധനകലയിലെ വഴക്കവും അഭിനയശേഷിയും കൃത്യമായി അടയാളപ്പെടുത്താൻ ചിത്രത്തിനു സാധിച്ചു. പ്രധാന വില്ലനായി സ്ക്രീനിലെത്തുന്ന ആശിഷും വിസ്മയയ്ക്കൊപ്പം മികച്ച പ്രകടനമാണു കാഴ്ചവെച്ചത്. ഇവർ തമ്മിലുള്ള സംഘട്ടന രംഗങ്ങൾ തിയറ്ററുകളിൽ വലിയ ആവേശമാണു സൃഷ്ടിക്കുന്നത്. ഒപ്പം, സിനിമയുടെ നിർണായകഘട്ടത്തിൽ കടന്നുവരുന്ന മോഹൻലാലിന്റെ സാന്നിധ്യം പ്രേക്ഷകർക്കു നൽകുന്ന സർപ്രൈസും ചെറുതല്ല. ഒരു വശത്ത് പുതിയ തലമുറയുടെ ആക്ഷൻ വീര്യവും മറുവശത്ത് പ്രേക്ഷകരെ തൊടുന്ന കുടുംബ ബന്ധങ്ങളുടെ കെട്ടുറപ്പുമായി തുടക്കം വാരാന്ത്യത്തിൽ തിയറ്ററുകളിലേക്ക് കൂടുതൽ കുടുംബപ്രേക്ഷകരെ ആകർഷിക്കുകയാണ്.

## പ്രവാസികൾക്ക് സുവർണ്ണാവസരം; വിനിമയനിരക്കിൽ റിക്കാർഡ് കുതിച്ചുചാട്ടം

അബുദാബി: യുഎഇ ദിർഹത്തിനെതിരെ ഇന്ത്യൻ രൂപയുടെ മൂല്യം റെക്കോർഡ് താഴ്ചയിലേക്ക് കൂപ്പുകുത്തി. ഇതോടെ നാട്ടിലേക്ക് പണമയക്കുന്ന പ്രവാസികൾക്ക് സമീപ ആഴ്ചകളിലെ ഏറ്റവും ഉയർന്ന വിനിമയ നിരക്കാണ് ലഭിക്കുന്നത്. കഴിഞ്ഞദിവസത്തെ 25.94 രൂപയിൽനിന്ന് വർധിച്ച് ഇന്ന് ഒരു ദിർഹത്തിന് 26 രൂപ എന്ന നിരക്കിലേക്ക് വിനിമയ നിരക്കെത്തി. ക്രൂഡ് ഓയിൽ വിലയിലുണ്ടായ വർധനവ്, വിദേശ നിക്ഷേപകർ വൻതോതിൽ പണം പിൻവലിക്കുന്നത്, യുഎസ് ഡോളറിനായി തുടരുന്ന ഉയർന്ന ആവശ്യം എന്നിവയാണ് ഇന്ത്യൻ രൂപയ്ക്ക് തിരിച്ചടിയായത്.

നാട്ടിലേക്ക് പണമയക്കുന്ന യുഎഇയിലെ ഇന്ത്യൻ പ്രവാസികൾക്ക് ഈ മൂല്യത്തകർച്ച വലിയ ആശ്വാസമാണ് നൽകുന്നത്. 10,000 ദിർഹം നാട്ടിലേക്ക് അയക്കുമ്പോൾ ട്രാൻസ്ഫർ ഫീസും എക്സ്ചേഞ്ച് ഹൗസ് ചാർജുകളും കിഴിച്ചാൽ നിലവിൽ ഏകദേശം 2,60,000 രൂപയോളം ലഭിക്കും. എങ്കിലും രൂപയുടെ മൂല്യത്തിലുണ്ടാകുന്ന ഈ ഇടിവ് ഇന്ത്യയുടെ വിദേശ സാമ്പത്തിക സ്ഥിതിയെയും ക്രൂഡ് ഓയിൽ ഇറക്കുമതിച്ചെലവിനെയും പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ്.

ജൂലൈ 26-ലെ 26.16 രൂപയെ അപേക്ഷിച്ച് ഇപ്പോഴത്തെ നിരക്ക് 16 പൈസ കുറവാണെങ്കിലും ഓഗസ്റ്റിലെ താഴ്ന്ന നിരക്കായ 25.79 രൂപയുമായി താരതമ്യം ചെയ്യുമ്പോൾ ഓരോ ദിർഹത്തിനും 21 പൈസയുടെ വർധനവാണ് പ്രവാസികൾക്ക് ലഭിക്കുന്നത്. അതായത്, 25.74 നിരക്കിൽ പണമയക്കുന്നതിനേക്കാൾ 10,000 ദിർഹം അയക്കുമ്പോൾ നിലവിലെ നിരക്കിൽ 2,600 രൂപ അധികമായി ലഭിക്കും. അതേസമയം, ഇന്ത്യൻ രൂപയിൽ വലിയ ഇടിവ് സംഭവിച്ചെങ്കിലും മറ്റ് പ്രധാനപ്പെട്ട ഏഷ്യൻ രാജ്യങ്ങളുടെ കറൻസി നിരക്കുകൾ വലിയ മാറ്റമില്ലാതെ തുടരുകയാണ്. പണമയക്കുന്നതിന് മുൻപ് ബാങ്കുകളും എക്സ്ചേഞ്ച് സ്ഥാപനങ്ങളും നൽകുന്ന അന്തിമ വിനിമയ നിരക്ക് കൂടി പ്രവാസികൾ ശ്രദ്ധിക്കേണമെന്ന് ഈ രംഗത്തെ വിദഗ്ധർ പറഞ്ഞു.

## ബയോമെട്രിക് പരിശോധന നിർബന്ധം

ന്യൂഡൽഹി: രാജ്യത്തെ ടെലികോം വരിക്കാരുടെ ബയോമെട്രിക് വിവരങ്ങൾ ഉൾപ്പെടുത്തി സവിശേഷ യൂസർ ഐഡി നല്കാനുള്ള നീക്കം സർക്കാർ ഉപേക്ഷിച്ചു. കേന്ദ്ര ടെലികോം വകുപ്പ് 2025 സെപ്റ്റംബറിൽ പ്രസിദ്ധീകരിച്ച കരട് ചട്ടത്തിൽ ഈ വ്യവസ്ഥ ഉണ്ടായിരുന്നെങ്കിലും അന്തിമ വിജ്ഞാനത്തിൽ ഇതില്ല. സിം ഉടമകളെ കൃത്യമായി തിരിച്ചറിയാനും ഓരോരുത്തർക്കും എത്ര വീതം കണക്ഷനുകളുണ്ടെന്ന് ട്രാക്ക് ചെയ്യാനും സവിശേഷ ഐഡി സഹായിക്കുമായിരുന്നു. വ്യക്തികളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിക്കാനുള്ള നീക്കമാണ് ഇതെന്ന് വിമർശനം ഉയർന്നിരുന്നു. ടെലികോം വകുപ്പിന്റെ ഡിജിറ്റൽ ഇന്റലിജൻസ് പ്ലാറ്റ്ഫോം വഴി സിം ഉപയോഗം നിരീക്ഷിക്കാനാണ് പുതിയ നീക്കം. സിം കൈവശം വെക്കാനുള്ള നയിമപരമായ പരിധി കഴിയാറായവരുടെ ചിത്രങ്ങൾ ഇന്റലിജൻസ് പ്ലാറ്റ്ഫോമിൽ നല്കി പരിശോധന ഉറപ്പാക്കുമെന്നു വ്യക്തമാക്കിയിരുന്നു. പുതിയ സിം, സിം മാറ്റൽ, പേരുമാറ്റൽ, ഉടമസ്ഥത മാറ്റൽ, കണക്ഷൻ വിച്ഛേദിക്കൽ തുടങ്ങിയ ആവശ്യങ്ങൾക്കും ബയോമെട്രിക് പരിശോധന ഇനി അനിവാര്യമാകും. ആധാർ ഉള്ളവർ ഇകൈവൈസിക്കും ആധാർ ഇല്ലാത്തവരും മറ്റ് ബയോമെട്രിക് പരിശോധനയ്ക്ക് വിധേയമാകാൻ കഴിയാത്തവരും ഡിജിറ്റൽ കെവൈസിക്കും വിധേയരാകണം.

## ഭൂമി കിറു കിറെ കീറുന്നു

(26-ാം പേജിൽനിന്നും)

കൊട്ടാരം മുതൽ കുടിൽ വരെയുള്ള ജനങ്ങളും മൃഗങ്ങളും രട്ടുടുത്ത് അനുതപിച്ചു ദൈവത്തോട് നിലവിളിച്ചു ദൈവം അനർത്ഥത്തിൽ നിന്നും അവരെ വിടുവിച്ചു. ഈ സംഭവങ്ങളെല്ലാം ഈ കാലങ്ങളിൽ മുന്നറിയിപ്പായി നൽകിയതിന്റെ ഉദ്ദേശം, ദൈവം മുഖം നോക്കാതെ സകലരെയും ശിക്ഷിക്കുന്നു എന്ന സത്യം ആണ്. ദൈവം മുഖാമുഖമായി സംസാരിച്ചിരുന്ന മോശെയോട് ദൈവം കരുണ കാണിക്കാതെ ശിക്ഷിച്ചു കാനാൻ നാട്ടിലേക്ക് ഉള്ള പ്രവേശനം നിഷേധിച്ചു എങ്കിലും ദൈവം ഒരു വ്യവസ്ഥ ചെയ്തിട്ടുണ്ട് അത് ഇപ്രകാരമാണ് ഏത് നീചപാപിയെയും നീതിമാൻ ആക്കുന്ന പ്രക്രിയയെ കുറിച്ച് ആവർത്തന പുസ്തകം ആറാം അധ്യായം 25-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്നത് 'നമ്മുടെ ദൈവമായ യഹോവ നമ്മോട് കൽപ്പിച്ചതുപോലെ നാം അവന്റെ മുമ്പാകെ സകല കൽപ്പനകളും ആചരിപ്പാൻ തക്കവണ്ണം കാത്തുകൊള്ളുന്നു എങ്കിൽ നാം നീതിയുള്ളവർ ആയിരിക്കും.' അപ്പൊസ്തോല പ്രവർത്തി 10:34,35 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നത് ദൈവത്തിന് മുഖപക്ഷം ഇല്ല എന്നും ഏത് ജാതിയിലും ദൈവത്തെ ഭയപ്പെട്ടു നീതി പ്രവർത്തിക്കുന്നവനെ ദൈവം അംഗീകരിക്കും ഈ മഹൽ സത്യത്തിന്റെ വെളിച്ചത്തിൽ മാത്രമേ ദൈവം പ്രവർത്തിക്കുകയുള്ളൂ.

എന്നാൽ ഈ പരമസത്യത്തിൽ നിന്നും വ്യതിചലിച്ച് മുന്നോട്ട് പോകുമ്പോൾ ആണ് ദൈവം ചില ശിക്ഷകൾ അയക്കുന്നത് അത് എത്ര ഉന്നതനായാലും ശ്രേഷ്ഠതയുള്ള രാജ്യമായാലും ദൈവം ശിക്ഷകൾ അയയ്ക്കും. ഈ സമയം ദൈവത്തിങ്കലേക്ക് രാഷ്ട്രമായാലും വ്യക്തികൾ ആയാലും മടങ്ങിവരവ് ആണ് ദൈവം പ്രതീക്ഷിക്കുന്നത്.

ആകയാൽ എവിടെയെങ്കിലും ഒരു നാശം ഭവിക്കുമ്പോൾ അവരെ നാം ശിക്ഷിക്കാതെ സൃഷ്ടാവിങ്കിലേക്ക് ഭരമേൽപ്പിക്കുക. കൊളംബിയയിലെ നാശങ്ങൾ അവിടെയുള്ള ജനങ്ങളുടെ കണ്ണ് തുറപ്പിക്കട്ടെ മറ്റുള്ളവർ ഇത് കാണുമ്പോൾ ഉന്നത ഭാവവും നിഗളവും ഉപേക്ഷിച്ച് ദൈവത്തിങ്കലേക്ക് മടങ്ങി വരുവാനുള്ള സന്ദർഭങ്ങളായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ദൈവം ഏവർക്കും കൃപ ചെയ്യട്ടെ.

# വ്യവസായവകുപ്പ് കണക്കെടുക്കുന്നു; കണ്ടെത്തിയത് 2000 ഏക്കർ പൊതുഭൂമി

തിരുവനന്തപുരം: കേരളത്തിലെ വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, ദേശീയപാതകൾ എന്നിവയോടു ചേർന്നു വ്യവസായ ആവശ്യത്തിനു ഭൂമിയേറ്റെടുക്കാൻ നിയമനടപടികൾ ലഘൂകരിക്കുന്നു. നിലവിലെ 'ഭൂമി ഏറ്റെടുക്കൽ, പുനരധിവാസവും പുനഃസ്ഥാപനവും നിയമ'ത്തിന്റെ (എൽഎആർആർ ആക്ട്) നടപടിക്രമങ്ങളിൽ കുരുങ്ങി സ്ഥലമെടുപ്പു നീളുന്നത് ഒഴിവാക്കലാണു ലക്ഷ്യം.

എൽഎആർആർ നിയമത്തിലുള്ള നെഗോഷ്യബിൾ പർച്ചേസ് എന്ന വ്യവസ്ഥ ഉപയോഗിച്ചാകും ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ ലഘൂകരിക്കുക. ഭൂവുടമകളുമായി ചർച്ചചെയ്തു ന്യായവിലയ്ക്കു ഭൂമി ഏറ്റെടുക്കാൻ ധാരണയിലെത്തണം. നടപടിക്രമങ്ങൾ വേഗത്തിലാകുകയും ഭൂമിയുടെ വില പെട്ടെന്നു ലഭിക്കുകയും ചെയ്യുമെന്നതാണു നേട്ടം. സ്വകാര്യ കമ്പനികൾക്കു വ്യവസായ നിക്ഷേപത്തിനു നടപടിക്രമങ്ങൾ കുറച്ച്, വേഗത്തിൽ ഭൂമി ലഭ്യമാക്കാനും സർക്കാർ സഹായം നൽകും. കളക്ടർമാരുടെ അധ്യക്ഷതയിലുള്ള ജില്ലാതല കമ്മിറ്റികളുടെയോ സംസ്ഥാനതല കമ്മിറ്റിയുടെയോ അനുവാദത്തോടെ ഇതു നടപ്പാക്കും.

ഇതിനിടെ, സർക്കാർ സ്ഥാപനങ്ങൾ, ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ കീഴിലുള്ള ഉപയോഗിക്കാതെ കിടക്കുന്നതും പുറമ്പോക്കു ഭൂമിയും ഉൾപ്പെടെ ഏകദേശം 2000 ഏക്കർ ഭൂമി വ്യവസായ വകുപ്പ് കണ്ടെത്തി. വിവരശേഖരണത്തിന്റെ 75 ശതമാനം പൂർത്തിയായപ്പോഴാണിത്. പ്ലാന്റേഷൻ കോർപറേഷൻ കൂടി സഹകരിച്ചാൽ 5000-6000 ഏക്കർ ഭൂമി കണ്ടെത്താമെന്നാണു വിലയിരുത്തൽ.

നാല് വിമാനത്താവളങ്ങളുടെയും രണ്ട് തുറമുഖങ്ങളുടെയും സമീപപ്രദേശങ്ങൾ, ദേശീയപാതയുടെ ഇരുഭാഗത്തും 10 കിലോമീറ്റർ വരെ പരിധിയിൽ എന്നിങ്ങനെ ഭൂമി കണ്ടെത്താനാണു ശ്രമം. വിഴിഞ്ഞം തുറമുഖത്തിന്റെ അനുബന്ധ വികസനത്തിനു തിരുവനന്തപുരം, കൊല്ലം ജില്ലകളിലായി സ്ഥലം കണ്ടെത്തും. ഇതിനു തിരുവനന്തപുരം കുറ്റിച്ചലിൽ 125 ഏക്കർ ഭൂമി ഏറ്റെടുക്കാൻ കിൻഫ്ര നടപടി തുടങ്ങി. ട്രിവാൻഡ്രം സ്പിന്നിങ് മിൽ, കേരള ഓട്ടോമൊബീൽസ് എന്നിവയുടെ ഉപയോഗിക്കാതെ കിടന്ന ഭൂമിയിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിന്റെ നേതൃത്വത്തിൽ കണ്ടെയ്നർ ഫ്രെയ്റ്റ് സ്റ്റേഷൻ (സിഎഫ്എസ്) ആരംഭിക്കാൻ ധാരണയായി. അടുത്ത മാസം പ്രഖ്യാപനമുണ്ടാകും.

ഭൂമി ഏറ്റെടുക്കലിനുള്ള പ്രാരംഭ നടപടികൾ അവസാനഘട്ടത്തിലാണ്. തീം അടിസ്ഥാനമാക്കിയുള്ള വ്യവസായ പാർക്കുകൾ ആരംഭിക്കാനുള്ള ആശയം വ്യവസായ മന്ത്രിയുടേതാണ്. ഉൽപാദക വ്യവസായങ്ങൾ, ഹൈടെക് വ്യവസായങ്ങൾ, ഐടി, മെഡിക്കൽ ഉപകരണങ്ങൾ, ഭക്ഷ്യ സംസ്കരണം തുടങ്ങി ഒട്ടേറെ വ്യവസായ പാർക്കുകൾ തിരുവനന്തപുരം മുതൽ കാസർകോട് വരെ സ്ഥലലഭ്യതയും മറ്റു സൗകര്യങ്ങളും അടിസ്ഥാനമാക്കി ആരംഭിക്കാം.

## നെഹ്റു ട്രോഫി

(ഒന്നാം പേജിൽ നിന്നും)

പത്മകുമാർ ക്യാപ്റ്റനായുള്ള യുബിസി കൈനകരി എഫ്സിയുടെ വീയപുരം മൂന്നും നബീഷ്കുമാർ, സോളി വർഗീസ്, ജോഷ്വ ചാണ്ടി എന്നിവർ ക്യാപ്റ്റന്മാരായ പള്ളാതുരുത്തി ബോട്ട് ക്ലബ്ബിന്റെ മേൽപാടം ചുണ്ടൻ നാലാം സ്ഥാനവും നേടി.

ചുണ്ടൻ വള്ളങ്ങളുടെ ലൂസേഴ്സ് ഫൈനലിൽ കെ.ജി. ഏബ്രഹാം ക്യാപ്റ്റനായുള്ള നിരണം ബോട്ട് ക്ലബ്ബിന്റെ നിരണം ചുണ്ടൻ ഒന്നാം സ്ഥാനവും രാഹുൽ പ്രകാശ് ക്യാപ്റ്റനായ കുമരകം ഇമ്മാനുവേൽ ബോട്ട് ക്ലബ്ബിന്റെ ആർപ്പൂക്കര ചുണ്ടൻ രണ്ടാം സ്ഥാനവും എം.പി. സന്തോഷ് കുമാർ ക്യാപ്റ്റനായുള്ള എൻബിസി നാട്ടകം ബോട്ട്ക്ലബ്ബിന്റെ ചെറുതന മൂന്നാം സ്ഥാനവും റെനി ഫിലിപ്പോസ് ക്യാപ്റ്റനായ കുമരകം ടൗൺ ബോട്ട് ക്ലബ്ബിന്റെ പുണ്യാളൻ നിരണം നാലാം സ്ഥാനവും നേടി.

മുഖ്യമന്ത്രി വി.ഡി. സതീശൻ വള്ളംകളി മത്സരം ഉദ്ഘാടനം ചെയ്തു. കർണാടക മുഖ്യമന്ത്രി ഡി.കെ. ശിവകുമാർ മുഖ്യാതിഥിയായിരുന്നു.

## കേസുകൾ റദ്ദാക്കിയില്ലെങ്കിൽ വീണ്ടും കോക്രോച്ച് സമരം

ന്യൂഡൽഹി: പ്രക്ഷോഭത്തിനിടെ വിദ്യാർത്ഥികൾക്കെതിരെ എടുത്ത ക്രിമിനൽ കേസുകൾ പിൻവലിക്കുമെന്ന വാഗ്ദാനം കേന്ദ്രസർക്കാർ പാലിക്കുന്നില്ലെങ്കിൽ വീണ്ടും പ്രതിഷേധം തുടങ്ങുമെന്ന് കോക്രോച്ച് ജനതാ പാർട്ടി.

കേസുകളുടെ ഏകീകൃത പട്ടിക നല്കാൻ കേന്ദ്ര സർക്കാരിനോട് സുപ്രീം കോടതി മൂന്നു തവണ ആവശ്യപ്പെട്ടിരുന്നു.

കോടതിയുടെ പ്രത്യേക അധികാരം ഉപയോഗിച്ച് എഫ്ഐആറുകൾ ഒരുമിച്ച് റദ്ദാക്കാൻ വേണ്ടിയായിരുന്നു ഇത്, എന്നാൽ, പട്ടിക നല്കുമെന്ന് കേന്ദ്രം ഉറപ്പ് നല്കിയിട്ടില്ലെന്നു സിജെപി ആരോപിച്ചു.

## അദ്ധ്യാപക - വിദ്യാർത്ഥി വാട്സാപ് ഗ്രൂപ്പുകൾക്ക് പെരുമാറ്റച്ചട്ടം

തിരുവനന്തപുരം: കോളജ് അദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർ ഉൾപ്പെടുന്ന വാട്സാപ് ഗ്രൂപ്പുകളിലെ ചർച്ചകൾക്കു പെരുമാറ്റച്ചട്ടം പുറത്തിറക്കി ഡയറക്ടറേറ്റ് ഓഫ് കൊളീജിയേറ്റ് എഡ്യൂക്കേഷൻ. രാഷ്ട്രീയവും മതപരവുമായ ചർച്ചകൾ ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെയാണ് നീക്കം.

കോളജുകളിലെ ഇത്തരം ഗ്രൂപ്പുകൾ വിദ്യാർത്ഥികൾക്കുള്ള അറിയിപ്പുകൾ, നിർദ്ദേശങ്ങൾ എന്നിവ നല്കാനായി മാത്രം ഉപയോഗിക്കണമെന്നും കൊളീജിയറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ എ. ഷിബു പുറത്തിറക്കിയ സർക്കുലറിൽ പറയുന്നു.

ഈ ഗ്രൂപ്പുകളിലെ ചർച്ച അക്കാദമിക് കാര്യങ്ങൾക്കു മാത്രം പരിമിതപ്പെടുത്തണമെന്നും ദുരുപയോഗം തടയുന്നതിന് അഡ്മിൻമാരായി പ്രവർത്തിക്കുന്ന അദ്ധ്യാപകർ ജാഗ്രത പുലർത്തണമെന്നും നിർദ്ദേശമുണ്ട്.


അതേസമയം, ആവിഷ്കാര സ്വാതന്ത്ര്യത്തിന് എതിരുനിൽക്കുന്ന സമീപനമാണ് ഇതെന്നും അദ്ധ്യാപകർക്ക് സ്വാതന്ത്ര്യം നിഷേധിക്കുന്ന ഇത്തരം സർക്കുലറുകൾ അപഹാസ്യമാണെന്നും കോളജ് അദ്ധ്യാപക സംഘടന എകെപിസിടിഎ ആരോപിച്ചു.

## പ്രതിപക്ഷ ഉപനേതൃസ്ഥാനം സിപിഎമ്മിനെന്ന് പിണറായി വിജയൻ

തൃശ്ശൂർ: പ്രതിപക്ഷ ഉപനേതൃസ്ഥാനം സിപിഎമ്മിനല്ലാതെ മറ്റാർക്കുമല്ലെന്ന് അസന്ദിഗ്ധമായി പ്രഖ്യാപിച്ച് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ. അതിലൊരു മാറ്റവുമുണ്ടാകില്ലെന്നും അക്കാര്യം സിപിഐക്ക് ബോധ്യപ്പെടുമെന്നും അദ്ദേഹം പത്രസമ്മേളനത്തിൽ പറഞ്ഞു.

അതേസമയം പിണറായിയുടെ അഭിപ്രായത്തെ 'പദവിക്കും പക്വതയ്ക്കും നിരക്കാത്ത പരാമർശ'മെന്ന് കടുത്തഭാഷയിൽത്തന്നെ സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം വിമർശിച്ചത് അഭിപ്രായഭിന്നത വീണ്ടും രൂക്ഷമാക്കി. "എൽഡിഎഫ് ഉപനേതാവ് എന്നത് എൽഡിഎഫ് നേതാവെന്ന നിലയ്ക്ക് ഞാൻ സ്പീക്കർക്ക് കത്തുകൊടുക്കേണ്ട കാര്യമേയുള്ളൂ. ആ കത്ത് ഞാൻ കൊടുത്തോളാം. സിപിഐക്ക് അതു ബോധ്യപ്പെടും, ഒരു പ്രശ്നവുമില്ല" - പിണറായി പറഞ്ഞു. കത്തിൽ ആരുടെ പേരായിരിക്കുമെന്ന് മാധ്യമപ്രവർത്തകർ എടുത്തു ചോദിച്ചപ്പോഴാണ് "അതിലൊരു സംശയവുമില്ല. സിപിഎം നേതാവിന്റെ പേരായിരിക്കും. അതിലൊരു മാറ്റുമുണ്ടാകില്ല." എന്നദ്ദേഹം തറപ്പിച്ചുപറഞ്ഞത്.

എൽഡിഎഫിലെ രണ്ടാംസ്ഥാനക്കാരായ സിപിഐ തെരഞ്ഞെടുപ്പിൽ ഗണ്യമായ സീറ്റുനേടുകയും സിപിഎമ്മിന്റെ സീറ്റുകളിൽ വൻ ഇടിവുണ്ടാകുകയും ചെയ്തതാണ് ഉപനേതാവ് സ്ഥാനം ചോദിക്കാൻ സിപിഐയെ ധൈര്യപ്പെടുത്തിയത്. വിഷയത്തിൽ മൂന്നുമാസമായിട്ടും തീരുമാനമുണ്ടായിട്ടില്ല. സിപിഐക്ക് വ്യക്തമായ മറുപടി ലഭിച്ചിട്ടുമില്ല. ഈയിടെ ചേർന്ന എൽഡിഎഫ് യോഗത്തിലും വിഷയം അജൻഡയിലുണ്ടായിരുന്നില്ല.


PROSPEROUS
THERAPY
Dr. Elizabeth Nellamattathil
PhD, LPC-TX, LCPC-IL
Offering telehealth therapy for adults in Illinois and Texas.
Our services
• Individual Therapy
• Couples Therapy
• Anxiety & Stress Management
• Depression & Mood Concerns
• Self-Esteem & Confidence
• Life Transitions
• Family Concerns
• Identity Exploration
• Interpersonal Functioning
• And more…
Contact Us
972-433-7211
info@prosperoustherapy.com
ProsperousTherapy.com

# ചിക്കാഗോ മലയാളി അസോസിയേഷൻ നടത്തുന്ന വോളിബോൾ ടൂർണമെന്റിന്റെ കിക്കോഫ് തൊടുപുഴ എം.എൽ.എ.യും കേരള ഗവ. ചീഫ് വിപ്പുമായ അപു ജോൺ ജോസഫ് നിർവ്വഹിച്ചു




**മാത്യു തട്ടാമറ്റം**

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ നേതൃത്വത്തിൽ 2026 സെപ്റ്റംബർ 5-ന് Energy Sports Complex, Bensenville, Illinois വെച്ച് നടത്തപ്പെടുന്ന എൻ.കെ. ലൂക്കോസ് മെമ്മോറിയൽ വോളിബോൾ ടൂർണമെന്റിന്റെ കിക്കോഫ് പ്രൗഢഗംഭീരമായി ചിക്കാഗോ സെന്റ് മേരീസ് ക്നാനായ ചർച്ച് ഓഡിറ്റോറിയത്തിൽ വെച്ച് അപു ജോൺ ജോസഫ് നിർവ്വഹിച്ചു. കേരളത്തിൽ പണ്ട് മലയോരമേഖലകളിൽ മാത്രം ഒതുങ്ങിനിന്ന വോളിബോളിനെ ഏഴാം കടലിനക്കരെ നോർത്ത് അമേരിക്കയിലെ മലയാളികൾ ഇന്നും നെഞ്ചോട് ചേർത്ത് കാത്തുസൂക്ഷിക്കുന്നതിൽ അഭിമാനമുണ്ടെന്ന് അപു ജോൺ ജോസഫ് പറഞ്ഞു.

ടൂർണമെന്റ് കമ്മിറ്റിയുടെ ചെയർമാൻ ജിനു പുന്നശ്ശേരി അദ്ധ്യക്ഷത വഹിച്ച കിക്കോഫ് ചടങ്ങിൽ ചിക്കാഗോ മലയാളി അസോസിയേഷന്റെ ട്രഷറർ അച്ചൻകുഞ്ഞ് മാത്യു സ്വാഗതവും പ്രസിഡന്റ് ജോസ് മണക്കാട്ട് മുഖ്യപ്രഭാഷണവും നടത്തി. വൈസ് പ്രസിഡന്റ്കൊച്ചുമോൻ ചിറയിൽ, സെക്രട്ടറി ബിജു മുണ്ടക്കൽ, ജോയിന്റ് സെക്രട്ടറി സാറാ അനിൽ, ജോയിന്റ് ട്രഷറർ പ്രിൻസ് ഈപ്പൻ എന്നിവർ ഈ പൊതുയോഗത്തിൽ സന്നിഹിതരായിരുന്നു. കൂടാതെ എൻ.കെ. ലൂക്കോസ് നടുപ്പറമ്പിൽ സ്പോർട്സ് ഫൗണ്ടേഷനു വേണ്ടി വൈസ് പ്രസിഡന്റ് പയസ് ആലപ്പാട്ട് മുഖ്യപ്രഭാഷണം നടത്തി. ഫൗണ്ടേഷന്റെ തുടക്കം മുതലുള്ള സജീവ പ്രവർത്തകരായ അലക്സ് കൊച്ചുപുര, സിബി കദളിമറ്റം, ജെസ്സ്മോൻ പുറമഠം, പീറ്റർ കുളങ്ങര, സിറിയക് കൂവക്കാട്ടിൽ, മുൻ ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡന്റ് സണ്ണി വള്ളിക്കുളം, സെന്റ് മേരീസ് പള്ളി വികാരി ഷിജു മുടക്കോടിയിൽ, ചിക്കാഗോ സോഷ്യൽ ക്ലബ്ബ് പ്രസിഡന്റ് റൊണാൾഡ് പൂക്കുമ്പേൽ, ഫ്രാൻസിസ് കിഴക്കേക്കുറ്റ്, പോൾ പീറ്റർ, ഷിബു കുളങ്ങര, അഗസ്റ്റിൻ ആലപ്പാട്ട്, ജോർജ് പണിക്കർ, സതീശൻ നായർ, ജോൺസൺ കണ്ണൂക്കാടൻ, പ്രവീൺ തോമസ്, കൈരളി ലയൺസ് പ്രസിഡന്റ് സാജൻ തോമസ്, മുഖ്യ വോളിബോൾ കളിക്കാരൻ റിന്റു ഫിലിപ്പ്, ടോണി സംഘാര എന്നിവർ ആശംസകൾ അർപ്പിച്ചു. ടൂർണമെന്റിന്റെ ഫ്ളയർ പ്രകാശനം ടൂർണമെന്റ് കൺവീനർ ജോഷി പൂത്തുരാനിൽ നിന്ന് അപു ജോൺ ജോസഫ് സ്വീകരിച്ച് നിർവ്വഹിച്ചു. ജനറൽ കൺവീനർ മാത്യു തട്ടാമറ്റം നന്ദിയും അറിയിച്ചു.







**For More Information :**

Jose Manakatte- +1 (847) 830-4128
Jinu Punnassery- +1 (224) 276-0163
Mathew Thattamattom- +1 (773) 317-3444
Sibi Kadalimattom- +1 (847) 338-8265
Pius Alappattu - +1 (847) 828-5082
Joshy Puthooran- +1 (630) 544-7780



















Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**